# പ്രകാശിക

ഒന്നാംഭാഗം

CALICUT

എം. വാസുദേവനുണ്ണിത്താൻ.

84
335

# PRAKASIKA

## A TEXT BOOK ON GRAMMAR & COMPOSITION

### *PART I*

For Middle School Classes.

BY
**M. VASUDEVAN UNNITHAN,**
*Senior Malayalam Pundit,*
*Sirkar High School, Peringottukara.*

# പ്രകാശിക

## ഒന്നാംഭാഗം

എം. വാസുദേവനുണ്ണിത്താൻ,
സീനിയർ മലയാളം പണ്ഡിററ്,
സർക്കാർ ഹൈസ്കൂൾ, പെരിങ്ങോട്ടുകര.

FIRST EDITION.

**CALICUT**
**THE DECCAN PUBLISHING HOUSE.**

*Price 9* ]  **1938**  [ *Rights Reserved.*

# പീഠിക.

മനുഷ്യൻെറ അന്തരംഗത്തിൽ അനേകം വിചാരങ്ങൾ വന്നും പോയും കൊണ്ടിരിക്കുന്നു. പശു, പൂച്ച തുടങ്ങിയ നമ്മുടെ വീട്ടുജന്തുക്കൾ അവയുടെ ഉള്ളിലെ അനുഭവങ്ങളെ ഓരോ തരം ശബ്ദങ്ങളാലും, ചേഷ്ടകളാലുമാണല്ലോ പ്രകാശിപ്പിക്കുന്നതു്. മനുഷ്യൻ മൃഗജാതിയിൽനിന്നു ഭിന്നിച്ചവനാണു്. അവൻെറ സാമുദായികമായ ഹൃദയഗതി കുറെക്കൂടി വികാസമേറിയതാകുന്നു. കേവലം മൃഗങ്ങളുടെ മാതിരി, തൻെറ ഇംഗിതങ്ങളെ ആംഗ്യങ്ങളെക്കൊണ്ടും, ശബ്ദങ്ങളെക്കൊണ്ടും പ്രകടിപ്പിക്കുക മനുഷ്യനു സാധ്യമാണു്. എങ്കിലും, അവൻ അതുകൊണ്ടു മാത്രം കൃതാൎത്ഥനാകുന്നില്ല. വിചാരങ്ങളെ അന്യോന്യം വിനിമയം ചെയ്യുക മനുഷ്യരുടെ സുഖജീവിതത്തിനു കൂടിയേ തീരു. അതിലേക്കു, ബുദ്ധിവികാസത്തിൻെറ പ്രേരണയിൽ, അവർ തമ്മിൽ തമ്മിൽ മനസ്സിലാക്കുന്ന ചില ശബ്ദങ്ങൾ ഉച്ചരിക്കുവാൻ ശീലിച്ചു. ആ അൎത്ഥവത്തായ ശബ്ദസമൂഹമത്രെ ഭാഷ.

ശബ്ദങ്ങളെ, പൊതുവിൽ അംഗീകരിക്കപ്പെട്ടുന്ന അൎത്ഥവിശേഷത്തിൽ, ആശയപ്രകാശനത്തിനായി ഉച്ചരിച്ചുതുടങ്ങിയപ്പോൾ മനുഷ്യവൎഗ്ഗം സംസാരിക്കുവാൻ പഠിച്ചു. പിന്നീടുണ്ടായ പുരോഗതിയാണു്

അതിനെ, ചില ചിഹ്നങ്ങരം കണ്ടുപിടിച്ചു ലേഖന രൂപത്തിൽ പകൎത്തിയതു്. അപ്പോരം മനുഷ്യനുച്ചരിക്കുന്നതെല്ലാം അവനു എഴുതുവാനും സാധിക്കുമെന്നായി. ഭാഷക്കു രണ്ടു പിരിവുകളുണ്ടു്. സംസാരിക്കുന്നതാദ്യത്തേതു്; അതിനു് വാമൊഴിയെന്നു പറയും. എഴുതുന്നതാണു് പിന്നത്തേതു്; അതിനു വരമൊഴിയെന്നാണു് പേർ.

# മുഖവുര.

വിദ്യാഭ്യാസ വിഷയത്തിൽ ഗവൎമ്മെണ്ടിന്റെ ശ്രദ്ധ നിശിതമായതോടുകൂടി, ആംഗലവിദ്യാശാലകളിൽ മാതൃഭാഷക്കുണ്ടായിരുന്ന സ്ഥാനത്തിനു ഒരു തെളിവും മികവുമൊക്കെ സിദ്ധിക്കയുണ്ടായി. ‘തലമറന്നെണ്ണ തേക്കുക’ എന്ന സമ്പ്രദായം, ശരീരത്തിന്റെ സൌഭാഗ്യത്തിനു കൊള്ളുന്നതല്ലെന്നു ജനതയുടെ ഇടയിലും ഒരു ഉറച്ച പരിബോധം പരന്നുകൂടി. എന്നാലും, ഇന്നു ഭാഷാഭ്യസനത്തിന്, അതു് അൎഹിക്കുന്നേടത്തോളം പ്രയോജനമഹിമ കൈവരുന്നുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ആശയങ്ങളെ അററകുററമേല്ലാതെ പ്രകാശിപ്പിക്കുകയും, യുക്തിയുടെ അഭേദ്യതയിൽ സ്വാഭിപ്രായങ്ങളെ സമൎത്ഥിക്കയും ചെയ്വാൻ കഴിയാത്തവനു ഭാഷാപരിശീലനത്തിന്റെ ഫലം ഉണ്ടാകുന്നുവെന്നു പറഞ്ഞുകൂട. മലയാളം സംസാരഭാഷയല്ലേ എന്ന നിനവു് ലേഖനിയെ സംബന്ധിച്ചെടത്തോളം തികച്ചും ഒരു അബദ്ധധാരണ മാത്രമാണു്. ഭാഷകൊണ്ടു കൈകാൎയ്യം ചെയ്യുന്നതിനുള്ള സാമൎത്ഥ്യത്തിന്റെ ഉദിപ്പ് ഏതാനും ചില വ്യാകരണ കാൎയ്യങ്ങളുടേയും, പ്രയോഗനീതികളുടേയും മററും പരിചയത്തെയാണു് ആശ്രയിച്ചു നില്ക്കുന്നതു്. ഭാഷാശാസ്ത്രത്തിലെ ആവക സിദ്ധാന്തങ്ങളെ, ആംഗലകലാശാലകളിലെ വിദ്യാൎത്ഥികളുടെ തരവും നിലയും

നോക്കി ക്രോഡീകരിച്ചിട്ടുള്ളവയാണ് "പ്രകാശിക" ഒന്നും രണ്ടും ഭാഗങ്ങൾ. ശാസ്ത്രത്തിന്റെ നീരസത യോടുണ്ടാകുന്ന വിദ്യാർത്ഥികളുടെ വെറുപ്പിനെ പരിഹരിക്കേണമെന്നു കരുതി പ്രതിപാദനത്തിലും, ദൃഷ്ടാന്തനിബന്ധനത്തിലും വൈചിത്ര്യവും, ആകർഷകത്വവും വരുത്തുന്നതിനു ആവുന്നത്ര മനസ്സിരുത്തിയിട്ടുണ്ട്. വ്യാകരണവിജ്ഞാനത്തിലും, ഗദ്യരചനാ പാടവത്തിലും എന്ന മാതിരി സാഹിത്യരസത്തിന്റെ പേരിലും ഈ ഗ്രന്ഥങ്ങൾ വിദ്യാർത്ഥികൾക്കു പ്രയോജകീഭവിക്കുമെന്നാണ് എന്റെ പ്രതീക്ഷ.

7-12-'113.
പെരിങ്ങോട്ടുകര.

ഗ്രന്ഥകർത്താ.

# വിഷയവിവരം.


| അദ്ധ്യായം. | | പേജ്. |
|---|---|---|
| ൧. | വാക്യം — ആഖ്യയും ആഖ്യാതവും | 1 |
| ൨. | ശബ്ദവിഭജനം — വാചകം, ദ്യോതകം. | 7 |
| ൩. | വാക്യവിഭാഗം — പൂൎണ്ണിക, സംക്ഷിപ്ത വാക്യം. | 12 |
| ൪. | നാമവിഭാഗം—ദ്രവ്യനാമം, ഗുണനാമം, ക്രിയാനാമം. | 18 |
| ൫. | സംയുക്തപദവും വിഗ്രഹവും. | 21 |
| ൬. | കൃതിവിഭാഗം — സകൎമ്മകം, അകൎമ്മകം, നിഗീൎണ്ണകൎത്തൃകം. | 25 |
| ൭. | ഭേദകം — നാമവിശേഷണം, ക്രിയാ വിശേഷണം ഭേദകവിശേഷണം | 30 |
| ൮. | അപഗ്രഥനം, — അപഗ്രഥനരീതി അദ്ധ്യാഹാരം. | 37 |
| ൯. | ദ്യോതകം — ഘടകം, വ്യാക്ഷേപകം. | 43 |
| ൧൦. | കൃതിവിഭാഗം — കേവലപ്രകൃതി, പ്രയോജകപ്രകൃതി. | 55 |
| ൧൧. | ദ്രവ്യനാമഭേദങ്ങൾ — സംജ്ഞാനാമം, സാമാന്യനാമം, മേയനാമം, സൎവ്വനാമം. | 57 |
| ൧൨. | വാക്യഭേദങ്ങൾ — പ്രസ്താവന, ചോദ്യം, വിധി, നിഷേധം. | 64 |

| അദ്ധ്യായം. | | പേജ്. |
|---|---|---|
| ൧൩. | കൃതിവിഭാഗം, — മുററുവിന, പററുവിന, പേരെച്ചം, വിനയെച്ചം. | 71 |
| ൧൪. | വാക്യഭംഗി. . . . . | 75 |
| ൧൫. | കാലം — ഭൂതം, വൎത്തമാനം, ഭാവി. | 81 |
| ൧൬. | വാക്യഭേദങ്ങൾ. . . . . | 86 |
| ൧൭. | ലിംഗം — പുല്ലിംഗം, സ്ത്രീലിംഗം, നപുംസകലിംഗം. | 92 |
| ൧൮. | വചനം — സലിംഗാലിംഗപൂജാത്മക ബഹുവചനങ്ങൾ. | 97 |
| ൧൯. | അക്ഷരമാല. . . . . | 104 |
| ൨൦. | അനുപ്രയോഗം. . . . . | 111 |
| ൨൧. | വിഭക്തി. . . . . | 116 |
| ൨൨. | വാക്യവിഭാഗം — സങ്കീൎണ്ണകവാക്യം, മഹാവാക്യം. | 122 |
| ൨൩. | കത്തു്. . . . . | 130 |

# പ്രകാശിക.

## ഒന്നാം ഭാഗം.

### ഒന്നാമദ്ധ്യായം.

### വാക്യം — ആഖ്യയും ആഖ്യാതവും.

൧. ഈശ്വരൻ, കുയിൽ, രക്ഷിക്കുന്നു, പാടുന്നു— ഇവയിൽ ഓരോ ശബ്ദത്തിനും അൎത്ഥമുണ്ടു്. അൎത്ഥമുള്ള ശബ്ദങ്ങളെ പദങ്ങൾ എന്നു പറയുന്നു. നാം മനോഗതങ്ങളെ അൎത്ഥമുള്ള ശബ്ദങ്ങൾ, പദങ്ങൾ, ഉച്ചരിച്ചാണു് പ്രകാശിപ്പിക്കുന്നതു്. ഈശ്വരൻ നമ്മെ രക്ഷിക്കുന്നു, കുയിൽ പാടുന്നു എന്നിങ്ങനെ

പദങ്ങൾ ചേൎത്തു പറയുമ്പോൾ, പറയുന്നവൻെറ വിചാരം വെളിപ്പെടുന്നു.

ഞാൻ പഠിക്കാതിരിക്കയില്ല.

നിലാവു് ആഹ്ലാദത്തെ ജനിപ്പിക്കുന്നു.

ഈ പദസംഘടനകളും ഓരോ വിചാരത്തെ വ്യക്തമാക്കുന്നു. ഈ മാതിരി വിചാരത്തെ വ്യക്തമാക്കുന്ന പദങ്ങളുടെ സമൂഹത്തിനു വാക്യം എന്നാണു് പേരു്. ഒരു വാക്യത്തിൽ ഇത്ര പദമേ ഉണ്ടായിരിക്കാവൂ എന്നു നിയമമില്ല. ഞാൻ പഠിക്കാതിരിക്കയില്ല എന്ന വാക്യത്തിൽ രണ്ടു പദങ്ങളുണ്ടു്. അടുത്തതിലാകട്ടെ, മൂന്നു പദങ്ങളാണു് നാം കാണുന്നതു്. ശില്പവിദ്യക്കു കേരളത്തിൽ പണ്ടു വളരെ പ്രചാരമുണ്ടായിരുന്നു—ഇതിൽ ആറു പദങ്ങളുണ്ടല്ലോ.

൨. കുയിൽ പാടുന്നുവെന്ന വാക്യത്തിൽ പറയുന്നതു കുയിലിനെ കുറിച്ചാണു്. എന്തു പറയുന്നു? പറയുന്ന സംഗതി പാടുന്നുവെന്നുള്ളതാണു്. ഇങ്ങനെ വാക്യങ്ങളിൽ രണ്ടു ഭാഗങ്ങൾ ഉണ്ടാകും. ആരെ അല്ലെങ്കിൽ എന്തിനെകുറിച്ചു പറയുന്നു, പറയുന്നതു് എന്തൊരു സംഗതിയാണു്—ഈ രണ്ടിൽ ആദ്യത്തെ ഭാഗത്തിനു് ആഖ്യ എന്നും, രണ്ടാമത്തെ ഭാഗത്തിനു് ആഖ്യാതമെന്നുമാണു് സംജ്ഞകൾ. വാക്യത്തിൽ പ്രസ്താവിക്കുന്നതു് എന്തിനെപററിയോ, അതു് ആഖ്യ; പ്രസ്താവനയെന്തോ, അതു് ആഖ്യാതം.

ദൃഷ്ടാന്തവാക്യത്തിൽ കുയിൽ എന്നതു് ആഖ്യയും, പാടുന്നുവെന്നതു് ആഖ്യാതവുമാണു്. ആഖ്യക്കും ആഖ്യാതത്തിനും വേറെ ഉദാഹരണം:

| ആഖ്യ. | ആഖ്യാതം. |
| --- | --- |
| വെളിച്ചം | സസ്യങ്ങൾ വളരുവാൻ ആവശ്യമാണു്. |
| രാവും പകലും | കാലത്തിൻെറ രണ്ടു ദളങ്ങൾ മാത്രം. |
| ആശ | മനുഷ്യനാവശ്യമത്രെ. |

ആരു് അല്ലെങ്കിൽ എന്തു് എന്നൊരു ചോദ്യം ആഖ്യാതത്തിനു മുമ്പിൽ വെച്ചുകൊടുത്താൽ മതി, ആഖ്യ ആ ചോദ്യത്തിനുള്ള ഉത്തരമായി പ്രത്യക്ഷപ്പെടും.

വാക്യത്തിലെ ആദിമപദം എല്ലായിടത്തും ആഖ്യയാകണമെന്നില്ല. അതു പുറകിലും സ്ഥാനം പിടിക്കും. താഴെ എഴുതിയിട്ടുള്ള വാക്യങ്ങൾ പരിശോധിക്കുക.

(ക) യുദ്ധത്തിൽ രാവണനെ രാമൻ കൊന്നു.

ആരു് രാവണനെ കൊന്നു? രാമൻ (ആഖ്യ)

(ഖ) ഭംഗിയുള്ളതാണ് നിലാവുള്ള രാത്രി.

എന്താണ് ഭംഗിയുള്ളതു് ? നിലാവുള്ള രാത്രി (ആഖ്യ)

൩. ചിലപ്പോഠം ആഖ്യയോ ആഖ്യാതമോ ഒരു വാക്യത്തിൽ ലോപിച്ചുപോയേക്കും. നോക്കുക :

(ക) തിന്നതു മറക്കരുതു്. (നിങ്ങഠം എന്ന ആഖ്യ ലോപിച്ചിരിക്കുന്നു.)

(ഖ) ഒന്നിരുന്നു വിശ്രമിക്കട്ടെ. (ഞാൻ എന്ന ആഖ്യ ലോപിച്ചിരിക്കുന്നു).

(ഗ) ഈശ്വരൻ സവ്വത്തിനും സാക്ഷി. (ആകുന്നു വെന്ന ആഖ്യാതം ലോപിച്ചിരിക്കുന്നു.

(ഘ) ബുദ്ധിയില്ലാത്തവനു ധനം കൊണ്ടെന്തു പുണ്യം ? } (ഉണ്ടാകും എന്ന ആഖ്യാതം ലോപിച്ചിരിക്കുന്നു.

൪. വിചാരത്തെ പൂണ്ണമായി പ്രകാശിപ്പിച്ചു കഴിയുമ്പോഠം ഒരു വാക്യം അവസാനിക്കുന്നു. വാക്യം നിശ്ശേഷം അവസാനിച്ചതിനെ ചൂണ്ടികാണിക്കുവാൻ '.' ഇങ്ങിനെ ഒരു ചിഹ്നം ഇടാറുണ്ട്. ഇതിനു ബിന്ദു അല്ലെങ്കിൽ പൂണ്ണവിരാമം എന്നാണ് പേർ. മുകളിൽ കാണിച്ചിട്ടുള്ള എല്ലാ വാക്യങ്ങളുടേയും അന്ത്യത്തിൽ ബിന്ദു ഇട്ടിട്ടില്ലയോ എന്നു കണ്ടറിയുക.

# പരിശീലനം ൧.

൧. വാക്യരൂപത്തിൽ ഉത്തരമെഴുതുക :—

(ക) ശ്രീരാമൻ അവതരിച്ചതെന്തിന് ?
(ഖ) പുഴവെള്ളത്തിൽ കുളിച്ചുനോക്കിയോ നിങ്ങൾ ?
(ഗ) നബി ഏതു മതമാണ് സ്ഥാപിച്ചത് ?
(ഘ) ബോട്ടിലോ, വഞ്ചിയിലോ ഏതിലാണ് സഞ്ചാരത്തിന്നു സുഖം ?
(ങ) നിങ്ങൾ എന്നാണ് ഇക്കുപ്പായം തുന്നിച്ചത് ?

൨. ഓണക്കാലം, ഹിമവാൻപവ്വതം, പുഷ്പങ്ങൾ — ഇവയിൽ ഒന്നിനെപററി എട്ടു വാക്യമെഴുതുക :—

൩. ആഖ്യയും ആഖ്യാതവും വേർതിരിക്കുക:—

(ക) നളൻ രാജാവായിരുന്നു.
(ഖ) ധമ്മപുത്രർ പാണ്ഡുപുത്രന്മാരിൽ ജ്യേഷ്ഠനാണ്.
(ഗ) രാജാവ് രാജ്യത്തിലെ ആരാണ് ?
(ഘ) പതിവ്രതകളിൽ അഗ്രഗണ്യയാണ് സീത.
(ങ) വസിഷ്ഠൻെറ പത്നി അരുന്ധതിയാകുന്നു.

൪. ആഖ്യയോ ആഖ്യാതമോ ഇല്ലെങ്കിലതു ചേക്കണം :—

(ക) . . . . . . . ജലത്തിലെ ജന്തുവാണ്.
(ഖ) . . . . . . . മധുരമായി പാടുന്നു.

(ഗ) . . . . . അനേകാണ്ടു ജീവിച്ചിരിക്കട്ടെ.
(ഘ) പണ്ഡി . . . . . . . . . . .
(ങ) വനവാസികൾ . . . . . . . .
(ച) കരച്ചൂൻെറ കൃത്യം . . . . . . . .

൭. ആഖ്യയെ സ്ഥാനം മാററി പ്രയോഗി ക്കുക :—

(ക) പുലി ഭയങ്കരമായ ഒരു കാട്ടുജന്തുവാകുന്നു.
(ഖ) ചന്ദ്രൻ ഭൂപ്രദക്ഷിണംചെയ്യുന്ന ഒരു ഗ്രഹമാണ്.
(ഗ) മഴക്കാലം കഴിഞ്ഞാണ് മഞ്ഞുകാലം.
(ഘ) ചില കുട്ടികൾ പെൻസിൽ കടിക്കുന്ന ദുഃസ്വഭാവക്കാരത്രെ.
(ങ) ഓണക്കാലത്തു മുഖ്യം പന്തുകളിയായിരിക്കും.

൮. ബിന്ദു വേണ്ടിടത്തോ എന്നു നിർണ്ണയി ക്കുക :—

ചീന അതിപ്രാചീനമായ ഒരു സാമ്രാജ്യമാണ്. എന്ന് അറിയാത്തവരില്ല അതു് ഐശ്വര്യവും. ജനസമൃദ്ധിയുംകൊണ്ടു് ഇന്നും. പ്രസിദ്ധികേൾക്കുന്നു അവിടെ. ബുദ്ധമതം അനുസരിക്കുന്നവരാണ്. അധികവും ജപ്പാൻഗവ്വത്തിൻെറ മയക്കത്തിലത്രെ. ആ മഹാരാജ്യത്തെ ചെന്നാക്രമിച്ചതു് അമ്പോ. എന്തൊരു ഗവ്വം. ശക്തിയുള്ളവരിൽ !

## രണ്ടാമദ്ധ്യായം.

---

### ശബ്ദവിഭജനം — വാചകം, ദ്യോതകം.

ഉ. ഹംസം ദമയന്തിയെ നീളെ തിരഞ്ഞു.

പാൎത്ഥൻ ഭയപ്പെട്ട ഉത്തരനെ സമാധാനപ്പെടുത്തി.

ഈ വാക്യങ്ങളിൽ ഓരോന്നിലും എത്ര പദങ്ങൾവീതമുണ്ട്? രണ്ടിലും നന്നാലു പദങ്ങളാണ് നാം കാണുന്നതു്. ഇവയെ നമുക്കൊന്നു പരിശോധിക്കേണ്ടിയിരിക്കുന്നു.

ആദ്യവാക്യത്തിലെ 'ഹംസം', 'ദമയന്തി' എന്ന രണ്ടു പദങ്ങൾ ഓരോ വസ്തുവിനെ നിർദ്ദേശിക്കുന്നവയാണ്. തിരയുക എന്ന ഒരു ക്രിയ അൎത്ഥമായിട്ടുള്ള വാക്കാണ് 'തിരഞ്ഞു'വെന്നുള്ളതു്. 'നീളെ' ആ ക്രിയയുടെ സ്വഭാവത്തെ സ്പഷ്ടമാക്കുന്നു. രണ്ടാമത്തെ വാക്യത്തിലെ 'പാൎത്ഥൻ', 'ഉത്തരൻ' എന്നിവ വസ്തുക്കളെ കുറിക്കുന്നവയും, 'സമാധാനപ്പെടുത്തി' എന്നതു് ക്രിയയെ കുറിക്കുന്നതുമാണ്. 'ഭയപ്പെട്ട', ഉത്തരൻ എന്ന വസ്തുവിൻെറ ഗുണത്തെ അല്ലെങ്കിൽ സ്വഭാവത്തെ വെളിവാക്കുന്നു. അപ്പോൾ, ഇരുവാക്യങ്ങളിലും മൂന്നു ജാതി പദങ്ങളാണുള്ളതു്. ഒന്നു,

വസ്തുവിനെ കുറിക്കുന്നതു്. രണ്ടു്, ആ വസ്തുവിൻെറ വ്യാപാരത്തെ കാണിക്കുന്നതു്. മൂന്നു്, വസ്തുവിൻെറയോ വ്യാപാരത്തിൻെറയോ ഗുണത്തെ അല്ലെങ്കിൽ സ്വഭാവത്തെ സ്പഷ്ടമാക്കുന്നതു്. മൂന്നുതരം പദങ്ങളും ഓരോന്നിനെ നേരിട്ടു വചിക്കുന്നവയാണു്. ഒരർത്ഥത്തെ നേരിട്ടുരക്കുന്ന ശബ്ദങ്ങൾക്കു വാചകങ്ങൾ എന്നു പറയാം.

ഉ. ഞാൻ ഓടി; എന്നിട്ടും അവനെ കണ്ടെത്തിയില്ല.

ഗുരുനാഥൻ എന്നെ വടികൊണ്ടടിച്ചു.

മാധവിയും മനോരമയും ചങ്ങാതികളാണു്.

കഷ്ടം, ഞാനതറിഞ്ഞില്ലല്ലോ!

വാചകങ്ങളല്ലാതെ ഈ വാക്യങ്ങളിൽ എത്ര ശബ്ദങ്ങളുണ്ടു്? ഒന്നാമത്തേതിലെ 'ഞാൻ', 'അവനെ' ഇവ രണ്ടും വസ്തുക്കളെ കുറിക്കുന്നവയും, 'കണ്ടെത്തിയില്ല' ക്രിയയെ കുറിക്കുന്നതുമാണു്. അതുകൊണ്ടു് അവ വാചകങ്ങളത്രെ. 'എന്നിട്ടും' എന്ന ശബ്ദം 'ഞാനോടി' എന്നും, 'അവനെ കണ്ടെത്തിയില്ല' എന്നുമുള്ള ഇരുവാക്യങ്ങളുടെ പരസ്പരസംബന്ധത്തെയാണു് ദ്യോതിപ്പിക്കുന്നതു്. മററു വാക്യങ്ങളിലുള്ള വാചകശബ്ദങ്ങൾ നിങ്ങൾതന്നെ പറയണം. രണ്ടാമത്തെ വാക്യത്തിലെ 'കൊണ്ടു', മൂന്നാമത്തേതിലെ 'ഉം', നാലാമത്തേതിലെ 'കഷ്ടം' ഇവ ഇതരപദങ്ങളെ

പോലെ വസ്തു ഗുണക്രിയകളിൽ ഏതെങ്കിലും ഒന്നിനെ പ്രസ്താവിക്കുന്നില്ല ; ഇവ വാചകങ്ങളല്ലെന്നു സ്പഷ്ടം. 'കൊണ്ടു' വടിയെന്നും, അടിച്ചുവെന്നുമുള്ള പദങ്ങളെ അന്യോന്യം സംബന്ധിപ്പിക്കുന്നു. മാധവി, മനോരമ ഈ രണ്ടു വസ്തു വാചകങ്ങൾ 'ചങ്ങാതികളാണ്' എന്ന ആഖ്യാതത്തിൽ സംയോജിക്കുന്നുവെന്നാണ് 'ഉം' നിർദ്ദേശിക്കുന്നതു്. 'കഷ്ടം' എന്നതു വക്താവിന്റെ ഒരു വികാരത്തെ പ്രകാശിപ്പിക്കുന്നു. ഇങ്ങനെ സംബന്ധം മുതലായവയെ ദ്യോതിപ്പിക്കുന്നതിനു് ഉപയോഗിക്കുന്ന ശബ്ദങ്ങൾക്കു് ദ്യോതകം എന്നാണു സംജ്ഞ.

ശബ്ദങ്ങൾ ആകെ രണ്ടുവിധം. **വാചകങ്ങളും ദ്യോതകങ്ങളും.** വാചകങ്ങളുടെ അർത്ഥം വാച്യവും ദ്യോതകങ്ങളുടെ അർത്ഥം ദ്യോത്യവുമാകുന്നു.

൩. വാചകങ്ങളിൽ, വസ്തു തുടങ്ങിയ ഏതെങ്കിലും ഒന്നിന്റെ പേരായിവരുന്ന ശബ്ദത്തിനു **നാമം** എന്നാണു് പേരിട്ടിട്ടുള്ളതു്. ക്രിയ അർത്ഥമായി വരുന്ന ശബ്ദം **കൃതി** ആകുന്നു ; വസ്തുവിന്റേയൊ ക്രിയയുടേയൊ ഗുണമോ സ്വഭാവമോ വിശദമാക്കുന്ന ശബ്ദം **ഭേദക**മാണു്.

സീത ഭയങ്കരമായ വനാന്തരം കണ്ടു ഉറക്കെ

കരഞ്ഞു. എന്നാൽ, വാല്മീകി എന്ന മഹർഷി

ദേവിയെ വാത്സല്യപൂർവ്വം ആശ്വസിപ്പിച്ചു.

———— ഈ അടയാളം നാമത്തെ കാണിക്കുന്നു.

- - - - - ഇതു് ഭേദകത്തെ കാണിക്കുന്നു.

ഇതു് ക്രിയയെ കാണിക്കുന്നു.

ഇതു് ദ്യോതകത്തെ കാണിക്കുന്നു.

---

## പരിശീലനം ൨.

൧. വാചകങ്ങളേയും ദ്യോതകങ്ങളേയും വേർതിരിക്കുക :—

(ക) യൗവനം നശിക്കുന്ന ഒരു വിഭവമാണ്; എങ്കിലും മനുഷ്യർ അതറിയുന്നില്ല.

(ഖ) പെരുതായ ദൗർഭാഗ്യമാണു് ദേവകിക്കുണ്ടായതു്; കാരാഗൃഹത്തിൽ കിടപ്പാനും മക്കളുടെ മരണം കാണ്മാനും സംഗതിവന്നു.

(ഗ) പത്മിനി എന്ന സ്ത്രീ രജപുത്രവംശത്തിന്റെ അഭിമാനത്തെ തടിപ്പിച്ചു.

(ഘ) അയ്യ, സുന്ദരിയാണെന്നാണു് അവളുടെ ഭാവം !

(ങ) മുലകൊടുത്തു, എന്നാലും കുട്ടിയുടെ കരച്ചിൽ മാറിയിട്ടില്ല.

(ച) കൂട്ടകാരിൽനിന്നു ഞാൻ പഠിക്കുന്നു, വിനോദം ആരോഗ്യത്തിനു സഹായമാണെന്ന്.

(ഛ) പണത്തിനുമീതെ പരുന്തു പറക്കയില്ല—ദരിദ്രന്മാർ ധനത്തെപററി പറയുന്നതാണിതു്.

ഛ. നാമം, കൃതി, ഭേദകം ഇവയെ എടുത്തെഴുതുക:—

മകരം കരയുന്ന കുട്ടിയെയെടുത്തു മുററത്തു ലാത്തുകയായിരുന്നു. അപ്പോഴാണ് അമ്മ അങ്ങോട്ടുചെന്നതു്, ചന്ദ്രികയിൽ സുന്ദരമായ രാത്രി. അങ്ങുമിങ്ങും ചില നക്ഷത്രങ്ങൾ നീലവർണ്ണമായ മേൽക്കെട്ടിയിൽ പതിച്ച രത്നങ്ങൾപോലെ മാനത്തു മിന്നിത്തിളങ്ങുന്നുണ്ടു്. കുട്ടി കരച്ചിൽനിർത്തുവാനായി മകരം കൈവിരൽ ചൂണ്ടി, 'നോക്കു്, ഇതാ നക്കത്തെളം' (നക്ഷത്രം) എന്നു പറഞ്ഞതു് അമ്മയുടെ കാതിൽ പതിച്ചു. 'മോളെ, നക്കത്തെളോ, അല്ല, നക്കത്രം, നക്കത്രം' എന്നു അമ്മ മകളുടെ ഉച്ചാരണത്തെ തിരുത്തി. പൊടുന്നനെ ആ തള്ളയുടെ ജാമാതാവു കോലായിൽനിന്നു ഹാസ്യസ്വരത്തിൽ വിളിച്ചുപറഞ്ഞു. 'അയ്യ, അമ്മേം മോളും ഒള്ളകാളെ!' (അമ്മയും മകളും ഒരുപോലെ) 'മകരം, അമ്മ, മകളുടെ ഭർത്താവു—ആർക്കാണിതിൽ അക്ഷരശുദ്ധി?'

# മൂന്നാമദ്ധ്യായം.

## വാക്യവിഭാഗം — ചൂൎണ്ണിക, സംക്ഷിപ്തവാക്യം.

൧. രാധ ഒരു ഗോപികയായിരുന്നു.

കപിലവസ്തു ബുദ്ധദേവന്റെ ജന്മഭൂമിയാണ്.

ഇവയിൽ ഒന്നാമത്തേതു രാധയെകുറിച്ചും, രണ്ടാമത്തേതു കപിലവസ്തുവിനെകുറിച്ചും പ്രസ്താവിക്കുന്നു. ഒന്നിൽ രാധയെപററിയുള്ള ഒരു വിചാരം, മറേറതിൽ കപിലവസ്തുവിനെ പററിയുള്ള ഒരു വിചാരം — ഇങ്ങിനെ വിചാരങ്ങളെ പ്രകാശിപ്പിക്കുന്നതുകൊണ്ടു രണ്ടും വാക്യങ്ങൾതന്നെ. ആദ്യവാക്യത്തിൽ രാധ, ആഖ്യയും, ശേഷമുള്ളതു്, ആഖ്യയെകുറിച്ചു പറയുന്നതാകയാൽ, ആഖ്യാതവുമാണ്. ദ്വിതീയവാക്യത്തിലെ ആഖ്യയും ആഖ്യാതവും ഏതേതാകുന്നു? നിങ്ങൾ തന്നെ നിൎണ്ണയപ്പെടുത്തുക.

ഏതെങ്കിലും ഒരു വിചാരത്തെ മാത്രം വ്യക്തമാക്കുന്ന വാക്യത്തിനു ചൂൎണ്ണിക എന്നാണു പേർ. ചൂൎണ്ണികയിൽ ഒരാഖ്യയും ഒരാഖ്യാതവുമേ ഉണ്ടാകൂ. മുകളിൽ എഴുതിയിട്ടുള്ള വാക്യങ്ങൾ രണ്ടും ചൂൎണ്ണികകളാ

കുന്നു. ചൂൎണ്ണികാവാക്യത്തെ കേവലവാക്യമെന്നും പറയും.

ഒരു രജപുത്രവീരനാണ് ഭീമസിംഹൻ.

ധനുമാസത്തിലെ തിരുവാതിര സ്ത്രീകളുടെ ഒരു വിശേഷദിവസമത്രെ.

ഈ വാക്യങ്ങളും ചൂൎണ്ണികകൾ ദൃഷ്ടാന്തങ്ങളാകുന്നു.

വ. ഒരു വാക്യത്തിൽ ചിലപ്പോൾ ഒന്നിലേറെ ആഖ്യയും, ആഖ്യാതവും ഉണ്ടായിരിക്കും. അപ്പോൾ അതു ചൂൎണ്ണികയല്ല. എന്തുകൊണ്ടെങ്കിൽ, ആഖ്യയും ആഖ്യാതവും ഒന്നിലധികമുള്ള വാക്യം കേവലം ഒരു വിചാരത്തെയല്ല പ്രകാശിപ്പിക്കുന്നതു്.

ലീല പാടിത്തുടങ്ങിയാൽ പത്മിനി ചിരിച്ചു തുടങ്ങും.

നോക്കു, ഈ വാക്യത്തിൽ രണ്ടാഖ്യയും, രണ്ടു് ആഖ്യാതവും ഉണ്ടു്. ലീല, പത്മിനി ഇവ രണ്ടും ആഖ്യകൾ. പാടിത്തുടങ്ങിയാൽ, ചിരിച്ചുതുടങ്ങും ഇവ രണ്ടും ആഖ്യാതങ്ങൾ. ഒരാഖ്യയും ഒരു ആഖ്യാതവുംകൂടിച്ചേൎന്നാൽ ഒരു വിചാരം വെളിപ്പെടും. അപ്പോൾ ഈ വാക്യത്തിൽ രണ്ടു വിചാരങ്ങൾ ഉണ്ടു്. 'ലീല പാടിത്തുടങ്ങിയാൽ' എന്നതു ഒരു വിചാരത്തേയും, 'പത്മിനി ചിരിച്ചുതുടങ്ങും' എന്നതു മറെറാരു വിചാരത്തേയും പ്രകാശിപ്പിക്കുന്നു. ഇങ്ങിനെ ഒന്നിലധികം വിചാരങ്ങൾ അടങ്ങിയ, വാക്യം പിന്നെ എന്തുവാക്യമാണ് ? മുകളിൽ ഒരിടത്തു പഠിക്കാം.

൩. സത്യം പറയണം.

ഈ വാക്യത്തിൽ ആഖ്യയും ആഖ്യാതവും രണ്ടും ഉണ്ടോ എന്നു നോക്കുക. സത്യം പറയണം, ആര് ? —എല്ലാവരുമെന്നോ, നിങ്ങൾ എന്നോ ഏതെങ്കിലും ഒരു പദം അർത്ഥംകൊണ്ടു ഈ വാക്യത്തോടു ചേർന്നു നില്ക്കുന്നുണ്ട്. അതാണ് ഇതിലെ ആഖ്യയെന്നു സ്പഷ്ടം.

വിചാരങ്ങളെ വെളിപ്പെടുത്തുന്നതു സാധാരണയായി പൂർണ്ണമായ വാക്യങ്ങൾവഴിയാണെങ്കിലും, എപ്പോഴും നാമങ്ങിനെയാണു ചെയ്യുന്നതെന്നു പറഞ്ഞുകൂടാ. സംസാരത്തിലും എഴുത്തിലും നാം വാക്യരൂപത്തിന്റെ പൂർണ്ണിമയെ നിഷ്കർഷിക്കുന്നില്ല. ആഖ്യയും ആഖ്യാതവും ചേർന്നതാണു വാക്യം. ഒരു വാക്യത്തിന്റെ രൂപത്തിലല്ലാതെ, ചില പദങ്ങൾ കൂട്ടിച്ചേർത്തോ, ചിലപ്പോൾ ഒരൊററ പദംതന്നെ ഉപയോഗിച്ചോ നാം പലപ്പോഴും ആശയം വ്യക്തമാക്കാറുണ്ട്. അർത്ഥംകൊണ്ടു സിദ്ധിക്കുന്ന അപ്രധാനങ്ങളെയാണ് ഉപേക്ഷിക്കുന്നതു്. ഇതു് അധികവും വാമൊഴിയിലാണ്. മേൽ കാണിച്ച വരമൊഴിയിലും പദലോപം സംഭവിച്ചിരിക്കുന്നതായി നാം കണ്ടല്ലോ.

താഴെയുള്ളതു പരിശോധിക്കുക :—

കുട വാങ്ങുവാൻ പണം ചോദിച്ച മരുമകൻ പോയ ഉടനെ അങ്ങു ഒരാൾ കടന്നുചെന്നു. 'നല്ലൊരു ദിവസം! പുലി പോയപ്പോൾ കടുവ !!' എന്നിങ്ങനെ

കാരണവർ കടക്കാരനെ കണ്ടപ്പോഠം മനസ്സിൽ വിചാരിച്ചു. 'എന്താണിങ്ങനെ പുറപ്പെട്ടതാവൊ ? കാണാറില്ലല്ലോ. ഇരിക്കാം' എന്നു പറഞ്ഞു മൂപ്പർ ആഗതനെ ഒരിടത്തിരുത്തി.

ആഖ്യയും, ആഖ്യാതവും തികഞ്ഞു കാണാത്ത എത്ര വാക്യങ്ങളാണു് ഇതിലുള്ളതു്. ഇതു നല്ലൊരു ദിവസമാകുന്നുവെന്ന വാക്യത്തിന്റെ സംക്ഷിപ്തമായ രൂപമാണു് 'നല്ലൊരു ദിവസം.'

'പുലി പോയി. അപ്പോഠം കടുവ വന്നു' എന്നതിന്റെ ലുപ്തരൂപമാകുന്നു . . . . . .

ഇങ്ങിനെ, 'എന്താണിങ്ങനെ പുറപ്പെട്ടതാവോ ?' (നിങ്ങഠം എന്താണിങ്ങനെ പുറപ്പെട്ടതാവോ) എന്നുതുടങ്ങി ആഖ്യയോ അല്ലെങ്കിൽ ആഖ്യാതമോ, ആഖ്യാതത്തിന്റെ ഒരംഗമോ വിട്ടുപോയിട്ടുള്ളതായി ഇതിൽ വേറെയും വാക്യങ്ങളുണ്ടു്. അവ നിങ്ങഠം കണ്ടുപിടിക്കുക. വാക്യത്തിനു് ഈവിധം അംഗലോപം വരുത്തി അതിനെ ചുരുക്കുന്നപക്ഷം ആ വാക്യത്തിനു സംക്ഷിപ്തവാക്യമെന്നോ, ലുപ്തവാക്യമെന്നോ പറയാം.

## പരിശീലനം ൩.

൧. ചൂൎണ്ണികകളാക്കി എഴുതുക :—

(ക) കാററ ഊതിയപ്പോഠം ഇലകഠം കൊഴിഞ്ഞു വീണു.

(ഖ) ദ്രൗപദി സൈരന്ധ്രിയായെങ്കിൽ അൎജ്ജുനൻ ബൃഹന്നളയുമായി.

(ഗ) തപസ്വിനി ഉൽകൃഷ്ടയാണെന്നു പുരാണ കഥകഠം സമൎത്ഥിക്കുന്നു.

(ഘ) അക്ബർ ഡൽഹി വാണുകൊണ്ടിരുന്ന സന്ദൎഭത്തിൽ അനേകം രജപുത്രന്മാർ അദ്ദേഹത്തിന്റെ സേനയിൽ ഉദ്യോഗസ്ഥരായിരുന്നുവെന്നും, ഹിന്ദുമതത്തോടു ആ മുസ്ലീം ചക്രവൎത്തിക്കു ആദരവുണ്ടായിരുന്നുവെന്നും ചരിത്രം നമ്മെ പഠിപ്പിക്കുന്നു.

(ങ) പുരാണങ്ങഠം നരകത്തെ പററി പറയുന്നതു്, ജനങ്ങളെ ധൎമ്മതല്പരന്മാരാക്കുവാനാണെന്നു സങ്കല്പിക്കുന്നവർ വിചാരശീലന്മാരാണെങ്കിൽ, നിങ്ങളെ ഞാൻ ഒരു വിചാരശീലനല്ലെന്നു കരുതും. പുരാണം ഉപയോഗശൂന്യമായ കള്ളക്കഥയാണെന്നല്ലേ നിങ്ങഠം അഭിപ്രായപ്പെട്ടതു് ?

വ. താഴെ കൊടുത്തിട്ടുള്ള കഥ വായിച്ചു പൂൎണ്ണികാവാക്യങ്ങളിൽ സംഗ്രഹിച്ചെഴുതുക :—

പാതിരാസമയത്തു തെരുവിൽ നടന്നുകൊണ്ടിരുന്ന പോല്ലീസ്സുകാരൻ, സമീപത്തായി ഇരുളടഞ്ഞു കണ്ട ഒരു ചെറുഗൃഹത്തിൽനിന്നു ഇങ്ങിനെ ഒരു ശബ്ദം കേട്ടു. 'കഴുത്തുവെട്ടാദ്യം. കയ്യിൻെറ കാര്യം പിന്നെ. നേരം വെളുക്കാറായതുകൊണ്ടു ആളുകളിപ്പോൾ എത്തിത്തുടങ്ങും.' പരിഭ്രമിച്ചു പോല്ലീസ്സുകാരൻ ചെവി കൊടുത്തുകൊണ്ടു നില്പായി. ഒരു ശബ്ദവും തുടൎന്നു കേട്ടില്ല. അയാൾ ശ്രദ്ധയോടെ ചുററം നോക്കിയെങ്കിലും, ആ നോട്ടത്തിൽ ആരേയും കണ്ടതുമില്ല. പോല്ലീസ്സുകാരൻ ഓടി സ്റ്റേഷനിൽ ചെന്നു, ഇൻസ്പക്ടരെ നിദ്രയിൽനിന്നുണൎത്തി എന്തോ പറഞ്ഞു. രണ്ടു കാൺസ്റ്റബിൾമാരെക്കൂടി സഹായത്തിന്നു കൂട്ടി ഇൻസ്പക്ടർ വേഗത്തിൽ പുറപ്പെട്ടു.

തട്ടിയും തടഞ്ഞും ക്ലേശപൂൎണ്ണമായ വഴി കടന്നു അവർ, ഒരുവിധത്തിൽ മുൻപറഞ്ഞ ഗൃഹത്തിലെത്തി. വാതില്ക്കൽ മുട്ടിയപ്പോൾ വീട്ടുകാരൻ വാതിൽ തുറന്നു. അവൻെറ മുഖത്തു സംഭ്രമമല്ല, പ്രശാന്തിയാണു പ്രത്യക്ഷപ്പെട്ടതു്. മങ്ങിയ വെളിച്ചം ഒരു വിളക്കിൽനിന്നു നാലുപാടും വീണുകൊണ്ടിരുന്ന ആ സ്ഥലം, ഒരു തുന്നൽക്കാരൻെറ പാപ്പിടമായിരുന്നു. അന്വേഷണത്തിൽ, വെട്ടിയ കഴുത്തും, വെട്ടിയ കയ്യുമൊക്കെ ഇൻസ്പക്ടർ ഒരു മേശപ്പുറത്തു കണ്ടു —

ഷ്ല്ലാം, തിരക്കു പിടിച്ചു തുന്നുന്ന ചില കുപ്പായങ്ങളുടേതായിരുന്നു !

൩. സംക്ഷിപ്തവാക്യങ്ങളെ എടുത്തെഴുതുകയും, അവയെ ഓരോ പൂർണ്ണവാക്യത്തിന്റെ രൂപത്തിലാക്കുകയും വേണം.

"നല്ല മാതിരി! പറഞ്ഞതു് മറന്നു, അല്ലേ? രണ്ടാഴ്ചക്കു മുമ്പു് ഇരുപത്തഞ്ചു രൂപ എത്തിക്കാമെന്നു നിങ്ങൾ ഏററു പറഞ്ഞിരുന്നു. കാത്തതു വെറുതെ. ഇനി ഇങ്ങിനെ നില്ക്കുക സാദ്ധ്യമല്ല. നമ്പർ കൊടുക്കാമെന്നാണു വിചാരിക്കുന്നതു്. പറയൂ, തീരുമാനം." ആഗതനിങ്ങനെ ആവശ്യപ്പെട്ടു.

---

## നാലാമദ്ധ്യായം.

---

## നാമവിഭാഗം — ദ്രവ്യനാമം, ഗുണനാമം, ക്രിയാനാമം.

൧. മനുഷ്യൻ ഈശ്വരൻ സൃഷ്ടിച്ചിട്ടുള്ള ജീവികളിൽവെച്ചു ഉത്തമനാണു്.

ഈ വാക്യത്തിൽ മനുഷ്യൻ, ഈശ്വരൻ, ജീവി ഇവ മൂന്നും ഓരോ വസ്തുവിനെ കുറിക്കുന്നു. മൂന്നു പദങ്ങളും വസ്തുക്കളുടെ പേരുകളാണു്. മൂർത്തമോ അമൂർത്തമോ എന്ന ഭേദമില്ലാതെ വിചാരത്തിനു വിഷയ

മായ ഏതും വ്യാകരണശാസ്ത്രത്തിൽ വസ്തുവായിട്ടാണു ഗണിക്കപ്പെടുന്നതു്. ആത്മാവു്, ആകാശം, കാലം, വെയിൽ മുതലായ ശബ്ദങ്ങളും, തന്മൂലം, വസ്തു വാചകങ്ങൾതന്നെ.

വ. ഈശ്വരൻ മനുഷ്യനിലർപ്പിച്ചിട്ടുള്ള ശക്തിയും, മഹിമയും അത്ഭുതാവഹമെന്നേ പറയേണ്ടു.

ശക്തി, മഹിമ — ഈ ശബ്ദങ്ങൾ ഈശ്വരൻ, മനുഷ്യൻ എന്നിവപോലെ വസ്തുക്കളെയല്ല നിർദ്ദേശിക്കുന്നതു്. മനുഷ്യൻ എന്ന വസ്തുവിൽ ഇരിക്കുന്ന ചില ഗുണങ്ങളുടെ സംജ്ഞകളാണവ. ഗുണങ്ങൾ വസ്തുവിൽ വേർതിരിക്കുവാൻ വയ്യാതെ ലയിച്ചിരിക്കുന്നു. എങ്കിലും, അവയെ വസ്തു ഭിന്നങ്ങളായി വ്യവഹാരത്തിൽ സ്വീകരിക്കുന്ന പതിവുണ്ടു്. അതിനാൽ വസ്തുക്കൾക്കു പറയുന്ന പേരുകൾപോലെ ഗുണങ്ങൾക്കും പേരുകളുണ്ടായി.

വെള്ളത്തിനു തണുപ്പുണ്ടു്. ജീവിതം സുഖവും സന്തോഷവുംകൊണ്ടു ആകർഷകമാണു്.

തണുപ്പു വെള്ളത്തിൽ ഏതുനേരത്തും കാണുന്നില്ല. സുഖവും, സന്തോഷവും അതിൻവണ്ണം, എപ്പോഴും ജീവിതത്തിലുണ്ടാകുന്നില്ല. വെള്ളത്തിന്റേയും, ജീവിതത്തിന്റേയും ഓരോ അവസ്ഥയെയത്രെ ഈ ശബ്ദങ്ങൾ സൂചിപ്പിക്കുന്നതു്. വാസ്തവത്തിൽ, അവസ്ഥ ഒരു കാലത്തെ ഗുണംതന്നെയാകുന്നു. ഗുണത്തിന്റെ കൂട്ടത്തിൽ അവസ്ഥകളേയും സ്വീകരിക്കുകയാണു്

വൈയാകരണന്മാരുടെ സമ്പ്രദായം. തണുപ്പ്, ചൂട്, സുഖവും, വ്യസനവും, രോഗവുമെല്ലാം, അവസ്ഥാവാചികളാണെങ്കിലും, ഗുണങ്ങളിൽ ചേൎക്കപ്പെട്ടിരിക്കുന്നു.

൩. ബുദ്ധിപൂൎവ്വമായ വിചാരണയും പരിശോധനയുമാണ് മനുഷ്യനെ ഉൽഗതിയിലെത്തിച്ചുകൊണ്ടിരിക്കുന്നത്.

വിചാരണ, പരിശോധന, ഉൽഗതി ഇവ മുൻകണ്ടപോലെ വസ്തുവിനേയോ, ഗുണത്തിനേയോ കുറിക്കുന്ന ശബ്ദങ്ങളല്ലല്ലോ. ക്രിയകളുടെ പേരുകളാണ് ഓരോന്നും. വിചാരിക്കുക എന്ന ക്രിയയുടെ പേരാകുന്നു വിചാരണ. പരിശോധനയും, ഉൽഗതിയും യഥാക്രമം പരിശോധിക്കുക, ഉൽഗമിക്കുക എന്ന ക്രിയകളുടെ പേരുകൾ.

൪. വസ്തുവിൻേറയോ (ദ്രവ്യത്തിൻെറ) ഗുണത്തിൻേറയോ ക്രിയയുടേയോ പേരായി, ഇക്കണ്ടതുപോലെ, ഇനിയും നിരവധി ശബ്ദങ്ങളുണ്ട്. ഇവയെല്ലാം പൊതുവേ നാമമെന്നു സംജ്ഞ നൽകപ്പെട്ടിരിക്കുന്നു.

നാമത്തെ മൂന്നായി വിഭജിക്കാം. ഒരു വസ്തുവിനുള്ള അല്ലെങ്കിൽ ദ്രവ്യത്തിനുള്ള പേരായി വരുന്ന ശബ്ദം **ദ്രവ്യനാമം**. ഗുണത്തിൻെറ പേരായ **ഗുണനാമം**. ക്രിയയുടെ പേരായതു് **ക്രിയാനാമം** അല്ലെങ്കിൽ **കൃന്നാമം**.

വേറെ ഉദാഹരണം :—

(ക) ഊണും ഉറക്കവും ആരോഗ്യത്തിനു് ഒഴിക്കാവതല്ല.

(ഖ) രജപുത്രസ്ത്രീകൾ സൗന്ദര്യവും പാതിവ്രത്യവും കൊണ്ടു പുകഴ്ന്നവരത്രെ.

(ഗ) വാത്സല്യം നിമിത്തം അച്ഛനെ മരണശയ്യയിൽ കണ്ടു മകനു് വിഷാദവും പരിഭ്രമവുമുണ്ടായി.

ദ്രവ്യനാമം. ഗുണനാമം.

ക്രിയാനാമം.

---

## പരിശീലനം ൪.

൧. ദ്രവ്യനാമങ്ങൾ എടുത്തെഴുതുക :—

പുഷ്പങ്ങളിൽവെച്ചു പ്രസിദ്ധിയേറിയതാണു താമര. വെള്ളത്തിലും, കരയിലും പുഷ്പങ്ങളുണ്ടാകും. താമര ജലപുഷ്പങ്ങളുടെ വർഗ്ഗത്തിൽ പെടുന്നു. പ്രഭാതത്തിൽ അതു വിടരുകയും, സൂര്യൻ അസ്തമിക്കുന്നതി

നോടൊപ്പം കൂമ്പുകയും ചെയ്യുമെന്നാണു കവികളുടെ സങ്കല്പം. അതുകൊണ്ടു അവർ അതിനെ സൂര്യന്റെ കാമിനിയായി വർണ്ണിക്കാറുണ്ടു്. താമരപ്പൂവു് ആരാധനക്കു ക്ഷേത്രങ്ങളിൽ ഉപയോഗിച്ചുവരുന്നു.

൨. ഗുണനാമം ചേർത്തു വാക്യം പൂർണ്ണമാക്കുക :—

(ക) . . . . പെൺകുട്ടികൾക്കു ആഭരണത്തേക്കാൾ ആവശ്യമത്രെ.

(ഖ) ജീവിതത്തിൽ . . . . . . . . ഉണ്ടാകുന്നതു് എല്ലാവരുടേയും അനുഭവമല്ലേ ?

(ഗ) മുഖത്തിന്റെ. . . . . വാക്കിന്റെ . . . ., മനസ്സിന്റെ . . . . ഇവയാണു് വാസ്തവത്തിൽ ഒരുവനെ സുന്ദരനാക്കുന്നതു്.

(ഘ) തലമുടി നല്ലതെന്നു പറയണമെങ്കിൽ . . . . . . . . . . . . . അതിനു കൂടിയേ തീരൂ.

(ങ) മോരിന്റെ . . . ., പായസത്തിന്റെ . . . ., ഉള്ളിയുടെ . . . . ഇവ ചിലക്കിഷ്ടമില്ല.

൩. അതാതു കൃതികളിൽനിന്നുണ്ടാകുന്ന നാമരൂപങ്ങൾ കാണിക്കുക :—

നീന്തുന്നു ; കിടക്കുന്നു ; അലക്കുന്നു ; അലറി ; ഉരസും ; ഓടട്ടെ ; വായിക്കാം ; എഴുതുന്നു ; സംസാരിച്ചു ; നിർമ്മിക്കുന്നു ; പ്രയോഗിക്കുന്നു ; ജയിക്കണം ; വീഴും.

# അഞ്ചാമദ്ധ്യായം.

## സംയുക്തപദവും വിഗ്രഹവും.

൧. മൃഗജാതി, പ്രാസാദശൃംഗം, രത്നവിരചിതം, ശില്പകലാസാമർത്ഥ്യം ഈ മാതിരി രണ്ടും, മൂന്നും ചിലപ്പോൾ അതിലധികവും പദങ്ങളെ ഒരുമിച്ചുചേൎത്തു പ്രയോഗിക്കാറുണ്ടു്. മൃഗങ്ങളുടെ ജാതി— മൃഗജാതി; പ്രാസാദത്തിൻെറ (മാളികയുടെ) ശൃംഗം (മേൽഭാഗം) — പ്രാസാദശൃംഗം; രത്നത്താൽ വിരചിതമായിട്ടുള്ളതു് (വിരചിക്കപ്പെട്ടതു്) — രത്നവിരചിതം; ശില്പമാകുന്ന കലയിൽ (വിദ്യയിൽ) ഉള്ള സാമർത്ഥ്യം — ശില്പകലാസാമർത്ഥ്യം ഈവിധമാണല്ലോ നിങ്ങൾ അവസ്ഥത്ഥം ധരിക്കുന്നതു്.

൨. ഒന്നിലധികം പദങ്ങൾ കൂടിചേൎന്നുള്ള ഒററപ്പദത്തിനു **സംയുക്തപദം** എന്നും **സമസ്തപദം** എന്നും പേർ പറയും. ശില്പമാകുന്ന കലയിലുള്ള സാമർത്ഥ്യം, ശില്പകലാസാമർത്ഥ്യം എന്നതുപോലെ, സംയുക്തപദത്തിലടങ്ങിയ ഓരോ പദത്തേയും വേർതിരിച്ച് അവയുടെ അന്യോന്യബന്ധത്തെ വിശദീകരിക്കുന്നതു് അർത്ഥബോധത്തിനു വേണ്ടിയാണു്. ഒരു കൂട്ടുപദത്തിനെ, അംഗങ്ങളായ പദങ്ങളെ പിരിച്ചു വാചകരൂപത്തിലാക്കിയാൽ അതു വിഗ്രഹ

മാകുന്നു. 'പ്രാസാദശൃംഗ'ത്തെ മാളികയുടെ മേൽഭാഗമെന്നോ, 'ശില്പകലാസാമർത്ഥ്യ'ത്തെ ശില്പവിദ്യയിലുള്ള മിടുക്കെന്നോ പ്രസ്താവിക്കുന്നതു വിഗ്രഹമാകുന്നതല്ല.

ന. വിഗ്രഹിച്ചുവേണം സംയുക്തപദങ്ങളുടെ അർത്ഥം ധരിക്കുവാൻ. മാളികയുടെ മേൽഭാഗം എന്നു മാത്രമാണ് പ്രാസാദശൃംഗത്തിനു ഒരു വിദ്യാർത്ഥി അർത്ഥം പഠിച്ചിട്ടുള്ളതെങ്കിൽ, മറെറാരിടത്തു പർവ്വതശൃംഗമെന്നോ പ്രാസാദവൃന്ദമെന്നോ കാണുമ്പോൾ, ശൃംഗപ്രാസാദങ്ങൾ പ്രത്യേകം പരിചയപ്പെടായ്ക നിമിത്തം, സ്വയമേവ അർത്ഥം ഗ്രഹിപ്പാൻ അശക്തനായേക്കും. നീണ്ട സംയുക്തപദങ്ങളിൽ ഈ അശക്തത അധികമായിട്ടിരിക്കും. പദങ്ങൾ വെവ്വേറെ പഠിക്കുന്നപക്ഷം, അവയെ വാക്യത്തിൽ സ്വന്തമായി ഉപയോഗിപ്പാനും എളുപ്പമുണ്ട്. പദജ്ഞാനത്തിനും, പദപ്രയോഗപരിചയത്തിനും എപ്പോഴും വിഗ്രഹത്തോടുകൂടി സംയുക്തപദങ്ങളുടെ അർത്ഥം ഗ്രഹിക്കുകയാണു ഭേദം.

മുൻകാണിച്ച ഉദാഹരണങ്ങൾ സംസ്കൃതപദങ്ങളുടെ സംയോഗങ്ങളാണ്. ഭാഷാപദങ്ങളേയും സംയോജിപ്പിച്ചു പ്രയോഗിക്കും.

| പദം. | വിഗ്രഹം. |
| --- | --- |
| താമരക്കണ്ണി | താമരപോലെയുള്ള കണ്ണുള്ളവൾ |
| കൈവരിക | കൈയിൽ വരിക |
| വയറുകടി | വയററിലെ കടി |
| മുപ്പാരു | മൂന്നു ചാരു |
| കൈകാലുകൾ | കൈകളും കാലുകളും |

## പരിശീലനം ൬.

൧. വിഗ്രഹമെഴുതുക :—

ജ്യേഷ്ഠാനുജന്മാർ ; മുല്ലപ്പൂമണം ; കാർമേഘനിര ; അംബുജബന്ധു ; ലോകൈകവീരൻ ; യുദ്ധസാമർത്ഥ്യം ; കുരുപാണ്ഡവമത്സരം ; അഗാധസ്ഥലം ; ദീനദയാലു ; പ്രജാസംരക്ഷണതല്പരൻ.

---

## ആറാമദ്ധ്യായം.

---

## കൃതിവിഭാഗം.

### സകർമ്മകം, അകർമ്മകം, നിഗീർണ്ണകർത്തൃകം.

൧. ഒരു നാമത്തിൻെറ വ്യാപാരത്തെ അർത്ഥം കൊണ്ടു വെളിവാക്കുന്ന പദങ്ങളാണ് കൃതികൾ.

വ്യാപാരം രണ്ടുവിധത്തിലാകാം. ഏതെങ്കിലും ഒന്നു ചെയ്യുന്ന തരത്തിലും, ഏതെങ്കിലും ഒരു മട്ടു ഇരിക്കുന്ന തരത്തിലും. കൃതികൾക്കു ക്രിയകൾ എന്നും പറയാറുണ്ട്.

ആന കരിമ്പു ഒടിച്ചു. വസുമതി പുസ്തകം വായിക്കുന്നു. ഈ വാക്യങ്ങളിലെ 'ഒടിച്ചു', 'വായിക്കുന്നു' എന്ന ശബ്ദങ്ങൾ യഥാക്രമം ആനയുടേയും, വസുമതിയുടേയും ഓരോ പ്രവൃത്തികളെയാണ് കുറിക്കുന്നതു്. അതുകൊണ്ടവ കൃതികളാണ്. ദീനം സുഖപ്പെട്ടു, നക്ഷത്രം തിളങ്ങി, അമ്മിണി കുളിച്ചു, ഉണ്ണി ഉറങ്ങുന്നു എന്നീ വാക്യങ്ങളിലെ സുഖപ്പെട്ടു, തിളങ്ങി, കുളിച്ചു, ഉറങ്ങുന്നു എന്നുള്ള പദങ്ങൾ, നാമം ഇന്നവിധത്തിലിരിക്കുന്നുവെന്നു നിർദ്ദേശിക്കുന്നവയാണ്. അതുകൊണ്ടു് അവയും കൃതികളാകുന്നു.

ബിന്ദുവിൻെറ അനുജത്തിയാണ് സുധ. രാവണനു് പത്തു തലയുണ്ടു്.

വ. പ്രവൃത്തിയെ കാണിക്കുന്ന കൃതികൾ, രണ്ടു വസ്തുക്കളുടെ സാഹചര്യത്തോടുകൂടിയിരിക്കുന്നു. ഒന്നു്, ആ പ്രവൃത്തി നടത്തുന്ന വസ്തു; രണ്ടു്, ആ പ്രവൃത്തിക്കു വിഷയമായ വസ്തു.

രോഗി ഔഷധം സേവിക്കും.
വണ്ടു് പുഷ്പങ്ങൾ അന്വേഷിക്കുന്നു.
കാക്ക കുയിലിനെ വളർത്തി.

ആദിമവാക്യത്തിലെ കൃതി ഏതാണ്? സേവിക്കും എന്നതു്. സേവിക്കുക എന്ന ക്രിയ നടത്തുന്നതു

രോഗി; ആ ക്രിയക്കു വിഷയമായിട്ടുള്ളതു് ഔഷധം. അതുപോലെ രണ്ടാംവാക്യത്തിലെ 'അന്വേഷിക്കുന്നു'വെന്ന ക്രിയ ചെയ്യുന്നതു് വണ്ടും, ആ ക്രിയക്കു വിഷയം പുഷ്പങ്ങളും; മൂന്നാമത്തതിലെ വളൎത്തുക എന്ന ക്രിയ നിൎവ്വഹിച്ചതു കാക്ക, ആ ക്രിയക്കു വിഷയം കുയിൽ. ക്രിയാപദങ്ങൾ ഉൾപ്പെടെ, ഇങ്ങിനെ മൂന്നു ജാതി പദങ്ങൾകൊണ്ടാണു് ഓരോ വാക്യവും പൂൎണ്ണമായിട്ടുള്ളതു്.

ക്രിയ നടത്തുന്ന വസ്തു കൎത്താവാണു്. ആ ക്രിയക്കു വിഷയമാകുന്നതിനെ കൎമ്മമെന്നു വിളിക്കുന്നു. മറെറാരുവിധം പറഞ്ഞാൽ, വ്യാപാരത്തിനു ആശ്രയമായിട്ടുള്ളതു് കൎത്താവും, ആ വ്യാപാരത്തിൻെറ ഫലത്തിനു ആശ്രയമായിട്ടുള്ളതു് കൎമ്മവുമാകുന്നു. മേലെഴുതിയ വാക്യങ്ങളിലെ കൎത്തൃപദങ്ങളും, കൎമ്മപദങ്ങളും, ക്രിയാപദങ്ങളും ചുവടെ വേൎതിരിച്ചു കാണിക്കാം.

| കൎത്താവു്. | കൎമ്മം. | കൃതി. |
|---|---|---|
| രോഗി | ഔഷധം | സേവിക്കും |
| വണ്ടു | പുഷ്പങ്ങൾ | അന്വേഷിക്കുന്നു |
| കാക്ക | കുയിലിനെ | വളൎത്തി |

ഒരു സ്ഥിതിയെ കാണിക്കുന്ന കൃതിയെ സംബന്ധിച്ചേടത്തോളം, ക്രിയക്കും, ആ ക്രിയയുടെ ഫലത്തിനും ഒരേ വസ്തുതന്നെയാണു് ആശ്രയമായിരിക്കു

ന്നതു്. ക്രിയയുടെ ഫലം കർത്താവിലല്ലാതെ മുൻകാണിച്ചതുപോലെ മററൊന്നിൽ സംക്രമിക്കുകയില്ല.

ഞാൻ ഉടനെ കിടന്നുറങ്ങി.
ശാരദ വരുന്നു.
ചിമ്മിനി ഉടയും.

ആദ്യവാക്യത്തിലെ ഉറങ്ങി എന്ന കൃതിയുടെ കർത്താവ് 'ഞാൻ' എന്ന പദമാണ്. ഉറങ്ങി എന്നതിലെ അവസ്ഥാന്തരാവാപ്തിരൂപമായ വ്യാപാരത്തിന് ആശ്രയമാണതു്. ആ വ്യാപാരത്തിൻെറ ഫലവും കർത്തൃപദത്തെതന്നെ ആശ്രയിക്കയല്ലാതെ, മററൊരു പദത്തിൽ സംക്രമിക്കുന്നില്ല. അതുമാതിരി വരുന്നു, ഉടയും എന്ന കൃതികളുടേയും വ്യാപാരവും, ഫലവും ഒന്നിനെതന്നെ ആശ്രയിച്ചിരിക്കുന്നു. ശാരദ, ചിമ്മിനി ഇവ യഥാക്രമം ആ ആശ്രയങ്ങളാണ്. വ്യാപാരവും, ഫലവും കർത്താവിനെതന്നെ ആശ്രയിക്കുമ്പോൾ വാക്യത്തിൽ കർമ്മമുണ്ടാകുന്നില്ല. വ്യാപാരവും ഫലവും രണ്ടു വസ്തുക്കളിൽ ചേർന്നിരിക്കുമ്പോൾ കർമ്മമുണ്ടായിരിക്കും.

കൃതി കർമ്മപദത്തോടുകൂടിയതാണെങ്കിൽ, അതിനു സകർമ്മകം എന്നു പറയുന്നു. കർമ്മമില്ലാത്ത കൃതി അകർമ്മകവുമാണ്.

സകർമ്മകകൃതിക്കും അകർമ്മകകൃതിക്കും വേറെ ഉദാഹരണം:

——— സകർമ്മകം ——— അകർമ്മകം.

വിശ്വാമിത്രൻ രാമലക്ഷ്മണന്മാരെ കൂട്ടിക്കൊണ്ടുപോകുവാൻ അഭിലഷിച്ചു. രാജാജ്ഞയാൽ കുമാരന്മാർ, ആ മഹർഷിയുടെ ആശ്രമത്തിൽ ചെന്നു അദ്ദേഹത്തിൻെറ യാഗം രക്ഷിച്ചു.

---

## പരിശീലനം ൩.

൧. കൃതികളിൽ ഓരോന്നിനേയും ഉപയോഗിച്ചു ഓരോ പൂർണ്ണവാക്യമെഴുതുക:—

കരിഞ്ഞു; ജ്വലിപ്പിക്കുന്നു; പറയുവിൻ; നീന്തും; ഓടട്ടെ; മുഴുത്തു; വരണം; ആറി; കേൾപ്പിക്കാം; ആലോചിച്ചേക്കും.

൨. ക്രിയാപദം ചേർക്കുക:—

(ക) കപ്പിത്താൻ കപ്പൽ . . . .
(ഖ) കാററു . . . .
(ഗ) തീ അടുപ്പിൽ . . . .
(ഘ) ഗുരുവിനെ കുട്ടികൾ . . . .
(ങ) പുഴയിൽ വഞ്ചി . . . .
(ച) അമ്മുവിൻെറ കുട്ടിയുടെ മുലകുടി . . . .
(ഛ) ജാനു ഒരുപക്ഷെ പരീക്ഷയിൽ . . . .

൩. കർത്താവു, കർമ്മം, ക്രിയ ഇവയെ വേറെ വേറെ എടുത്തെഴുതുക:—

(ക) ഹനുമാൻ ഭീമസേനനെ പരീക്ഷിച്ചു.
(ഖ) പശു പുല്ലു തിന്നുന്നു.

(ഗ) രാജാവു പ്രജകളെ രക്ഷിക്കും.
(ഘ) ജാപ്പാൻ ചൈനയെ ആക്രമിച്ചുകൊണ്ടിരിക്കുന്നു.
(ങ) നിങ്ങൾ പറഞ്ഞതു് ഓക്കുന്നില്ലേ?

൪. സകർമ്മകക്രിയ കണ്ടുപിടിച്ചു തക്കതായ കർമ്മപദം ചേക്കുക:—

കമല കേൾക്കാതിരുന്നില്ല. മദ്ദളക്കാരൻ പോയിക്കഴിഞ്ഞു. ആന അലറി. അവൻ കണ്ടെത്തി. ഞാൻ അന്നുതന്നെ ഓത്തു. ക്ഷീണിച്ചവർ പകലുറങ്ങട്ടെ. ജയശീല എന്നോടു പറഞ്ഞു. കുരുവി ചിലക്കുന്നു. അയ്യോ! എനിക്കു വേണ്ട. ഇല കൊഴിഞ്ഞു പോയി. അർജ്ജുനൻ വന്ദിച്ചു. കുട്ടികൾ ചിരിക്കുന്നു. ഞാൻ ജ്യേഷ്ഠൻ പറഞ്ഞു കേട്ടിട്ടുണ്ടു്. കോഴി കൂകി.

---

## ഏഴാമദ്ധ്യായം.

---

## ഭേദകം — നാമവിശേഷണം, ക്രിയാവിശേഷണം, ഭേദകവിശേഷണം.

൧. മറെറാരു പദത്തോടു ചേൎന്നിന്നു അതിന്റെ അൎത്ഥത്തെ ഭേദിപ്പിക്കുന്ന പദമാണു് ഭേദകം.

ഞാനെഴുതിയതു്, ചുവന്ന മഷികൊണ്ടാണു്.

എഴുതുന്ന മഷി ചുവന്നതും, കറുത്തതും, നീലയും, പച്ചയുമാകാം. 'ചുവന്ന' എന്ന ശബ്ദം, മഷി

യുടെ ആ വിവിധവർണ്ണവ്യാപ്തിയെ നിയന്ത്രിക്കുന്നു; പലതിൽ ഒന്നിനെ തിരിച്ചു കാണിക്കുന്നു. 'ചുവന്ന' എന്ന ശബ്ദം, തന്മൂലം, അതു ചേർന്നു നില്ക്കുന്ന മഷിയുടെ അർത്ഥത്തെ ഭേദിപ്പിക്കുന്നതെന്നു സ്പഷ്ടം. ഭേദിപ്പിക്കുക എന്ന ക്രിയയെ വിശേഷിപ്പിക്കുക എന്നു വ്യാകരണശാസ്ത്രത്തിൽ വ്യവഹരിക്കും. അതിനാൽ ഭേദകത്തിനു (ഭേദിപ്പിക്കുന്നതു്) വിശേഷണമെന്നും (വിശേഷിപ്പിക്കുന്നതു്) നാമാന്തരമുണ്ടു്.

മഷി ഒരു നാമപദമാണല്ലോ. 'ചുവന്ന' എന്നതു് ഒരു നാമത്തെയാണു വിശേഷിപ്പിക്കുന്നതു്. നാമത്തെ ഭേദിപ്പിക്കുന്ന അല്ലെങ്കിൽ വിശേഷിപ്പിക്കുന്ന ശബ്ദത്തിനു **നാമവിശേഷണം** എന്നു പേർ.

(ക) (പുതിയ) പുസ്തകം.
(ഖ) (വിശാല) മായ മുറി.
(ഗ) (മിക്ക) ആളുകളും.
(ഘ) (പന്ത്രണ്ടു്) പർവ്വതങ്ങൾ.

മുകളിൽ ബ്രാക്കററിനകത്തുള്ളവയെല്ലാം നാമവിശേഷണങ്ങളെന്നറിക.

ഫ. താഴെ കാണുന്ന ഓരോ വാക്യത്തിലും ഏതെങ്കിലും പദം, മറെറാന്നിൻെറ അർത്ഥത്തെ വിശേഷിപ്പിക്കുന്നുണ്ടോ എന്നു നോക്കുക :

പട്ടി ഓടിയെത്തി.
കുട്ടി തളർന്നുറങ്ങി.

'എത്തി' എന്നതു ഒരു കൃതി. എത്തിയതെങ്ങിനെയെന്നു്, അതിൻെറ അർത്ഥത്തെ (നടന്നുമെത്താ

മല്ലോ) വിശേഷിപ്പിക്കുന്ന ശബ്ദമാകുന്നു 'ഓടി' എന്നതു്. ഉറങ്ങി എന്ന കൃതിയിൽ 'തളൎന്ന്' എന്ന ശബ്ദവും, അതുപോലെ അൎത്ഥവിശേഷത്തെ സൂചിപ്പിക്കുന്നതാണല്ലോ. അതുകൊണ്ടു രണ്ടും ഭേദകങ്ങൾതന്നെ. കൃതിയെ വിശേഷിപ്പിക്കുന്നതു **കൃതിവിശേഷണം** അല്ലെങ്കിൽ **ക്രിയാവിശേഷണ**മാകുന്നു.

വേറെ ഉദാഹരണം:—

**മുറുകെ** പിടിച്ചു.
**കമിഴ്ന്നു** വീണു.
**വായിച്ചു** ഗ്രഹിക്കാം.

൩. അടുത്തു നിന്നിരുന്ന കുട്ടികൾ കേട്ടു.

കുട്ടികൾ നാമം. 'നിന്നിരുന്ന' എന്നതു് അതിന്റെ വിശേഷണം. 'അടുത്തു' എന്ന ശബ്ദം എന്തു ചെയ്യുന്നു? നിന്നതെവിടെ എന്നു കാണിക്കുന്നു. 'നിന്നിരുന്ന'തിനെ വിശേഷിപ്പിക്കുന്നു. നിന്നതു് അടുത്തുമകലേയുമാകാമല്ലോ. ഭേദകത്തിനും അപ്പോൾ വിശേഷണമുണ്ടാകാമെന്നു വരുന്നു. ഒരു ഭേദകത്തിനു വരുന്ന വിശേഷണം **ഭേദകവിശേഷണം**. വേറേയും ചില ഉദാഹരണങ്ങൾ ചുവടെ ചേൎത്തിരിക്കുന്നു.

**വലത്തോട്ടു** നീട്ടിയ കൈ.
**നന്നേ** പതുക്കെ എഴുന്നേററു.
**ഉച്ചക്കു** കഴിച്ച ഭക്ഷണം.

൪. നാമവിശേഷണം, ക്രിയാവിശേഷണം, ഭേദകവിശേഷണം എന്നിങ്ങനെ ഭേദകങ്ങളെ മൂന്നു ജാതിയായി പകുക്കാമെങ്കിലും, എണ്ണത്തിൽ അധികവും നാമവിശേഷണങ്ങളത്രെ. ഭേദകം നാമത്തോടു ചേരുമ്പോൾ, ആയ, ആയുള്ള, ആയിരുന്ന ഇങ്ങനെ ചില ശബ്ദങ്ങൾ ഇടയിൽ അവയെ സംബന്ധിപ്പിക്കുവാനുണ്ടാകും. നാമങ്ങളോട് ഏറിയ, ഉള്ള, കലന്ന, ഉററ, എഴുന്ന മുതലായ ചില ശബ്ദങ്ങൾ ചേൎത്തു ഭേദകരൂപങ്ങളെ നിൎമ്മിക്കാറുണ്ട്. ക്രിയാരൂപങ്ങളും, ചില ദ്യോതകങ്ങളും ചിലപ്പോൾ ഭേദകങ്ങളായിതീരുന്നു. മുകളിൽ കാണിച്ച ഉദാഹരണങ്ങൾ പരിശോധിച്ചാൽ ഈ സംഗതി ഏറക്കുറെ വ്യക്തമാകും.

ഓരോന്നിനും വെവ്വേറെ ഉദാഹരണം :—

ഭേദകത്തെ നാമത്തോടു സംബന്ധിപ്പിക്കുന്നതിന് :

മടിയനായിരുന്ന ബാലൻ ; നിൎജ്ജനമായ വഴി.

നാമം ഭേദകമാവുന്നതിന് :

കാന്തിയേറിയ മഴവില്ല് ; വീൎയ്യമുള്ള പുരുഷൻ ; വാരുററ ചില്ലി.

ക്രിയ ഭേദകമാവുന്നതിന് :

പറക്കുന്ന പക്ഷി ; കലങ്ങി മറിഞ്ഞു.

ദ്യോതകം ഭേദകവുമാവുന്നതിന് :

ഉടനെ പറഞ്ഞു ; അരികെ ഇരുന്നു.

ഭേദകങ്ങളെ അടിയിൽ വരയിട്ടു വേറെ കാണിച്ചിരിക്കുന്നു.

ഒ. ഭേദകം ഏതു പദത്തോടു ചേൎന്നിരിക്കുന്നു, ഏതു പദത്തിൻെറ അൎത്ഥത്തെ ഭേദിപ്പിക്കുന്നു (വിശേഷിപ്പിക്കുന്നു) ആ പദത്തിനു ഭേദ്യം അല്ലെങ്കിൽ വിശേഷ്യം എന്നു പറയുന്നു. മുകളിലൊക്കെ കണ്ടതുമാതിരി, വിശേഷണങ്ങളെ വിശേഷ്യത്തിനു മുമ്പിൽ ചേൎത്തുപയോഗിക്കയാണ് പ്രായേണ ചെയ്തുപോരുന്നതു്. 'അവൻ സമൎത്ഥനാകുന്നു' എന്നിങ്ങിനെ നാമത്തിനു പിമ്പിലും, വിശേഷണത്തെ പ്രയോഗിക്കുവാൻ വിരോധമില്ല. നാമത്തിനു മുമ്പിൽ വരുന്നതു് പൂൎവ്വവിശേഷണവും, പിമ്പിൽ വരുന്നതു് ഉത്തരവിശേഷണവുമാകും. അവ, നാമവിശേഷണത്തിൻെറ പിരിവുകളാണ്.

| പൂൎവ്വവിശേഷണം. | നാമം. |
|---|---|
| ദുഷ്ടനായ | രാക്ഷസൻ |

| നാമം. | ഉത്തരവിശേഷണം. | കൃതി. |
|---|---|---|
| രാക്ഷസൻ | ദുഷ്ടൻ. | ആകുന്നു |

ഉത്തരവിശേഷണം ക്രിയാപദത്തോടു ബന്ധപ്പെട്ടിരിക്കുന്നതിനാൽ അതു് ആഖ്യാതപൂരണമായിരിക്കും.

# പരിശീലനം ൧.

൧. ഓരോ നാമത്തിനും യോജിക്കുന്ന വിശേഷണം ചേൎക്കുക :—

(ക) . . . . ഇളങ്കാററു വീശിക്കൊണ്ടിരുന്നു.
(ഖ) തേർ കണ്ടു . . . . മാനുകഠം ഓടിപ്പോയി.
(ഗ) . . . . പടയാളി ശത്രുവിനെ വെന്നു.
(ഘ) കുയിലിന്റെ . . . . ഗാനം കേട്ടു . . . . ഞാനുറങ്ങി.
(ങ) . . . . മീരാബായി . . . . രജപുത്രസ്ത്രീകളുടെ . . . . അഭിമാനത്തെ തടിപ്പിച്ചു.
(ച) . . . . കുതിരയെ . . . . വണ്ടി . . . . രാജാവിന്നേ ഉപയോഗിച്ചുകൂടു.

൨. ഓരോ ക്രിയക്കും യോജിക്കുന്ന വിശേഷണം ചേൎക്കുക :—

(ക) കാററു . . . . വീശിക്കൊണ്ടിരുന്നു.
(ഖ) കോപിച്ച അച്ഛൻ . . . . . . പറഞ്ഞപ്പോഠം ഞാൻ . . . . നില്പായി.
(ഗ) രമ പാട്ടു നിൎത്തുകയും ഞാൻ . . . . പോവുകയും ചെയ്തു.
(ഘ) ക്ഷീണിച്ച മാധവി വേഗം . . . . ഉറങ്ങി.
(ങ) പുലി . . . . ചെന്നുവെങ്കിലും മാൻ . . . . ഓടി.
(ച) . . . . എഴുന്നേററു എല്ലാവരും . . . . പോയി.

൩. വിശേഷണവിശേഷ്യങ്ങൾ ചേൎത്തു വാക്യം പൂരിപ്പിക്കുക :— എഴുതുന്നതു് വിശേഷണമോ, വിശേഷ്യമോ എന്നുകൂടി കാണിക്കണം.

(ക) തിളങ്ങുന്ന . . . . കൊണ്ടു . . . . ആകാശത്തിൽ വെളിച്ചമുണ്ടായി.

(ഖ) . . . . പാഞ്ഞു ഒഴുകുമ്പോൾ അതിൽ . . . . കുളിപ്പാൻ വയ്യ.

(ഗ) ഉത്സാഹിയായ . . . . ഉൽകൎഷം . . . . പ്രാപിക്കും.

(ഘ) പാട്ടു . . . . കേട്ടാൽ ആരും ആവൎത്തിക്കുവാൻ പറയും.

(ങ) . . . . ഊൎമ്മിള ലക്ഷ്മണൻെറ പ്രിയപ്പെട്ട . . . . യായിരുന്നു.

(ച) ഞാൻ . . . . കൊടുത്തു ; പക്ഷെ . . . . അവൻെറ ചെവിട്ടിൽ പോയില്ല.

൪. ഭേദകവിശേഷണം ചേൎത്തെഴുതുക:—

(ക) സിംഹം . . . . ഓടിയടുത്തു.

(ഖ) . . . . ചടച്ച കുട്ടിയാണവൻ.

(ഗ) ഞാൻ ചെന്നു നദിയിൽ . . . . കുളിച്ചുവന്നു.

(ഘ) ഞങ്ങളിരുവരും . . . . കളിച്ചുനടന്നു.

(ങ) വഴിയിൽ വെച്ചുവൾ . . . . പാടിയ പാട്ടാണതു്.

(ച) ഭൂമി . . . . ഉരുണ്ട വസ്തുവാണത്രെ.

ഠ. ഉചിതമായ ഉത്തരവിശേഷണം ചേക്കുക:-

(ക) അജ്ജുനൻ . . . . ആയി ഉത്തരൻെറ തേർ നടത്തി.

(ഖ) ദ്രോണർ പാണ്ഡവന്മാരുടെ . . . . ആയിരുന്നു.

(ഗ) ഉവ്ശി . . . . തന്നെ.

(ഘ) ദശരഥൻ പുത്രവിയോഗത്താൽ . . . . ആയി.

---

## എട്ടാമദ്ധ്യായം.

---

ഫ. ചൂണ്ണികാരൂപമായ വാക്യത്തിൽ രണ്ടു ഭാഗമുണ്ടായിരിക്കുമെന്നു മുകളിലൊരിടത്തു നാം പഠിച്ചിട്ടുണ്ടു് — ആഖ്യയും ആഖ്യാതവും.

താഴെ കൊടുത്തിട്ടുള്ള വാക്യങ്ങളെ പരിശോധിക്കുക :—

1. നല്ല കുട്ടികൾ പകൽസമയത്തു ഉറങ്ങുകയില്ല.
2. എൻെറ രണ്ടു കുട്ടികൾ ഇന്നു നേരത്തെ ഉറങ്ങി.

ഓരോന്നിനേയും നമുക്കു ആഖ്യയും ആഖ്യാതവുമായി തിരിക്കാം.

1. ആഖ്യ { നല്ല / കുട്ടികൾ.

ആഖ്യാതം { പകൽസമയത്തു് / ഉറങ്ങുകയില്ല.

2. ആഖ്യ { എന്റെ രണ്ടു കുട്ടികൾ

ആഖ്യാതം { ഇന്നു നേരത്തെ ഉറങ്ങി.

വാക്യങ്ങൾ രണ്ടിലും ആഖ്യയും ആഖ്യാതവും ഒന്നിലധികം പദങ്ങൾ ചേൎന്നുണ്ടായവയാണ്. അവയിൽ ഓരോ പദങ്ങളുടേയും വാക്യത്തിലെ പ്രവൃത്തിയെന്തെന്നു നോക്കുക. പ്രഥമവാക്യത്തിലെ ആഖ്യയിലുള്ള 'കുട്ടികൾ' ഉറങ്ങുകയില്ല എന്ന കൃതിയുടെ കൎത്താവാകുന്നു. 'നല്ല' ആ കൎത്താവിനെ വിശേഷിപ്പിക്കുന്നു. ആഖ്യാതത്തിലുള്ള 'ഉറങ്ങുകയില്ല' കൃതിയും, 'പകൽസമയത്തു്' ആ കൃതിയുടെ വിശേഷണവുമാണ്. രണ്ടാംവാക്യത്തിൽ ഈ രണ്ടു വിശേഷണങ്ങളാണ് കൎത്താവിനും, ക്രിയക്കുമുള്ളതു്.

കുട്ടികൾ ഉറങ്ങുന്നു എന്നതിലെപോലെ വാക്യത്തിൽ ആഖ്യയും, ആഖ്യാതവും ഓരോ പദമായാൽ അവ കൎത്താവും ക്രിയയുമാകും. ആഖ്യ ഒന്നിലധികം പദങ്ങൾ ചേൎന്നതായാൽ, അവയിൽ കൎത്താവു പ്രധാനം; അതുപോലെ രണ്ടോ, രണ്ടിലധികമോ പദങ്ങൾ ഉള്ള ആഖ്യാതത്തിൽ ക്രിയ പ്രധാനം. പ്രാധാന്യത്തെ പുരസ്കരിച്ചു കൎത്താവിനെ ആഖ്യയെന്നും ക്രിയയെ ആഖ്യാതമെന്നും മററു പദങ്ങളെ അവയുടെ വിശേഷണങ്ങളെന്നും വ്യവഹരിക്കാറുണ്ടു്.

౨. അകൎമ്മക കൃതികളാണ് മുകളിലെ വാക്യങ്ങളിലുള്ളതു്. സകൎമ്മകമാണ് ക്രിയയെങ്കിൽ, ആഖ്യാതത്തിൽ കൎമ്മവുമുണ്ടായിരിക്കും. കൎമ്മം ചിലപ്പോ‌ൾ ആഖ്യയിലും പെടും. ചുവട്ടിൽ കാണുന്ന വാക്യങ്ങൾ ഈ സംഗതികളെ വ്യക്തമാക്കുന്നു.

| ആഖ്യ. | ആഖ്യാതം. |
| --- | --- |
| ഹനുമാൻ | സുഗ്രീവനിയുക്തരായ വാനരന്മാരെ രക്ഷിച്ചു. |
| സുഗ്രീവനിയുക്തരായ വാനരന്മാർ | ഹനുമാനാൽ രക്ഷിക്കപ്പെട്ടു. |

ആദിമവാക്യത്തിലെ ആഖ്യ ഏതുജാതി പദമാണ്? ആഖ്യാതത്തിൽ, 'രക്ഷിച്ചു' എന്നതു ക്രിയയും, 'വാനരന്മാരെ' ആ ക്രിയയുടെ കൎമ്മവും, 'സുഗ്രീവനിയുക്തരായ' ആ കൎമ്മത്തിന്റെ വിശേഷണവുമാണ്. ദ്വിതീയവാക്യത്തിലെ ആഖ്യ, കൎമ്മവും കൎമ്മവിശേഷണവും ചേൎന്നുണ്ടായി ; ആഖ്യാതമോ, കൎത്താവും ക്രിയയും അടങ്ങിയതു്. ആഖ്യയിലും ആഖ്യാതത്തിലും കൎമ്മപദത്തിനെങ്ങിനെ സ്ഥാനമുണ്ടായി? ആദ്യം ആഖ്യാതത്തിൽ കണ്ട കൎമ്മത്തെയാണ്

പിന്നെ ആഖ്യയിൽ നാം കാണുന്നതു്. ഒന്നാമത്തെ വാക്യത്തിൽ 'ഹനൂമാൻ' എന്ന ആഖ്യയെകുറിച്ചുള്ള പ്രസ്താവനയാണു്, 'സുഗ്രീവനിയുക്തരായ വാനരന്മാരെ രക്ഷിച്ചു'വെന്നതു്. അതുകൊണ്ടു് കർമ്മവും, അതിൻെറ വിശേഷണവും ആഖ്യാതത്തിൽ പെട്ടു. പിന്നത്തേതിലാകട്ടെ, സുഗ്രീവനിയുക്തരായ വാനരന്മാരെ സംബന്ധിച്ചാകുന്നു വിവക്ഷ. അതിനാൽ കർമ്മവും കർമ്മവിശേഷണവും ആഖ്യയായി തീൎന്നു.

ന. വാക്യങ്ങളെ, മുകളിൽ ചെയ്തതുപോലെ, അഴിച്ചു തരംതിരിക്കുന്നതിന്നു **അപഗ്രഥനം** എന്നു പറയുന്നു.


ഒന്നിനെ അതിൻെറ ഘടകങ്ങളായി വേർതിരിച്ചു കാണിക്കുകയാണു് അപഗ്രഥനമെന്നതു്. വാക്യത്തെ നാമപഗ്രഥിക്കുമ്പോൾ, അതിലടങ്ങിയ പദങ്ങളെ വേറെവേറെ എടുത്തു അവക്കു തങ്ങളിലുള്ള ബന്ധങ്ങളെ വിവരിക്കുന്നു ; പദങ്ങൾക്കു വാക്യത്തിലുള്ള വ്യാപാരമെന്തെന്നു പരിശോധിക്കുന്നു. വാക്യങ്ങളുടെ രചനയിലും, അൎത്ഥവിചാരത്തിലും അപഗ്രഥനത്തിൻെറ പരിശീലനം എത്രയും ഉപകാരിയാണു്. തന്നിമിത്തം, വിദ്യാൎത്ഥികൾ അതിൽ പ്രത്യേകം മനസ്സിരുത്തേണ്ടതുണ്ടു്.

൮. വാക്യരൂപത്തിലല്ലാതെ അപഗ്രഥനത്തെ നിർവ്വഹിക്കുന്നതിന്നു് മാർഗ്ഗങ്ങളുണ്ടു്. അവയിലൊന്നിനെ ചുവടെ കാണിക്കാം.

വാക്യം :— വീരനായ ഹനുമാൻ സുഗ്രീവന്റെ കോപത്തിൽനിന്നു് അംഗദാദികളായ വാനരന്മാരെ രക്ഷിച്ചു.

| ആഖ്യ. | | ആഖ്യാതം. | | | |
|---|---|---|---|---|---|
| കർത്തൃവിശേഷണം. | കർത്താവു. | കർമ്മവിശേഷണം. | കർമ്മം. | ക്രിയാവിശേഷണം. | ക്രിയ. |
| വീരനായ. | ഹനുമാൻ. | അംഗദാദികളായ. | വാനരന്മാരെ. | സുഗ്രീവന്റെ കോപത്തിൽ നിന്നു. | രക്ഷിച്ചു. |

കർത്താവു് ആഖ്യയാകുന്ന വാക്യത്തിന്റെ അപഗ്രഥനമാണിതു്. കർമ്മം ആഖ്യയാകുന്ന വാക്യം : അംഗദാദികളായ വാനരന്മാർ ഹനുമാനാൽ ഒടുവിൽ രക്ഷിക്കപ്പെട്ടു.



൫. അപഗ്രഥിക്കുവാൻ തുടങ്ങുന്നതിനുമുമ്പ്, വാക്യത്തിൽ അൎത്ഥം വ്യക്തമാണെന്നുവെച്ച് ഏതെങ്കിലും പദം വിട്ടുകളഞ്ഞിട്ടുണ്ടെങ്കിൽ അതിനെ കൂട്ടിച്ചേൎക്കേണ്ടതാണ്. ഇങ്ങിനെ ചെയ്യുന്നതിനു അദ്ധ്യാഹാരമെന്നു പറയുന്നു.

ഉദാഹരണം:

വാക്യം: ഇങ്ങോട്ടുവരുകയല്ലേ?
നിങ്ങൾ (അദ്ധ്യാഹൃതം) ഇങ്ങോട്ടു വരുകയല്ലേ?
കൎത്താവു — ക്രിയാവിശേഷണം — ക്രിയ

## പരിശീലനം ൮.

അപഗ്രഥിക്കുക:—

(ക) മേനകാദികളായ ദേവസ്ത്രീകൾ വിശ്വാമിത്രൻെറ തപസ്സിനെ ഭംഗപ്പെടുത്തി.

(ഖ) ദരിദ്രരായ അസംഖ്യം ജനങ്ങൾ ധനികൻെറ പടിക്കൽ കാത്തുനില്ക്കുന്നു.

(ഗ) അമ്പലത്തിലെ ദീപാരാധന ഇന്ന് സന്ധ്യക്കു മുമ്പെ കഴിഞ്ഞു.

(ഘ) അവൻെറ വാക്കും പ്രവൃത്തിയും ഞങ്ങളെ ഏന്തെന്നില്ലാതെ ആകൎഷിച്ചു.

(ങ) പ്രത്യക്ഷനായ ശിവനാൽ, ഭക്തിപൂണ്ട തപസ്വി അനുഗ്രഹിക്കപ്പെട്ടു.

(ച) പണ്ടു ഋഷികളുടെ പൎണ്ണശാലകൾ രാജാക്കന്മാരാൽ രക്ഷിക്കപ്പെട്ടിരുന്നു.

(ഛ) ഭഗീരഥൻ ഗംഗയുടെ പ്രസാദംനിമിത്തം പിതൃക്കൾക്കു ഗതിവരുത്തി.

(ജ) പുത്രവത്സലനായ ദശരഥൻ രാമലക്ഷ്മണന്മാരെ വിളിച്ചിങ്ങനെ പറഞ്ഞു.

(ഝ) ധൃതരാഷ്ട്രക്കു ദുര്യ്യോധനാദികളായ നൂറു പുത്രന്മാരുണ്ടായിരുന്നു.

(ഞ) മകരമാസത്തിലെ മകത്തിൻനാൾ മായാവതിയുടെ മകൻ ജനിച്ചു.

(ട) നിങ്ങളുടെ ക്ഷണത്തെ നന്ദിപൂർവ്വം സ്വീകരിച്ചിരിക്കുന്നു.

(ഠ) കേട്ടോളൂ, ഇവ ശുദ്ധമേ ഭംഗിവാക്കുകൾ.

ഇവയിൽ വേണ്ടതിനെ അദ്ധ്യാഹരിക്കണം.

## ഒമ്പതാമദ്ധ്യായം.

### ദ്യോതകം—ഘടകം, വ്യാക്ഷേപകം

൧. നാമം, കൃതി, ഭേദകം ഈ വിഭാഗങ്ങളിലുൾപ്പെടാതെയുള്ള ശബ്ദങ്ങളാണല്ലോ ദ്യോതകങ്ങൾ. ദ്യോതകങ്ങൾ സംബന്ധം മുതലായവയെ പ്രകാശിപ്പിക്കുന്നു.

൧. സീതയും, അരുന്ധതിയും പതിവ്രതകളാണ്.

൨. നന്ദൻ ശിവകീർത്തനം പാടുകയും, ഭക്തന്മാർ അതുകേട്ടു ആനന്ദിക്കയും ചെയ്തു.

൩. മേഘനാദമോ, സിംഹഗർജ്ജനമോ കേൾക്കുന്നതു് ?

വാക്യങ്ങൾ മൂന്നിലും ഈ രണ്ടു പൂർണ്ണികകൾ അടങ്ങിയിരിക്കുന്നു. സീത പതിവ്രതയാണു്, അരുന്ധതി പതിവ്രതയാണു് എന്നിങ്ങിനെ രണ്ടു പൂർണ്ണികകളാകുന്നു ആദ്യത്തേതിൽ. നന്ദൻ ശിവകീർത്തനം പാടി, അതുകേട്ടു ഭക്തന്മാർ ആനന്ദിച്ചു, ഇവയാണു് അടുത്തതിൽ. 'ഉം' എന്ന ശബ്ദമാണല്ലോ രണ്ടു വാക്യത്തിലും പൂർണ്ണികകളെ സംയോജിപ്പിച്ചിട്ടുള്ളതു്. മേഘനാദം കേൾക്കുന്നോ, സിംഹഗർജ്ജനം കേൾക്കുന്നോ എന്നു് മൂന്നാമത്തേതിൽ സംശയരൂപത്തിലുള്ള ഇരുവാക്യങ്ങളെ തമ്മിൽ ബന്ധിക്കുന്നതു്, 'ഓ' എന്ന ശബ്ദമാകുന്നു. ഉം, ഓ എന്നിവ രണ്ടും, നാമാദികളെപോലെ, വാചകങ്ങളല്ല ; സ്വയമേവ ഒരർത്ഥത്തെ ജനിപ്പിക്കുന്നില്ല. വാക്യങ്ങളുടെ സംബന്ധത്തെ വ്യക്തമാക്കുന്നവയാണവ. അതുകൊണ്ടവ ദ്യോതകങ്ങൾതന്നെ.

വാക്യങ്ങളുടെ ഇടയിൽനിന്നു്, അവയെ തങ്ങളിൽ ഘടിപ്പിക്കുന്ന ഉം, ഓ എന്ന ദ്യോതകശബ്ദങ്ങൾ ഘടകങ്ങളാകുന്നു. ഘടകം ഘടിപ്പിക്കുന്നതെന്നു പേരിനു് അർത്ഥയോജന. ഒന്നും മൂന്നും ഉദാഹരണങ്ങളിൽനിന്നു് 'ഉം,' ഓ എന്ന ഘടകങ്ങൾ വാക്യങ്ങളെ യോജിപ്പിക്കുമ്പോൾ, ചില പദങ്ങൾ, ചിലപ്പോൾ, ആവർത്തിക്കപ്പെടാതിരിക്കുമെന്നു് സ്പഷ്ടം. പതിവ്രത, കേൾക്കുന്നു ഈ പദങ്ങളെ രണ്ടിടത്തു് സ്വീകരിച്ചിട്ടില്ല.

ഡ. (ക) മീരാഭായി തൻെറ സത്യസ്ഥിതി പറഞ്ഞുകേഠംപ്പിച്ചു; പക്ഷെ റാണ അതു വിശ്വസിച്ചില്ല.

(ഖ) ഞാൻ മനസ്സിനെ സമാധാനപ്പെടുത്തുവാൻ നോക്കി ; എന്നാൽ എൻെറ യത്നം നിഷ്പ്രയോജനമായിരുന്നു.

ഓരോ വാക്യവും, മുൻകണ്ടതുപോലെ, ഈ രണ്ടു ചൂർണ്ണികകളുടെ സംയോഗമാണ്. പക്ഷെ, എന്നാൽ ഇവ രണ്ടും ഇരുപുറവുമായി നില്ക്കുന്ന ചൂർണ്ണികകളെ സംബന്ധിപ്പിക്കുകയത്രെ ചെയ്യുന്നതു്. മീരാഭായി സത്യസ്ഥിതി പറഞ്ഞുകേഠംപ്പിച്ചുവെങ്കിൽ, റാണക്കു വിശ്വാസമുണ്ടാകുവാൻ ന്യായമുണ്ടു്. ആ ന്യായത്തിനു വിപരീതമായിരുന്നു അനുഭവം. വാക്യങ്ങളുടെ ഈ വിരോധത്തെ ദ്യോതിപ്പിക്കുകയാണു് 'പക്ഷെ' എന്നതിൻെറ പ്രവൃത്തി. അതിൻവണ്ണം മനസ്സിനെ സമാധാനപ്പെടുത്തുവാൻ നോക്കിയതു് പ്രയോജനപ്പെടേണ്ടതാണെങ്കിൽ, അങ്ങിനെയല്ല സംഭവിച്ചതെന്നുള്ള പൂർവ്വാപരവൈപരീത്യത്തെ പ്രകാശിപ്പിക്കുന്ന ശബ്ദമാകുന്നു 'എന്നാൽ' എന്നതു്. രണ്ടുവാക്യങ്ങഠം തങ്ങളിൽ അർത്ഥത്തിനു വല്ല വിരോധവും വന്നുചേരും. വിരോധരൂപമായ ആ അന്യോന്യ ബന്ധത്തെ ദ്യോതിപ്പിക്കുന്നതിനു പക്ഷെ, എന്നാൽ എന്നിവപോലെ, എന്നാലും, എന്നാലോ, എന്നിട്ടും, എങ്കിലും ഇങ്ങിനെ പല ദ്യോതകങ്ങളുമുണ്ടു്. ഈ ശബ്ദങ്ങളും വാക്യങ്ങളുടെ മദ്ധ്യേനിന്നുകൊണ്ടു്, അവയെ സംഘടിപ്പിക്കുന്നതിനാൽ ഘടകങ്ങഠംതന്നെ.

ന. സുശീല കുളിച്ചു; അനന്തരം അമ്പലത്തിലേക്കു പോയി.

ഗുരുനാഥൻ വന്നു; അപ്പോൾ ശിഷ്യന്മാർ എഴുന്നേററു.

അപ്പോൾ, അനന്തരം, പിന്നീട്, പിന്നെ ഇത്തരത്തിൽ ഒന്നിന്നുപുറകിൽ മറെറാന്ന് എന്ന അനുഗതിയെ കാണിക്കുന്നതിനും ചില ഘടകങ്ങൾ ഉപയോഗിക്കുന്നു.

൮. ഒന്നു ഒരുമട്ടായിരുന്നാൽ എന്ന അർത്ഥത്തെ ദ്യോതിപ്പിക്കുന്നതാണു 'എങ്കിൽ' എന്ന ഘടകം.

ഉദാഹരണം:

രാകാചന്ദ്രനുദിച്ചെങ്കിൽ
ഇരവാക്സുഖപ്രദം?

എന്ന്, എന്ന, എന്നതു് ഇങ്ങിനെ വേറെയും ചില ഘടകങ്ങൾ ഉണ്ടു്. അവ വാക്യങ്ങളുടെ മറേറാരോ വക ബന്ധങ്ങളെ കാണിക്കുന്നവയാണു്. വാക്യങ്ങളെ മാത്രമല്ല, പദങ്ങളേയും സംയോജിപ്പിക്കുന്നവയാണു് അവയിൽ ചിലതു്.

ഉദാഹരണം:

നാളെ നാടകമുണ്ടെന്നു് നോട്ടീസ്സുണ്ടായിരുന്നു.

ദുർവാസാവു എന്ന മഹർഷിയാണു് ദേവേന്ദ്രനെ ശപിച്ചതു്.

ദുഃഖം എന്നതു് ആശയുടെ സന്താനമത്രെ.

൯. എങ്കിലും, എന്നിട്ടും എന്നു തുടങ്ങിയ ചില ഘടകങ്ങൾ ഉപയോഗിക്കുമ്പോൾ, ഇരുപുറവുമുള്ള

വാക്യങ്ങളുടെ ഇടയിൽ ' ; ' ഇങ്ങിനെ ഒരു ചിഹ്നം ഇടാറുണ്ട്. ഈ ചിഹ്നം വാക്യങ്ങളുടെ ആശയാനുബന്ധത്തെ സൂചിപ്പിക്കുന്നു. ഇതിനു **രോധിനി** അല്ലെങ്കിൽ അദ്ധ്വിരാമമെന്നാണ് പേര്.

ഉദാഹരണം :

ഭടൻ പോരാടിത്തളൎന്നു ; എങ്കിലും ശത്രുവിനു കീഴടങ്ങുവാൻ സന്നദ്ധനായില്ല.

൩. കഷ്ടം, ഇങ്ങിനെ ഒരാപത്തുവന്നു നേരിട്ടുവല്ലോ !
അമ്പട, അവൻെറ ഒരു സാമൎത്ഥ്യം !
ആട്ടെ, ഞാനതിന് മറുകയ്യു കണ്ടിട്ടുണ്ട്.

കഷ്ടം, അമ്പട, ആട്ടെ എന്നിവ ദുഃഖം, ആശ്ചൎയ്യം, കോപം എന്നിങ്ങനെ വക്താവിൻെറ ഓരോ വികാരങ്ങളെയാണ് പ്രകാശിപ്പിക്കുന്നതു്. ഘടകങ്ങളെപോലെ ഇവ, ഇടയിൽനിന്ന് വാക്യങ്ങളെയോ, പദങ്ങളെയോ സംയോജിപ്പിക്കുന്നവയല്ല. വാക്യങ്ങളോട്ട് ഇവ അൎത്ഥത്തിലേ സംബന്ധിക്കുന്നതുമുള്ളു ; ഒരംഗമെന്നതുപോലെ ചേൎന്നുനില്ക്കുന്നില്ല. വികാരങ്ങളെ ദ്യോതിപ്പിക്കുന്ന ഇത്തരം ശബ്ദങ്ങൾ **വ്യാക്ഷേപകങ്ങളാകുന്നു്.** അയ്യോ, ശിവശിവ, ആവൂ, അഹോ, ബത, കൊള്ളാം, ഛീ, ആവോ, ഛേ, അമ്പോ, ഹാ ഈ മാതിരി അനേകം വ്യാക്ഷേപക ശബ്ദങ്ങളുണ്ട്.

## പരിശീലനം ൯.

ൿ. ഉം എന്ന ഘടകം ചേൎത്തു വാക്യങ്ങളെ സംയോജിപ്പിക്കുക:

(ക) കുയിൽ പാടി. മയിൽ ആടി.

(ഖ) ജൎമ്മനിയിലെ നായകൻ ഹിററ്ലർ ആണ്. ഇററലിയിലെ നായകൻ മുസോളിനിയാണ്.

(ഗ) കാററു ഊതി. കാടനങ്ങി. ഞാൻ ഭയപ്പെട്ടു. എല്ലാം ഒന്നിച്ചാണ് കഴിഞ്ഞതു്.

(ഘ) ഏതാനുമാളുകൾ ദുഃഖികളായിരുന്നു. വേറെചിലർ രോഗികളായിരുന്നു. കുറെപേർ ദരിദ്രരായിരുന്നു.

(ങ) ആശ അല്ലലിനു കാരണം. അല്ലൽ മനഃശക്തിയെ ക്ഷയിപ്പിക്കുന്നതത്രെ; ആരോഗ്യത്തെ കെടുത്തുന്നതത്രെ; ജീവിതത്തിനെ നശിപ്പിക്കുന്നതത്രെ.

ൠ. ഓ എന്ന ഘടകം ചേൎത്തു ഒററവാക്യമാക്കുക:

(ക) അമ്മ പറഞ്ഞതാണ്. അല്ലെങ്കിൽ അഛൻ പറഞ്ഞതാണ്.

(ഖ) കാററുണ്ടായി, മഴയുണ്ടായി. ഏതാണുണ്ടായതു്?

(ഗ) രാമനാണറിയിച്ചതു്. ഗോവിന്ദനാണറിയിച്ചതു്. രണ്ടിലൊരാളാണറിയിച്ചതു്.

(ഘ) ഗുണമുണ്ടാകട്ടെ. ദോഷമുണ്ടാകട്ടെ. എന്തെങ്കിലുമുണ്ടാകട്ടെ.

(ങ) അച്ഛൻ വന്നിരുന്നു. മകൻ വന്നിരുന്നു. ആരോ ഒരാറം വന്നിരുന്നു.

൩. എങ്കിലും, എന്നിട്ടും, എന്നാലും, പക്ഷെ, എന്നാൽ ഈ ഘടകങ്ങളിൽ ഒരോന്നിനേയും സ്ഥാനം പിഴക്കാതെ പ്രയോഗിക്കണം :

(ക) റഷ്യയിൽ ആഭ്യന്തരകലഹം വളൎന്നുകൊണ്ടിരിക്കുന്നു. ആ രാജ്യത്തോടെതിൎപ്പാൻ അന്യകോയ്മകറംക്കു ധൈൎയ്യമില്ല.
(ഖ) ഗുരു അരുതെന്നു എന്നോടുപദേശിച്ചു. ഞാനതു കാൎയ്യമാക്കിയില്ല.
(ഗ) ഇരുനാഴി കാപ്പി ഞാൻ കുടിക്കയുണ്ടായി. എന്റെ ദാഹം ശമിച്ചിട്ടില്ല.
(ഘ) അപരാധി സങ്കടപൂൎവ്വം മാപ്പുചോദിച്ചുനോക്കി. അവനെ കോടതി ശിക്ഷിക്കാതിരുന്നില്ല.
(ങ) ചില രാജ്യങ്ങളിൽ രാജാക്കന്മാരില്ല. രാജാക്കന്മാരുണ്ടായിരുന്ന കാലത്തേക്കാറം പ്രജകറംക്കു സൌഖ്യം ഇപ്പോഴാണു്.
(ച) ഞാൻ കഷ്ടപ്പെട്ടു് പഠിക്കാതിരുന്നില്ല. ഫലം വിപരീതമായിരുന്നു.
(ഛ) നെപ്പോളിയൻ വീരനും പരാക്രമിയുമായിരുന്നു. അദ്ദേഹത്തിനു ഇംഗ്ലീഷുകാരോടു് തോല്ക്കേണ്ടിവന്നു.
(ജ) പുഴയിൽ വഞ്ചി മറിഞ്ഞു. ആരും മരിക്കുവാനിടയായില്ല.

(ഝ) എല്ലാവരും സുഖം കൊതിക്കുന്നവർ. അതനുഭ
വിക്കുന്നവർ ചുരുക്കം.

(ഞ) അസൂയ ആപത്തുകഠംക്കിടവെക്കുന്നു. അതിനെ
എല്ലാവരും ലാളിക്കയത്രെ ചെയ്യുന്നതു്.

൪. എന്നിട്ടു, പിന്നെ, പിന്നീടു, അനന്തരം,
അപ്പോഠം, എന്നു ഈ ഘടകങ്ങളിൽ ആവശ്യമായതു
ചേൎക്കുക :

(ക) രാധാകൃഷ്ണൻ ബി. എ.ക്കു രണ്ടുകൊല്ലം തോററു.
പഠിപ്പു വേണ്ടെന്നുവെച്ചു ജോലിയിൽ പ്രവേശി
ക്കയാണുണ്ടായതു്.

(ഖ) ലഹളക്കാരിൽ പ്രധാനികളെ അറസ്റ്റ് ചെയ്തു
ശരിതന്നെ. എന്തായി ഫലം ?

(ഗ) രണ്ടുകൊല്ലംമുമ്പു് സുകുമാരൻ ഇവിടെ വന്നു
പോയതാണു്. അവൻെറ ഒരു വൎത്തമാനവുമില്ല.

(ഘ) കഷായം രണ്ടുദിവസമായി കഴിച്ചുകൊണ്ടിരി
ക്കുന്നു. ദീനത്തിന്നു കുറെ ഭേദമുണ്ടു്.

(ങ) അണിയറയിൽനിന്നു് രംഗപ്രവേശം ചെയ്യുന്ന
നടൻെറ പാട്ടുകേഠംക്കായി. ആളുകളുടെ ചിരി
യും സംസാരവും ഉണ്ടായില്ല.

(ച) ശകുന്തളയെ കണ്വശിഷ്യന്മാർ ദുഷ്യന്തൻെറ
കൊട്ടാരത്തിൽ കൊണ്ടുചെന്നാക്കി. അവർ
ആശ്രമത്തിലേക്കു മടങ്ങി.

(ഛ) ദുഃഖം മനുഷ്യനു നന്മയാണു്. വിചാരശീലന്മാർ
പറയും.

(ജ) ഇന്നലെ ഭാമയെ അമ്പലത്തിൽ കണ്ടു. ആരും കൂടെയുണ്ടായിരുന്നില്ല.

(ഝ) ഗോവിന്ദനെ ഞാനൊന്നു് കണ്ടുപറയട്ടെ. നിങ്ങൾക്കിഷ്ടംപോലെ ചെയ്യാം.

(ഞ) ഈശ്വരൻ ദീനന്മാരെ രക്ഷിക്കും. പുരാണങ്ങൾ ഘോഷിക്കുന്നു.

ഒ. എങ്കിൽ എന്ന ഘടകം ചേർത്തു് ഒററവാക്യമാക്കി രൂപാന്തരപ്പെടുത്തുക :

(ക) ആലോചിച്ചു പ്രവർത്തിക്കണം. എന്നാൽ ആപത്തു നേരിടുകയില്ല.

(ഖ) ഇന്നലെ ആ മഴ പെയ്യില്ലെന്നിരിക്കട്ടെ. ഇന്നു അത്യുഷ്ണമായിരുന്നേനെ.

(ഗ) കാലത്തെ കഞ്ഞി കുടിക്കണം. അല്ലാത്തപക്ഷം ഇന്നു പകലൊക്കെ ഞാൻ പട്ടിണിയാകും.

(ഘ) കടലാസ്സിനു വില കുറവാണോ ? കുറവായിരുന്നാൽ പുസ്തകത്തിനു് ഈ വില കാണുമോ ?

(ങ) ജീവിതത്തിൽ ക്ലേശങ്ങളുണ്ടു്. അതുപോലെ സൌഖ്യങ്ങളുമുണ്ടു്.

ന്ന. വേണ്ടസ്ഥലത്തു് അർദ്ധവിരാമമിടുക :

(ക) കാററു വീശി. എങ്കിലും വിളക്കു കെട്ടില്ല. തിരിയുടെ ഗുണമാണതു്.

(ഖ) മാധവി രാഘവനെ സ്നേഹിച്ചു. പക്ഷെ ഭർത്താവായി വന്നതു മറെറാരാളാണു്. ആശിക്കുന്നതുപോലെയല്ല മനുഷ്യന്റെ അനുഭവം.

(ഗ) ആഹാരവും, വിഹാരവും ആക്ക്ം ആവശ്യം തന്നെ. എന്തുകൊണ്ടെങ്കിൽ, ആരോഗ്യം അവ രണ്ടിനേയുമാണു് ആശ്രയിച്ചിരിക്കുന്നതു്. ആരോഗ്യമില്ലെങ്കിൽ പിന്നെ ജീവിതമെന്തിനു്?

(ഘ) സരോജിനി പൊട്ടിക്കരഞ്ഞു. എന്നാൽ അതയാളെ സങ്കടപ്പെടുത്തിയില്ല. സ്നേഹമുണ്ടെങ്കിലല്ലേ സങ്കടം തോന്നുകയുള്ളു.

(ങ) ആശയെ അപവദിക്കുവാൻ ആരും മുതിരും. എന്നാലോ, അതു സകലരുടേയും കൂടപ്പിറപ്പ മാണു്. അവനവനെ തിരിഞ്ഞുനോക്കാതെ ചെയ്യുന്ന അപവാദം!

(ച) സൌന്ദര്യത്തെ ആഗ്രഹിക്കുന്നവരത്രെ സർവ്വജനങ്ങളും. സൌന്ദര്യം ദൃഷ്ടിയുടെ ഭാഗ്യമാകുന്നു. ജീവിതത്തിന്റെ അനുഗ്രഹമാകുന്നു.

൨. ഘടകങ്ങളുടെ പ്രയോഗം ശരിയല്ലെങ്കിൽ തിരുത്തുക:

(ക) മതങ്ങളൊക്കെ സത്യത്തെ പുലത്തുകയും, നമ്മെ പരിശുദ്ധിയിലേക്കു നയിക്കുന്നു.

(ഖ) മഞ്ഞോ മഴ പെയ്യുതു്?

(ഗ) കണ്ടവർതന്നെയാണു് എന്നോടു പറഞ്ഞതു്; എന്നിട്ടും ഞാനതു വിശ്വസിച്ചു.

(ഘ) മോരിനു നല്ല പുളി വേണം; പക്ഷെ പുളിയിഷ്ടമില്ലാത്തവർ ചുരുങ്ങും.

(ങ) ഞാൻ ചെയ്യേണ്ടതു ചെയ്യു; എന്നാലും ദൈവമെന്നെ തുണക്കും.

(ച) ഞങ്ങഠം ഒട്ടുനേരം സംസാരിച്ചിരിക്കയും, ഒടുവിൽ നാടകത്തിനു പോകേണ്ടെന്നു വെയ്ക്കയാണുണ്ടായതു്.

(ഛ) കല്യാണപ്പന്തൽ ജനങ്ങളെ നിർദ്ധനരാക്കുന്നു. അനന്തരം ജനങ്ങളതു കാണുന്നില്ല.

(ജ) രാവണൻ വാണ നഗരമാണു് ലങ്ക. പിന്നീടതു് വളരെ ഐശ്വൎയ്യമുള്ളതായിരുന്നു.

(ഝ) അവൻ നോക്കി പ്രവൎത്തിക്കാതിരുന്നില്ല. എന്നിട്ടു വരേണ്ടതു വന്നുചേൎന്നു.

(ഞ) കോഴി കൂകി നേരം പുലൎന്നതറിയിച്ചു. എങ്കിലും കിടക്ക വിട്ടു ഞാനെഴുനേററു പോയി.

(ട) നല്ലവണ്ണം പഠിക്കുമെന്നു നീ പരീക്ഷയിൽ തോല്ക്കുകയില്ല.

(ഠ) നല്ലവണ്ണം പഠിക്കേണ്ടതാണു് എങ്കിൽ അഛൻ അവനോടു പറഞ്ഞു.

വ്യ. വ്യാക്ഷേപകങ്ങളിൽ യോജിക്കുന്നതിനെ വരയിട്ടിടത്തെഴുതുക :

(ക) —— സ്തുത്രംകൊണ്ടു ജയിക്കാമെന്നാണു കരുതിയതു് !

(ഖ) —— എന്തൊരു ദുർവിധിയാണിതു് !

(ഗ) —— സഹിക്കവെയ്യല്ലോ !

(ഘ) —— ഞാനതു അറിഞ്ഞിരുന്നെങ്കിൽ !

(ങ) —— ഞാനവനെ കാണട്ടെ !

# പത്താമദ്ധ്യായം.

## കൃതിവിഭാഗം — കേവലപ്രകൃതി, പ്രയോജകപ്രകൃതി.

൧. രോഗി മരുന്നു സേവിക്കുന്നു.

വൈദ്യൻ രോഗിയെ മരുന്നു സേവിപ്പിക്കുന്നു.

സേവിക്കുന്നുവെന്നതു കർത്താവു സ്വയമേവ നടത്തുന്ന ഒരു ക്രിയയെയാണു വിശദമാക്കുന്നതു്. സേവിപ്പിക്കുന്നുവെന്നതാകട്ടെ, ആ ക്രിയ നടക്കുന്നതിൽ അന്യന്റെ പ്രേരണകൂടിയുണ്ടെന്നു കാണിക്കുന്നു. സാധാരണയായി കൃതികൾക്കിങ്ങനെ രണ്ടുമാതിരി രൂപങ്ങളുണ്ടാകും. പറയുന്നു, കുളിക്കുന്നു, പാടുന്നു, പഠിച്ചു, കാണുന്നു എന്ന മട്ടിൽ കർത്താവു തനിയെ തന്നെ ആചരിക്കുന്ന ഒരു വ്യാപാരത്തെ കാണിക്കുന്ന കൃതി **കേവലം**. പറയിക്കുന്നു, കുളിപ്പിക്കുന്നു, പാടിക്കുന്നു, പഠിപ്പിക്കുന്നു, കാണിക്കുന്നു എന്നവിധം കർത്താവിന്റെ വ്യാപാരത്തെ പ്രേരണാസഹിതമാക്കി പ്രകാശിപ്പിക്കുന്ന കൃതി **പ്രയോജകം**.

൨. പ്രയോജക പ്രകൃതിയിൽ ക്രിയക്കു രണ്ടു കർത്താവുണ്ടാകും. സേവിപ്പിക്കുന്നുവെന്ന ക്രിയക്കു വൈദ്യനും രോഗിയും ആശ്രയങ്ങളാണു്. അതുകൊണ്ടു് അവ രണ്ടും കർത്തൃപദങ്ങളാകുന്നു. സാക്ഷാൽ ക്രിയ

നടത്തുന്നതു പ്രയോജ്യകത്താവും, ആ ക്രിയ നടത്തുവാൻ പ്രേരിപ്പിക്കുന്നതു പ്രയോജകകത്താവുമാണു്. ഉദാഹരണവാക്യത്തിൽ വൈദ്യൻ പ്രയോജകകത്താവും, രോഗി പ്രയോജ്യകത്താവുമെന്നു സ്പഷ്ടം.

പ്രയോജ്യകത്താവു ചിലപ്പോഠം സചേതനനും, ചിലപ്പോഠം അചേതനനുമായിരിക്കും. ഇവിടെ 'രോഗി' എന്ന പ്രയോജ്യകത്താവു സചേതനനാകുക. വേലക്കാരി അരി അരക്കുന്നുവെന്ന വാക്യത്തിൽ അരി എന്ന പ്രയോജ്യകത്താവു ചേതനയില്ലാത്തതാകുന്നു; അചേതനമാകുന്നു.

പ്രയോജ്യകത്താവു സചേതനമായിട്ടുള്ള കൃതിക്കു **സചേതനകത്തൃക**മെന്നു പേർ പറയും. പ്രയോജ്യകത്താവു അചേതനമായിട്ടുള്ള കൃതി **അചേതനകത്തൃക**മാകുന്നു. സേവിപ്പിക്കുന്നു, പഠിപ്പിക്കുന്നു, നീന്തിക്കുന്നു, ഓടിക്കുന്നു ഇത്യാദി സചേതനകത്തൃകങ്ങഠം. അരയ്ക്കുന്നു, ഉണക്കുന്നു, ഉടയ്ക്കുന്നു, പൊടിയ്ക്കുന്നു, പൊട്ടിക്കുന്നു തുടങ്ങിയുള്ളവ അചേതനകത്തൃകങ്ങഠം.

൩. അചേതനകത്തൃകങ്ങളായ കൃതികളിൽ ചിലതിനു രണ്ടുവിധം രൂപങ്ങഠം വരും.

ഭൃത്യൻ അരി പൊടിച്ചു.

അമ്മ ഭൃത്യനെക്കൊണ്ടു അരി പൊടിപ്പിച്ചു.

പൊടിച്ചുവെന്ന പ്രയോജകകൃതി അചേതനകത്തൃകമാണല്ലോ. പൊടിപ്പിച്ചുവെന്നുള്ളതു് അതിന്റെ

മറെറാരു രൂപം. അതിലും പ്രേരണാൎത്ഥമുണ്ടു്. അമ്മയുടെ പ്രേരണയാലാണു് ഭൃത്യൻ അങ്ങിനെ ചെയ്യുന്നതു്. പൊടിഞ്ഞുവെന്നതിൽ രണ്ടുവിധം പ്രേരണാൎത്ഥങ്ങൾ കലരുമ്പോഴത്രെ പൊടിപ്പിച്ചു വെന്ന രൂപത്തിൻെറ നിഷ്പത്തി. പൊടിഞ്ഞു കേവലപ്രകൃതി. പൊടിച്ചു, പൊടിപ്പിച്ചു ഇവ രണ്ടും പ്രയോജകപ്രകൃതി.

൪. അങ്ങുന്നു ഇങ്ങോളം കാളയെ നടത്തി.

അങ്ങുന്നു് ഇങ്ങോളം കാളയെ നടത്തിച്ചു. (നടത്തിപ്പിച്ചു.)

ഇവിടെ, കാള സചേതനമാണു്. എങ്കിലും പ്രയോജകകൎത്താവിൻെറ പ്രേരണ അധീനമാണല്ലോ. പരാധീനനായ പ്രയോജ്യകൎത്താവുള്ള കൃതികളെ അചേതനകൎത്തൃകങ്ങളായിട്ടാണു് ഗണിച്ചിട്ടുള്ളതു്. അതുകൊണ്ടു് നടത്തി എന്നും നടത്തിച്ചുവെന്നും പ്രയോജകപ്രകൃതിക്കു രണ്ടു രൂപങ്ങൾ കാണുന്നു.

---

## പരിശീലനം ൧൦.

൧. കേവലപ്രകൃതിയെ പ്രയോജകമാക്കി വാക്യം ഭേദപ്പെടുത്തുക :

(ക) വിശാലമായ കടലിൽകൂടെ കപ്പൽ ഓടുന്നു.

(ഖ) കുട്ടികൾ കരയുകയും ചിരിക്കുകയും ചെയ്യും.

(ഗ) ആന ഓട്ടുകയും ആളുകൾ ഭയപ്പെടുകയുമുണ്ടായി.
(ഘ) പട പോരിന്നു ഒരുങ്ങിനില്ക്കുന്നു.
(ങ) പഠിച്ച പാട്ടു പാടിയേ തീരു.

൨. പ്രയോജക കൃതി കേവലരൂപത്തിലാക്കി വാക്യം വ്യത്യാസപ്പെടുത്തുക:
(ക) തീററിയതും തരുവിച്ചതും ആരും വിളിച്ചോതരുതു്.
(ഖ) അയാളെക്കൊണ്ടു എന്തിനാണതു ചെയ്യിച്ചതു്?
(ഗ) ഭയപ്പെടുത്തി വളത്തിയ കുട്ടികൾ നേരെയാവുക പ്രയാസം.
(ഘ) മുമ്പിൽ നിരത്തിയ പടകളെയെല്ലാം പോരിൽ തോല്പിച്ചോടിച്ചു.
(ങ) വേഗത്തിൽ നടത്തിയ രഥത്തിലാണ് അസ്ത്രം പതിപ്പിച്ചതു്.

---

## പതിനൊന്നാമദ്ധ്യായം.

---

### ദ്രവ്യനാമഭേദങ്ങൾ — സംജ്ഞാനാമം, സാമാന്യനാമം, മേയനാമം, സവ്നാമം.

൧. ദ്രവ്യങ്ങളുടെ പേരായ ശബ്ദങ്ങളാണല്ലോ ദ്രവ്യനാമങ്ങൾ.

നദിയിൽ കുളിച്ചുവെന്നു പറഞ്ഞാൽ കാവേരിയിലോ, കൃഷ്ണയിലോ, യമുനയിലോ ഏതെങ്കിലും

ഒന്നിൽ കുളിച്ചുവെന്നു കരുതാം. നഗരത്തിലാണ് വളൎന്നതെന്നു ഒരുവൻ പറയുമ്പോഠം, അതുപോലെ, അയാഠം കൽക്കത്തയിലോ, മദിരാശിയിലോ, ഡെൽഹിയിലോ എവിടെയാണ വളൎന്നതെന്നു ഒരു തീൎച്ചയുണ്ടാവുകയില്ല. അതിനു കാരണമെന്താണ് ? കാവേരി തുടങ്ങിയുള്ളവയെല്ലാം നദി എന്ന ശബ്ദത്തിൽ ഗ്രാഹ്യങ്ങളാകുന്നു. കൽക്കത്ത തുടങ്ങിയവ, നഗരമെന്നതിലും ചേരുന്നു. നദി, നഗരം എന്ന രണ്ടു നാമങ്ങളും, ഒരേ ധൎമ്മത്തോടുകൂടിയ അനേകം എണ്ണങ്ങളുടെ ഒരു സമൂഹത്തെയാണ് കാണിക്കുന്നതു്. ധൎമ്മസാദൃശ്യമുള്ള അനേകം എണ്ണങ്ങഠം ഒരുമിച്ചു ചേരുന്നതിനു ജാതി എന്നാണ വ്യവഹാരം. സ്ത്രീ, പുസ്തകം, മാസം, നക്ഷത്രം, രാജ്യം, ഭാഷ മുതലായ ശബ്ദങ്ങളും, നദിയുടേയും നഗരത്തിൻേറയും മാതിരി, ഓരോ ജാതിയെ കുറിക്കുന്ന നാമങ്ങളാണ്.

വ. കാവേരിയിലോ, കൃഷ്ണയിലോ എവിടെയാണ കുളിച്ചതെന്നു കാണിപ്പാൻ ജാതിയെ കുറിക്കുന്ന നദീശബ്ദത്തിനു ശക്തിയില്ല. തന്മൂലം കാവേരി, കൃഷ്ണ എന്നീ പേരുകളിൽ വേണ്ടതിനെ നാം എടുത്തു പറകയാണ ചെയ്യുന്നതു്. കാവേരിനദിയിലെന്നപോലെ പൂയം നക്ഷത്രത്തിലും, തുലാം മാസത്തിലും, ചീനരാജ്യത്തിലും, തമിഴഭാഷയിലും ഉഠംപ്പെട്ട ഓരോ എണ്ണമാകുന്നു. ജാതിയിൽ അടങ്ങിയ ഓരോ എണ്ണത്തിനും വ്യക്തിയെന്നാണ് പേർ.

കാവേരി, പൂയം എന്നിവ വ്യക്തികളെ കുറിക്കുന്ന നാമങ്ങൾ ആണ്.

൩. ജാതിയിയും വ്യക്തിയുമെന്ന നിലയിൽ തിരിച്ചറിയുവാനരുതാത്തതായി ചില നാമങ്ങളുണ്ട്. മണൽ, വായു, വെള്ളം ചെമ്പ്, കല്ല്, അഗ്നി മുതലായവയെല്ലാം ഈ ഇനത്തിൽ പെട്ടവയാണ്. ഇവക്കൊന്നിനും ഏതെങ്കിലും ഒരു പരിമാണത്തിൽ ക്ലിപ്തമായ ആകൃതിനിയമം കല്പിക്കുവാനില്ല. വ്യക്തിഭേദത്തെ വ്യവസ്ഥപ്പെടുത്തുവാനില്ലാത്തതു് എപ്പോഴും സമൂഹരൂപമായിരിക്കുന്നു. മാനംകൊണ്ടു് (അളവു്) മാത്രമാണ് ഇതിനെ വേർതിരിക്കുവാൻ സാധിക്കുന്നതു്.

൪. നാം ഇവിടെ ദിവ്യനാമത്തിനു മൂന്നു വിഭാഗങ്ങൾ കണ്ടു. ജാതിയെ കുറിക്കുന്നതും, വ്യക്തിയെ കുറിക്കുന്നതും, അവ രണ്ടിലും പെടാതെ നില്ക്കുന്നതും. ഇവയിൽ ജാതിയെ കുറിക്കുന്നതു **സാമാന്യനാമം**; വ്യക്തിയെ കുറിക്കുന്നതു് **സംജ്ഞാനാമം**. വ്യക്തിവ്യത്യാസമില്ലാത്ത കൂട്ടവിലത്തേതു് **മേയനാമം**.

൫. സുകുമാരി അജയന്റെ മകളാണ്. സുകുമാരിക്കിപ്പോൾ പതിനഞ്ചു വയസ്സാകും. എന്നിങ്ങിനെ സുകുമാരി എന്ന പദം, അടുത്തടുത്തു് ആവർത്തിച്ചാലതു് അഭംഗിയാണ്. വാക്യങ്ങൾക്കു ആ ദോഷം പററാതിരിക്കുവാൻവേണ്ടി രണ്ടാമതൊരിടത്തു് സുകു

മാരി എന്നതിനു പകരം 'അവൾ' എന്നു പ്രയോഗിക്കുകയാണ് സാധാരണ ചെയ്തുവരുന്നതു്.

കളി അരമണിക്കൂറായി തുടങ്ങിയിട്ടു്. അതു് ഇപ്പോൾ അവസാനിക്കും.

ഈ വാക്യങ്ങളിൽ നാമത്തെ ആവർത്തിച്ചിട്ടില്ല. കളി എന്ന നാമത്തിനു പകരം പ്രയോഗിച്ചിരിക്കുന്ന ശബ്ദമാണ് 'അതു്' എന്നുള്ളതു്. അവൾ, അതു് എന്നിവ പകരം നിന്നുകൊണ്ടു് ഓരോ വസ്തുക്കളെ കുറിക്കുന്ന ശബ്ദങ്ങളാകയാൽ, നാമങ്ങളുടെ കൂട്ടത്തിൽ തന്നെ ചേരുന്നു. ഒരു നാമത്തിനു പകരം പ്രയോഗിക്കുന്ന നാമം **സർവ്വനാമ** മാകുന്നു. ദ്രവ്യം, ഗുണം, ക്രിയ ഈ മൂന്നിനത്തിൽപെട്ട നാമങ്ങൾക്കും പകരം സർവ്വനാമങ്ങൾ പ്രയോഗിക്കാവുന്നതുകൊണ്ടു് അവ നാമവിഭാഗത്തിൽ പ്രത്യേകം ഒരിനമാണെങ്കിലും, അർത്ഥംകൊണ്ടു് വസ്തുഭേദത്തെ നിർദ്ദേശിക്കാത്തവയാകയാൽ അങ്ങിനെ സ്വീകരിച്ചിട്ടില്ല. സർവ്വനാമങ്ങളിലധികവും ദ്രവ്യനാമങ്ങൾക്കു പകരം നില്ക്കുന്നവയത്രെ.

൫൯. സർവ്വനാമത്തെ പ്രാധാന്യേന മൂന്നുവിധമായി കല്പിക്കാം.

ഞാൻ പറഞ്ഞതു നീ കേട്ടില്ലേ ?

ഞാൻ, നീ ഈ ശബ്ദങ്ങൾ രണ്ടും വക്താവും, ശ്രോതാവുമെന്ന രണ്ടു ആളുകളെ കുറിക്കുന്നവയാണ്. വക്താവിനും, ശ്രോതാവിനും പകരമായി നില്ക്കുന്ന സർവ്വനാമങ്ങൾക്കു **പുരുഷാർത്ഥകസർവ്വനാമങ്ങൾ**

എന്നാണ് പേരു്. ഞങ്ങൾ, നിങ്ങൾ, നാം, താങ്കൾ, താൻ, അങ്ങ് തുടങ്ങിയവയും, പറയുന്നതും കേൾക്കുന്നതുമായ ആളുകളെ കുറിക്കുന്നവയാകയാൽ പുരുഷാത്ഥകസവ്നാമങ്ങൾ തന്നെ.

൬. അവൻ അതു ചെയ്യല്ലോ.

അവൻ, അതു എന്നിവ രണ്ടും ഓരോ നാമങ്ങൾക്കു പകരം പ്രയോഗിച്ചിട്ടുള്ളവയാണ്. രണ്ടും, ഓരോ വസ്തുവിനെ നിർദ്ദേശിക്കുന്നു. ഇവൾ, ഇതു്, അവ എന്നു തുടങ്ങി വസ്തുക്കളെ ചൂണ്ടിപറയുവാൻ വേറേയും സവ്നാമങ്ങൾ ഉപയോഗിക്കാറുണ്ടു്. ഇവക്കു നിദശ്കനാമങ്ങൾ എന്നു പറയുന്നു.

൭. ആരാണ് ഇപ്പോൾ വന്നതു് ?

'ആരു്', എന്നതു്, വന്ന ആൾക്കുപകരം ചോദ്യാത്ഥത്തിൽ നില്ക്കുന്ന ശബ്ദമാകുന്നു. ഇതുപോലെ എന്തു്, ഏതു്, ഏവൻ, ഏവ എന്നു തുടങ്ങി ചോദ്യാത്ഥത്തെ കാണിക്കുവാൻ പ്രയോഗിക്കുന്ന സവ്നാമങ്ങളെ **പ്രശ്നാത്ഥകസവ്നാമങ്ങൾ** എന്നു വിളിക്കുന്നു.

---

## പരിശീലനം ൧൧.

൧. സാമാന്യനാമവും, സംജ്ഞാനാമവും വെവ്വേറെ എടുത്തെഴുതുക :

(ക) രജപുത്രവംശത്തിലെ സ്ത്രീകൾക്കു് ഒരലങ്കാരമായിരുന്നു പത്മിനി.

(ഖ) ഏഷ്യയിലുള്ള രാജ്യങ്ങളിൽവെച്ച് വലുപ്പമേറിയതു് ചൈനയും, നാഗരികതാമേറിയതു ജപ്പാനുമാണു്.

(ഗ) ഡൽഹി വാണിരുന്ന ചക്രവർത്തിമാർ പ്രതാപശാലികളായിരുന്നു.

(ഘ) ഹിമവാൻ എന്ന പർവ്വതത്തിൻെറ മകളാണു് പാർവ്വതി ; മകനാണു് മൈനാകം.

(ങ) മതങ്ങളിൽ പഴക്കമേറിയതു് ഹിന്ദുമതവും, പ്രചാരമേറിയതു ക്രിസ്തുമതവും എന്നാണു് ജനങ്ങൾ പറയാറുള്ളതു്.

(ച) ഉർവ്വശി, മേനക, രംഭ തുടങ്ങിയ സ്വർഗ്ഗസ്ത്രീകളെ തപസ്വികളുടെ വ്രതം ഭംഗപ്പെടുത്തുവാൻ വേണ്ടി, അവരുടെ ആശ്രമസ്ഥാനങ്ങളിലേക്കു് ദേവേന്ദ്രൻ അയച്ചിരുന്നുവത്രെ.

വ. മേയനാമം എടുത്തു കാണിക്കുക :

(ക) പാലും വെള്ളവും ചേർന്നാലെങ്ങിനെ വേർതിരിക്കും ?

(ഖ) പൊന്നോ വെള്ളിയോ അല്ല ജീവിതത്തിലെ സുഖസാധനം.

(ഗ) ഇരുട്ടും വെളിച്ചവുംപോലെ, മഴയും വെയിലും പോലെ തീരെ പൊരുത്തമില്ലാത്തവരാണിരുവരും.

(ഘ) ചിലടത്തു ചളി, ചിലടത്തു പൂഴി, ചിലടത്തു ചരൽ അങ്ങിനെ ഇവിടന്നു് അവിടത്തോളം വഴി അസുഖപ്രദമാണു്.

(ങ) അഗ്നിയും വായുവും ആകാശത്തിന്റെ സന്തതികളത്രെ.

൩. നാമങ്ങളെ ആവൎത്തിച്ചിട്ടുള്ള ദോഷം സൎവ്വനാമങ്ങളെക്കൊണ്ടു് പരിഹരിക്കുക :

(ക) ദുര മനുഷ്യനെ ദുഷിപ്പിക്കുന്നു. ദുര ആൎക്കും ഉണ്ടായിരിക്കരുതു്.

(ഖ) ശുക്രമഹൎഷി അസുരന്മാരുടെ കുലഗുരുവാണ്. ശുക്രമഹൎഷി ഒരു ബ്രാഹ്മണനാകുന്നു. ദേവയാനി ശുക്രമഹൎഷിയുടെ മകളാണ്.

(ഗ) ആനന്ദം പുണ്യത്തിന്റെ ഫലമാകുന്നു. ആനന്ദത്തിനാണ് ആരുടേയും ഉദ്യമം. എങ്കിലും ആനന്ദമനുഭവിക്കുന്നവരില്ല.

(ഘ) പ്രതാപം രാജാവിന്റെ അലങ്കാരമാണ്. പ്രതാപം ഇല്ലാത്തവൻ രാജാവല്ല. പ്രതാപമുള്ളവനെ സൎവ്വരും ആരാധിക്കുന്നു.

(ങ) പുരപണി തുടങ്ങിയിട്ടു രണ്ടായി മാസം. പുരപണി ഇനിയുമവസാനിച്ചിട്ടില്ല.

൪. പുരുഷാൎത്ഥകസൎവ്വനാമവും, നിദൎശകസൎവ്വനാമവും, പ്രശ്നാൎത്ഥകസൎവ്വനാമവും വെവ്വേറെ കാണിക്കുക :

(ക) രമ നിന്നോടു് പറഞ്ഞതു് അവൻ കേട്ടുവത്രെ. എന്താണ് അവൾ പറഞ്ഞതു് ?

(ഖ) ഏതുവഴിയെയാണു നമ്മൾ പോയതു് ? അതു് താങ്കൾക്കു ഓൎമ്മയില്ലല്ലോ.

(ഗ) ആരുണ്ട് ദൈവമല്ലാതെ ദുഃഖികൾക്കൊരു സഹായി? അദ്ദേഹം അവരെ ആശ്വസിപ്പിക്കും. നാം ആപത്തിലും, ഐശ്വര്യത്തിലും എന്തിലും ദൈവത്തെ സ്മരിക്കണം.

(ഘ) ഇതു് മഞ്ഞുകാലമല്ലേ? താൻ പുറത്തുകിടക്കരുതു്. യാതൊരുത്തൻ സൂക്ഷിക്കുന്നു, അയാൾക്കു വിഷാദിക്കേണ്ടിവരില്ല. എപ്പോഴും ഏതിലും നാമീതത്വം വിസ്മരിച്ചുകൂട.

(ങ) അസൂയ, കോപം, ആഗ്രഹം ഇവ ഏവനിലും ആപത്തിൻെറ എഴുന്നെള്ളത്തിലെ തീവെട്ടികളാകുന്നു.

---

## പന്ത്രണ്ടാമദ്ധ്യായം.

---

## വാക്യഭേദങ്ങൾ — പ്രസ്താവന, ചോദ്യം, വിധി, നിഷേധം.

൧. മാലതി അംബുജത്തോടു, 'ഞാൻ നിന്നെ നാളെ വിവരമറിയിക്കാം' എന്നു വിളിച്ചു പറഞ്ഞു.

"നീ എന്നെ വിവരമറിയിക്കുമോ?" അംബുജം അതു കേൾക്കാതെ എടുത്തുചോദിച്ചു.

മാലതിയും അംബുജവും ഓരോ വാക്യത്തിൻെറ രൂപത്തിലാണു് അവരവരുടെ ആശയം പ്രകാശിപ്പി

ച്ചിട്ടുള്ളതു്. എന്നാൽ ആ വാക്യങ്ങൾ രണ്ടും ഒരുപോലെയുള്ളവയല്ല. മാലതി ഒരു സംഗതി പ്രസ്താവിച്ചു. അംബുജമാകട്ടെ, ഒരു സംഗതി ചോദിക്കുകയാണു ചെയ്യുതു്. പ്രസ്താവിക്കുന്ന സമ്പ്രദായത്തിലുള്ള വാക്യങ്ങൾ പ്രസ്താവനകൾ. ചോദിക്കുന്ന തരത്തിലുള്ളവ ചോദ്യങ്ങൾ.

ചോദ്യവാക്യങ്ങൾ പ്രസ്താവനകളിൽനിന്നും എങ്ങിനെ രൂപത്തിൽ വ്യത്യാസപ്പെടുന്നുവെന്നു ശ്രദ്ധ വെച്ചു നോക്കുക:

| പ്രസ്താവന. | ചോദ്യം. |
| --- | --- |
| കഥകളി അവൻ കണ്ടിട്ടുണ്ടു്. | കഥകളി അവൻ കണ്ടിട്ടുണ്ടോ? |
| ആമസാൺ ആണ് ലോകത്തിൽവെച്ചു വീതികൂടിയ നദി. | ലോകത്തിൽവെച്ചു വീതികൂടിയ നദി ആമസാൺ ആണോ? |

൨. പ്രസ്താവന വിധിരൂപത്തിലും നിഷേധരൂപത്തിലും വരും. ഒന്നിനെ നിർദ്ദേശിച്ചോ, അനുവദിച്ചോ പറയുന്നതു വിധി. അതിനെ മറുത്തുപറയുന്നതു് അല്ലെങ്കിൽ നിഷേധിക്കുന്നതു നിഷേധം.

| വിധി. | നിഷേധം. |
| --- | --- |
| അമ്മ കുളിക്കുന്നുണ്ടു്. | അമ്മ കുളിക്കുന്നില്ല. |
| വൃദ്ധ ചമഞ്ഞാൽ യുവതിയാകും. | വൃദ്ധ ചമഞ്ഞാൽ യുവതിയാകാ. |

| | |
|---|---|
| അമ്മായിക്കിപ്പോഠ എഴുന്നേററ നടക്കാം. | അമ്മായിക്കിപ്പോഠ എഴുന്നേററ നടക്കാൻ വഹിയാ (വയ്യാ.) |
| ഭാഗ്ഗവി പാടുന്നതു് അകലെ കേഠക്കാം. | ഭാഗ്ഗവി പാടുന്നതു് അകലെ കേട്ടുകൂടാ. |

മേലെഴുതിയ ദൃഷ്ടാന്തങ്ങളിൽനിന്നു, വിധിയെ നിഷേധരൂപമാക്കുവാൻ ക്രിയാപദത്തോടു ഇല്ല, ആ, വഹിയാ എന്നിങ്ങിനെ ചില ശബ്ദങ്ങഠ കൂട്ടിച്ചേ ത്താൽ മതിയാകുമെന്നു സ്പഷ്ടം. വഹിയാ, കൂടാ (കൂടുക എന്നതിൽ ആ എന്ന നിഷേധം ചേൎന്ന രൂപം) എന്നിവയെ അകാരാന്തമായിട്ടാണു സാധാരണ ഗദ്യ ത്തിൽ ഉപയോഗിക്കാറുള്ളതു്.

ഇല്ല എന്നതു ചിലപ്പോഠ തനിയെ നിന്നും നിഷേധത്തെ കാണിക്കുന്നതാണു്. നോക്കുക :

| | |
|---|---|
| അവനു വ്യസനമുണ്ടു്. | വിധി. |
| അവനു വ്യസനമില്ല. | നിഷേധം. |

ഈ മാതിരി അല്ല എന്ന ശബ്ദവും മറെറാന്നി നോടു ചേരാതെ വാക്യത്തെ നിഷേധരൂപത്തി ലാക്കും :

| | |
|---|---|
| സുശീല സുന്ദരിയാണു്. | വിധി. |
| സുശീല സുന്ദരിയല്ല. | നിഷേധം. |

ന. ചില നിഷേധാത്ഥങ്ങളായ ശബ്ദങ്ങഠക്കു പ്രത്യേകതയുണ്ടു്. അവയെ രണ്ടെണ്ണം ഒരുമിച്ചുചേത്തു പയോഗിച്ചാൽ വാക്യത്തിനു നിഷേധത്തിൻെറ

ഛരായ തോന്നുമെങ്കിലും, അത്ഥത്തിൽ അതു വിധി തന്നെ ആശ്രയിച്ചിരിക്കും.

അലസനു വിജയമുണ്ടാകാം.

അലസനു വിജയമുമ്പാകുവാൻ വയ്യെന്നില്ല.

രൂപത്തിലല്ലാതെ ഒന്നും രണ്ടും വാക്യങ്ങൾക്ക തങ്ങളിൽ അത്ഥത്തിനു വ്യത്യാസമില്ല. 'ഉണ്ടാകാം' എന്നതിൻെറ നിഷേധരൂപമാണു് ഉണ്ടാകുവാൻ വയ്യ എന്നതു്. 'ഇല്ല' എന്ന ഒരു നിഷേധത്തെക്കൂടി അതിനോടനുബന്ധിച്ചപ്പോൾ (ഉണ്ടാകുവാൻ വയ്യെന്നില്ല) ഉണ്ടാകാമെന്ന പ്രസ്താവനതന്നെയായി. രണ്ടു നിഷേധങ്ങൾ കൂടുമ്പോൾ അനുവാദമെന്നത്ഥം. പക്ഷെ, ഇത്തരം വാക്യങ്ങളെ ചില പ്രത്യേക സന്ദർഭങ്ങളിൽ മാത്രമേ പ്രയോഗിച്ചുകൂടു. ഉദാഹരണംകൊണ്ടു് ആ സംഗതി വ്യക്തമാക്കാം.

ചൈനക്ക വീരന്മാരായ പടയാളികളില്ലാതില്ല. പക്ഷെ, വേണ്ടിടത്തോളം പടക്കോപ്പുകളാണു് അവക്കില്ലാത്തതു്.

ചൈനയുടെ ദുബ്ബലത പടയാളികളെ സംബന്ധിച്ചല്ലെന്നു പ്രത്യക്ഷപ്പെടുത്തുവാൻ 'പടയാളികളുണ്ടു്' എന്നതിനേക്കാൾ 'പടയാളികളില്ലാതില്ല' എന്ന പ്രസ്താവനക്ക അധികം ശക്തിയുണ്ടല്ലോ.

൪. രമ എന്നെ വന്നു കാണാതിരിക്കുമോ?

ഇവ രണ്ടും ചോദ്യവാക്യങ്ങളാണു്. എങ്കിലും രണ്ടും ഒരുപോലെയുള്ളവയാണെന്നു് നിങ്ങൾ സമ്മ

തിക്കുകയില്ല. ആദ്യത്തേതു് അറിയാത്ത ഒരു കാര്യം അറിയുവാനുള്ള ഒരു ചോദ്യം. അതുകൊണ്ടതിനെ പ്രശ്നവാക്യമെന്നു പറയാം. രണ്ടാമത്തേതാകട്ടെ, സ്വാഭിപ്രായത്തോടു ശ്രോതാവിനുണ്ടാകാവുന്ന ആനുകൂല്യത്തെ ഗ്രഹിക്കുവാൻവേണ്ടി ചെയ്യുന്ന ഒരു ചോദ്യമാണു്. അതിനു് ആക്ഷേപമെന്നു പേർ.

രണ്ടിനും വേറെ ഉദാഹരണങ്ങൾ :

ഇന്നു വെയിൽ ഉണ്ടാകുമോ ? — പ്രശ്നം.
ഇന്നു വെയിൽ ഉണ്ടാകാതിരിക്കുമോ — ആക്ഷേപം.
ആനയാണോ ആ പോയതു് ? — പ്രശ്നം.
ആനയല്ലേ ആ പോയതു് — ആക്ഷേപം
അവനകത്തേക്കു കടക്കാമോ ? — പ്രശ്നം.
അവനകത്തേക്കു കടക്കരുതേ ? — ആക്ഷേപം.

൫. പ്രസ്താവനയെ ചോദ്യമാക്കി മാററുന്നതിനു മുകളിൽ കൊടുത്തിട്ടുള്ള വാക്യങ്ങളിൽ 'ഓ', 'ഏ' എന്ന ദ്യോതകഭേദങ്ങളെ ഉപയോഗിച്ചിരിക്കുന്നു—ഉണ്ടാകും + ഓ = ഉണ്ടാകുമോ ; അല്ല + ഏ= അല്ലേ ; പോകരുതു് + ഏ = പോകരുതേ.

ചില സർവ്വനാമശബ്ദങ്ങൾ പ്രയോഗിച്ചും പ്രസ്താവനയെ ചോദ്യരൂപമാക്കി മാററുവാൻ കഴിയും. ഏതു, എന്തു, എത്ര, എന്നു, എവിടെ, ഏവ, ആരു് ഇവയൊക്കെ ആ വക സർവ്വനാമങ്ങളിൽ പെടും.

ഉദാഹരണം :

| | |
|---|---|
| ഏതുദിക്കിലേക്കാണ് അച്ഛൻ പോയിട്ടുള്ളതു് ? | ഏതു് |
| എന്തുസംഗതിയാണ് നിങ്ങളെ അവൻ ഏല്പിച്ചതു് ? | എന്തു് |
| എത്ര പാലുണ്ടു് പശുവിന്നു് ? | എത്ര |

൩. മുകളിൽ വായിച്ച എല്ലാ ചോദ്യവാക്യങ്ങളുടേയും ഒടുവിൽ '?' ഇങ്ങിനെ ഒരടയാളമിട്ടിരിക്കുന്നതു് നിങ്ങൾ കണ്ടല്ലോ. ഇതിന്നു ചോദ്യചിഹ്നം അല്ലെങ്കിൽ കാകു എന്നാണു് പേരു്. ചോദ്യവാക്യങ്ങളുടെ അവസാനത്തിൽ ചോദ്യചിഹ്നം ചേർക്കേണ്ടതാകുന്നു.

---

## പരിശീലനം ൧൨.

൧. താഴെ കൊടുത്തിട്ടുള്ള പ്രസ്താവനകളെ ചോദ്യവാക്യങ്ങളാക്കുക :

(ക) കോട്ടയെ രക്ഷിക്കുവാൻ രജപുത്രർ ആവുന്നതെല്ലാം നോക്കി.

(ഖ) വിഷ്ണുവാണ് ത്രിമൂർത്തികളിൽ പ്രധാനി.

(ഗ) എന്തുപറഞ്ഞാലും അവൾക്കൊരു കൂസലുമില്ല.

(ഘ) നദിയിൽനിന്നാകുന്നു കടൽവെള്ളത്തിന്നുപ്പുണ്ടായതു്.

വ. നിഷേധരൂപവും ചോദ്യരൂപവും ഓരോന്നിനും എഴുതുക :

(ക) അവനെപ്പോഴും ആവലാതി പറയുന്നു.
(ഖ) സുഭദ്രയെ അപഹരിപ്പാനായിരുന്നു അർജ്ജുനൻ സന്ന്യാസിയായി ചെന്നതു്.
(ഗ) സുധി വീട്ടിലെത്തിയ ഉടനെ അച്ഛനെ കണ്ടു.
(ഘ) ജീവിതത്തിന്റെ വൈരികളാകും ദുഃഖവും നിരാശയും.
(ങ) ദുശ്ശാസനനുണ്ടു് ഭീമനോളം ശക്തി.

ന. ഓരോന്നിനേയും വിധിരൂപമാക്കുക :

(ക) ദയയല്ല മനുഷ്യന്റെ ധർമ്മങ്ങളിൽവെച്ചുത്തമം.
(ഖ) അരവിന്ദനു ഒരാളില്ല ഇന്നു ബന്ധുവായി.
(ഗ) ഇന്ദിരക്കു ചേരുന്നവനല്ലായിരുന്നു ആ ഭർത്താവു്.
(ഘ) പാട്ടുപാടിയില്ല, പന്താടിയില്ല — പഴുതായില്ല പകൽനേരം.

ര. താഴെയുള്ള ചോദ്യങ്ങളെ പ്രസ്താവനകളാക്കി ഭേദപ്പെടുത്തുക :

(ക) പീരങ്കികളുടെ തകൃതിയല്ലെ ഈ കേൾക്കുന്നതു് ?
(ഖ) തുള്ളൽ കവിത ആദ്യമായുണ്ടാക്കിയതാരായിരുന്നു ?
(ഗ) നാടകമോ കഥകളിയോ ഏതാണു് കാണുവാനധികം രസം ?
(ഘ) ചെങ്ങാതി നല്ലവനായിരിക്കേണ്ടയോ ?

ഒ. വേണ്ടിടത്തു ചോദ്യചിഹ്നമിടുക :

(ക) ആരു് അക്കള്ളനെ സഹായിക്കും.

(ഖ) ആരും അക്കള്ളനെ സഹായിക്കും.

(ഗ) വംശശുദ്ധിയല്ലേ കാര്യം.

(ഘ) അങ്ങിനെയല്ല പറഞ്ഞതു്.

(ങ) കേഠംക്കരുതേ കുറുക്കൻ ഓരിയിട്ടതു്.

(ച) ഇന്നാളുമുണ്ടായോ ഇങ്ങിനെ ഒരു വിഷമം.

(ഛ) നാളെയുണ്ടാകട്ടെ ഇങ്ങിനെ ഒരു വിഷമം.

(ജ) സൈ്വരമായിരുന്നു ഇന്നലെവരെ. കണ്ടില്ലേ, ഇന്നത്തെ സ്ഥിതി.

---

# പതിമൂന്നാമദ്ധ്യായം.

---

## കൃതിവിഭാഗം — മുററുവിന, പററുവിന, പേരെച്ചം, വിനയെച്ചം.

മ. കൃതികഠം സ്വതന്ത്ര്യങ്ങളും, അസ്വതന്ത്ര്യങ്ങളുമെന്നു രണ്ടു വിധമുണ്ടു്.

രമ ഒരു പാട്ടുപാടി.

രമ പാടിയ പാട്ടു എന്റെ കാതു കുളൎപ്പിച്ചു.

ആദ്യവാക്യത്തിലെ 'പാടി' എന്ന ക്രിയ, അതിന്റെ അൎത്ഥപൂൎത്തിക്കായി അന്യപദത്തിനു കീഴടങ്ങുന്നില്ല. അതു സ്വതന്ത്ര്യമായി നില്ക്കുന്നു. രണ്ടാംവാക്യ

കൃത്തിലെ 'കുളപ്പിച്ചു'വെന്നതും, അതിൻവണ്ണം, അന്യാധീനപ്പെട്ടതല്ല. എന്നാൽ അതിലെ 'പാടിയ' എന്ന ക്രിയാശബ്ദം, അൎത്ഥം പൂൎണ്ണമാകുവാൻ, പാട്ടു എന്ന നാമത്തിനു് അംഗമായിട്ടാണു നിലകൊള്ളുന്നതു്. അതുകൊണ്ടു അതു് അസ്വതന്ത്രമാകുന്നു. ഓമന കളിച്ചു കളിക്കുന്നു — ഈ വാക്യത്തിലുമുണ്ടു് അസ്വതന്ത്രമായ ഒരു ക്രിയ. 'കളിക്കുന്നു' എന്ന ക്രിയ സ്വതന്ത്രമായി നിന്നുകൊണ്ടു വാക്യാൎത്ഥത്തെ അവസാനിപ്പിക്കുന്നു. 'കളിച്ചു'വെന്നതാകട്ടെ, അതിനോടു സംയോജിക്കുന്ന ഒരു അംഗവുമാണു്. വാക്യത്തിൽ സ്വതന്ത്രമായി വൎത്തിക്കുന്ന ക്രിയ **മുററുവിന.** അന്യപദത്തിനോടു ചേൎന്നു അസ്വതന്ത്രമായി വൎത്തിക്കുന്ന ക്രിയ **പററുവിന.** മുററുവിനകൾ പൂൎണ്ണക്രിയ എന്നും പററുവിനയ്ക്കു അപൂൎണ്ണക്രിയ എന്നും നാമാന്തരങ്ങളുണ്ടു്.

വേറെ ഉദാഹരണം :

| മുററുവിന. | പററുവിന. |
|---|---|
| തകൎന്നു. | പറഞ്ഞ (കാൎയ്യം). |
| ഊതി. | ചതിച്ച (പുള്ളി). |
| പ്രതീക്ഷിക്കാം. | പ്രതീക്ഷിച്ച (വാണു). |
| അറിയണം. | അറിയേണ്ടും (സംഗതി). |

൨. ഒരു നാമത്തിനും ഒരു ക്രിയക്കും പററുവിനകൾ അംഗങ്ങളായി വരാമെന്നു മുകളിലെ ഉദാഹര

ണങ്ങളിൽനിന്നു വ്യക്തമായിട്ടുണ്ട്. താഴെ കൊടുത്തിട്ടുള്ള വാക്യങ്ങൾകൂടി നോക്കുക :

കുട്ടി ഓടിക്കളിക്കുന്നു.

പറഞ്ഞ കാര്യം മറന്നുപോയി.

ഇവിടെ ഓടി, പറഞ്ഞ ഇവ രണ്ടും അംഗക്രിയകളാണ് ; പറവിനകളാണ്. ആദ്യത്തേതു്, കളിക്കുന്നുവെന്ന കൃതിയുടെ അംഗമായി നില്ക്കുന്നു. രണ്ടാമത്തേതു്, കാര്യം എന്ന നാമത്തിനോടു ചേരുന്നതാണ്.

ഒരു കൃതിക്കു അധീനമായ പറവിനക്കു **വിനയെച്ചം** അല്ലെങ്കിൽ ക്രിയാംഗം എന്നാണ് പേർ. വിന എന്നുവെച്ചാൽ ക്രിയ. എച്ചം എന്നതിനു അംഗമെന്നർത്ഥം. നാമത്തിനു അധീനമായ പറവിന **പേരെച്ച**മാകുന്നു. 'പേരി'നു നാമമെന്നാണർത്ഥം. പേരെച്ചത്തിനു നാമാംഗമെന്നും പറയും.

വേറെ ഉദാഹരണം :

പേരെച്ചത്തിനു:
- വായിച്ച പുസ്തകം.
- തിന്നുന്ന പുല്ല്.
- ഓടുന്ന പശു.
- കാണേണ്ട കാഴ്ച.

വിനയെച്ചത്തിനു:
- വായിച്ചു തീൻു.
- തിന്നു നടക്കുന്നു.
- ഓർത്തു പറഞ്ഞു.
- ചുവന്നു കലങ്ങി.

# പരിശീലനം ൮൩.

൧. മുററവിന എടുത്തെഴുതുക :

അച്ഛൻ മകനോട കയൎത്തു. അച്ചുതൻ ചോദിച്ചതു തന്നു. മരങ്ങൾ തകൎത്തുകൊണ്ടിതാ, കാററ സഞ്ചരിക്കുന്നു. അവനന്നു ഓടി രക്ഷപ്പെട്ടു. പറഞ്ഞ കഥ ഒന്നുകൂടി പറയൂ. കേട്ടതൊന്നും നേരായിരിക്കയില്ല. സത്യം പുലരണം. കുട്ടിയെ തേച്ചുകളിപ്പിക്കാം. പാവം, അവൾ ഓടികിതച്ചു.

൨. യോജിക്കുന്ന പദവിനെ ചേൎത്തെഴുതുക :

(ക) ശയ്യയിൽ . . . . രോഗി ചിലപ്പോൾ താനറിയാതുറങ്ങിപ്പോകും.

(ഖ) സ്ത്രീകൾ ചൊവ്വാഴ്ചയും വെള്ളിയാഴ്ചയും . . . . കുളിക്കണം.

(ഗ) . . . ശത്രുക്കൾ . . . രക്ഷപ്പെട്ടു.

(ഘ) . . . അച്ഛനു എപ്പോഴും സംസാരിക്കണം.

(ങ) ദുഃഖം . . . . ഭൂതകാലം ഞാനോക്കുകയില്ല.

൩. പേരെച്ചമെടുത്തെഴുതുക :

(ക) പറഞ്ഞ വാക്കു, ചെയ്യ കൎമ്മം ഇവ പ്രയാസപ്പെട്ടേ പരിഹരിപ്പാനാകു.

(ഖ) പറക്കുന്ന പക്ഷിയെ പിടിക്കുന്ന മനുഷ്യനുണ്ടോ?

(ഗ) കുതിക്കുന്ന കുതിര ചിലപ്പോൾ ചതിക്കുന്ന ചെങ്ങാതിയാണ്.

(ഘ) കേട്ട കേളിപോലെയല്ല കണ്ട അനുഭവം.
(ങ) കരയുന്ന പെണ്ണിനേയും ചിരിക്കുന്ന ശത്രുവി
നേയും വിശ്വസിക്കുവാൻ വയ്യ.

൪. വിനയെച്ചമെട്ടത്തെഴുതുക:
(ക) മാൻ പുലിയെ കണ്ടാൽ പേടിച്ചോട്ടം.
(ഖ) ക്രുദ്ധനായ രാജാവിനെ മന്ത്രി പറഞ്ഞു സമാ
ധാനപ്പെട്ടത്തി.
(ഗ) ഞാൻ മേശയുടെ വലിപ്പുകൾ തുറന്നു നോക്കി.
(ഘ) ബുദ്ധിമാന്മാർ ഓരോന്നും ആലോചിച്ചു പ്രവ
ർത്തിക്കുന്നു.
(ങ) അലകൾ അതാ, ആറ്റു കയറുന്നു.

## പതിന്നാലാമദ്ധ്യായം.

## വാക്യഭംഗി.

൧. തഴെ കാണുന്ന വാക്യങ്ങൾക്കു എന്തൊരു ഭംഗിയാണുള്ളതെന്നു് പരിശോധിക്കുക:

ഉത്സാഹം നല്ലൊരു ഗുണമാണു്.

ഉത്സാഹം ജീവിതസുഖത്തെ സഞ്ചയിക്കുന്നു.

'ഉത്സാഹം' എന്ന നാമത്തെ ആവർത്തിച്ചിരിക്കുന്നതാണു് ഇവിടെ അഭംഗിക്കു കാരണം. വാക്യങ്ങളിൽ ഒരേ പദത്തെ അടുത്തടുത്താവർത്തിച്ചാൽ അതു കേൾപ്പാൻ അസുഖമായി തോന്നും. ഈ ദോഷം വരു

ത്താതെ കഴിക്കുന്നതിന് വാക്യരചനയിൽ പ്രത്യേകം മനസ്സിരുത്തേണ്ടതാണ്. സർവ്വനാമത്തെ ഉപയോഗിച്ചാൽ മതി, നാമങ്ങളുടെ ആവർത്തനംകൂടാതെ കഴിക്കാം. നോക്കുക :

ഉത്സാഹം നല്ലൊരു ഗുണമാണ്.

അതു് ജീവിതസുഖത്തെ സഞ്ചയിക്കുന്നു.

'അതു്' എന്ന സർവ്വനാമത്തിന്റെ വാക്യങ്ങളുടെ അഭംഗി പരിഹരിച്ചിരിക്കുന്നു.

൨. സർവ്വനാമത്തിനു പകരം, സാമാന്യനാമത്തേയോ ഗുണനാമത്തേയോ ചിലപ്പോൾ പ്രയോഗിക്കാറുണ്ടു്. അവയ്ക്കൊരു വിശേഷണം ആവശ്യമായിരിക്കുമെന്നേയുള്ളു.

രാമനു പഠിപ്പിൽ നല്ല താല്പര്യമുണ്ടു്.

ആ കുട്ടി ഇക്കൊല്ലം പരീക്ഷയിൽ ജയിക്കും.

ചുകപ്പു് അന്തിമുകിലിനു് സൌന്ദര്യമാണ്.

ഈ വർണ്ണം സൂര്യരശ്മിയിൽനിന്നത്രെ ഇതിൽ പകരുന്നതു്.

കുട്ടി സാമാന്യനാമം. വർണ്ണം ഗുണനാമം. സർവ്വനാമത്തിന്റെ സ്ഥാനത്തുനിന്നു് ഇവ വാക്യങ്ങൾക്കു വൈചിത്ര്യം ജനിപ്പിച്ചിരിക്കുന്നു. ആ, ഈ എന്ന രണ്ടു ഭേദകങ്ങളാണ് ഇവയുടെ മുമ്പിൽ നില്ക്കുന്നതു്. ആ 'അ' എന്ന സർവ്വനാമത്തിന്റെ രൂപഭേദവും, ഈ 'ഇ' എന്ന സർവ്വനാമത്തിന്റെ രൂപഭേദവുമത്രെ. ആദ്യ

ത്തേതു് അകന്നിരിക്കുന്നതിനേയും, പിന്നത്തേതു് അടുത്തിരിക്കുന്നതിനേയും കുറിക്കുന്നവയാണു്. സാമാന്യനാമത്തേയോ, ഗുണനാമത്തേയോ ഇവയിൽ ഒന്നിനെ ചേർത്തു സർവ്വനാമമെന്നപോലെ പ്രയോഗിക്കാം.

ഉ. നളൻ നിഷധരാജ്യത്തിലെ രാജാവായിരുന്നു.
അദ്ദേഹം രൂപത്തിൽ കാമദേവനു തുല്യനായിരുന്നു.

'ആയിരുന്നു' എന്ന ഒരേ കൃതിതന്നെ ആ വാക്യങ്ങളുടേയും അന്ത്യത്തിൽ നില്ക്കുന്നതുകൊണ്ടാണു് ഇവിടെ അഭംഗി കടന്നുകൂടിയിട്ടുള്ളതു്. ക്രിയാപദങ്ങളുടെ ആവർത്തനംകൊണ്ടും വാക്യങ്ങൾക്കു അഭംഗിയുണ്ടാകും. സാധാരണയായി വാക്യങ്ങൾ അവസാനിക്കുന്നതു് ക്രിയാപദത്തോടുകൂടെയാണല്ലോ. പദവിന്യാസത്തിലുള്ള ഈ ക്രമം നോക്കാതെ വാക്യരൂപം ഭേദപ്പെടുത്തിയാൽ പ്രായേണ അഭംഗി പരിഹൃതമാകും. നോക്കുക:

നിഷധരാജ്യത്തിലെ രാജാവായിരുന്നു നളൻ.
അദ്ദേഹം രൂപത്തിൽ കാമദേവനു തുല്യനായിരുന്നു.

പദക്രമത്തിൽ വരുത്തുന്ന വ്യത്യാസത്താലെന്നവണ്ണം, വേറെവിധത്തിലും വാക്യങ്ങളുടെ അഭംഗിയെ അകററവാൻ സാധിക്കും.

പനി മാറിയിട്ടുണ്ടു്.

ക്ഷീണവും നീങ്ങിയിട്ടുണ്ട്.

ഈ വാക്യങ്ങളെത്തന്നെ, 'പനി മാറിയിട്ടുണ്ട്. ക്ഷീണവും നീങ്ങിയിരിക്കുന്നു.' എന്നിങ്ങനെ കൃതികളെ ആവത്തിക്കാതെ വ്യത്യാസപ്പെടുത്തുമ്പോൾ അഭംഗിയില്ലാതാവുന്നു.

വേറെ ഉദാഹരണം. ക്രിയയുടെ ആവത്തനത്തിനു്:

പാണ്ഡുവിൻെറ പുത്രന്മാരിൽ ജ്യേഷ്ഠൻ ധമ്മപുത്രരാണു്.

അദ്ദേഹം സത്യവ്രതന്മാരിൽ അഗ്രഗണ്യനാണു്?

ആവത്തനത്തിൻെറ അഭംഗി പരിഹരിച്ചതിനു്:

പാണ്ഡുവിൻെറ പുത്രന്മാരിൽ ജ്യേഷ്ഠൻ ധമ്മപുത്രരാണു്.

അദ്ദേഹം സത്യവ്രതന്മാരിൽ അഗ്രഗണ്യനത്രെ.

നാമങ്ങളുടേയും ക്രിയകളുടേയും ആവത്തനംകൊണ്ടുള്ള അഭംഗി, വാക്യങ്ങളുടെ സംഖ്യ രണ്ടിൽനിന്നു നീണ്ടുപോകുംന്തോറും അധികമധികമായിത്തീരും. വിദ്യാത്ഥികൾ മുകളിൽ കാണിച്ച ഏതെങ്കിലും വിധത്തിൽ അഭംഗി പരിഹരിക്കുവാൻ ശീലിക്കണം.

---

## പരിശീലനം ൧൪.

൧. നാമങ്ങളെ ആവത്തിച്ചിരിക്കുന്നതുകൊണ്ടുള്ള അഭംഗി തീക്കുക:

(ക) ചന്ദ്രൻ നക്ഷത്രങ്ങളുടെ നാഥനാണു്. ചന്ദ്രനെ അവയുടെ ഭത്താവായി കവികൾ വണ്ണിക്കാ

രണ്ടു്. ചന്ദ്രൻ പൂനിലാവാകുന്ന പുഞ്ചിരിതൂകി രാത്രിയെ ആകൎഷണീയമാക്കിത്തീൎക്കുന്നു.

(ഖ) പരീക്ഷിത്തു ചന്ദ്രവംശത്തിലെ രാജാവായിരുന്നു. പരീക്ഷിത്തിനെ കാട്ടിൽവെച്ചു ഒരു മുനികുമാരൻ ശപിക്കുവാനിടയായി. പരീക്ഷിത്തു ഒരു സൎപ്പം കടിച്ചു മൃതിയടയുമെന്നായിരുന്നു ശാപം. പരീക്ഷിത്തു പ്രാണരക്ഷണത്തിനു യത്നിക്കാതിരുന്നില്ല. എങ്കിലും ഒടുവിൽ പരീക്ഷിത്തിനു തക്ഷകദംശത്താൽ ചരമഗതി പ്രാപിക്കേണ്ടിവന്നു.

(ഗ) പുരാണങ്ങൾ പതിനെട്ടെണ്ണമാണു്. പുരാണങ്ങളെഴുതിയതു വേദവ്യാസനെന്ന മഹൎഷിയത്രെ. പുരാണങ്ങൾ നമുക്കു ധൎമ്മാധൎമ്മങ്ങളെ പ്രകാശിപ്പിച്ചുതരുന്നു. പുരാണങ്ങളിൽ ചിലതിനെ പററിയെങ്കിലും കേൾക്കാത്തവരില്ല.

(ഘ) സീത ഉഴവുചാലിൽനിന്നു ജനകമഹാരാജാവിനു കൈവന്ന ബാലികയായിരുന്നു. സീതയെ ജനകമഹാരാജാവു് സ്വന്തം പുത്രിയെപോലെ വളൎത്തി. സീതയെ യൗവനാരംഭത്തിൽ വിശ്വാമിത്രമഹൎഷി ശ്രീരാമനെക്കൊണ്ടു വേൾപ്പിച്ചു. സീത ശ്രീരാമനൊരുമിച്ചു അയോദ്ധ്യയിൽ കുറെ കാലം സുഖമായി വസിച്ചു. സീതക്കു പിന്നെ ദുഃഖപൂൎണ്ണമായ വനവാസവും അനുഭവിക്കേണ്ടിവന്നു.

വ. ക്രിയകളുടെ ആവത്തനംകൊണ്ടുള്ള അഭംഗി തീക്കുക :

(ക) അഭിമന്യു അജ്ജുനൻെറ മകനായിരുന്നു. തൻെറ പിതാവിനെ പോലെതന്നെ ആ കുമാരൻ ബാല്യത്തിലേ പരാക്രമിയായിരുന്നു. ഒരിക്കൽ ഭീമനും അജ്ജുനനും മററും അകലെ ഒരിടത്തു യുദ്ധം ചെയ്യുകയായിരുന്നു. അന്നു ധമ്മപുത്രരുടെ അരികെ അവശേഷിച്ച യുദ്ധവിദഗ്ദ്ധൻ അജ്ജുനപുത്രനായിരുന്നു.

(ഖ) മനുഷ്യനു വിശേഷബുദ്ധിയുണ്ട്. തിയ്യക്കുക ളിൽനിന്നു, അതുമൂലം, അവനു വ്യത്യാസമുണ്ട്. ആലോചനാശക്തിയും, ജ്ഞാനവും അവൻെറ ആ വിശേഷബുദ്ധിയെ പോഷിപ്പിക്കുന്നുണ്ട് ; ജീവിതത്തിന് ഉൽകഷം സമ്പാദിക്കുന്നുണ്ട്.

(ഗ) ഹിമവാനു പാവ്വതി എന്നൊരു മകളുണ്ടായി. ആ കുമാരിക്കു യൗവനാരംഭത്തിൽ ശിവൻ ഭത്താവാകേണമെന്നൊരു മോഹമുണ്ടായി. അച്ഛനമ്മമാരുടെ അനുവാദത്തോടെ ദേവി കുറെ നാഠം തപസ്സുചെയ്യുകയുണ്ടായി. ശിവൻ പ്രസാദിച്ച തപസ്വിനിയുടെ മുമ്പിൽ പ്രത്യക്ഷപ്പെടുകയുണ്ടായി. ആശിച്ചതുപോലെ, ഒടുവിൽ പാവ്വതിക്കു ശിവൻെറ ഭാര്യാപദം ലഭിക്കയുണ്ടായി.

(ഘ) പുരാണകാലത്തെമാതിരി പവ്വതങ്ങഠംക്കിപ്പോഠം ചിറകുകഠം ഇല്ല. അവ എവിടേയും പറന്നുപോ

കുന്നതായി നാം കാണുന്നില്ല ; കേഠംക്കുന്നതു മില്ല. ആക്കും അവ പണ്ടു സഞ്ചരിച്ചിരുന്നു വെന്നു് പറയുമ്പോഠം ഒരു വിശ്വാസമില്ല. ദേവേന്ദ്രന്റെ വജ്രായുധത്തിൽനിന്നു് രക്ഷനേടിയ മൈനാകം ഇന്നും കടലിൽ കിടപ്പാണെന്ന കഥ, ആ സ്ഥിതിക്കു, കളവായി ആരുതന്നെ കരുതുകയില്ല !

---

## പതിനഞ്ചാമദ്ധ്യായം.

---

### കാലം — ഭൂതം, വത്തമാനം, ഭാവി.

൧൭൨. ഏതൊരു വ്യാപാരത്തിനും, അതു നടന്നുവെന്നോ, നടക്കുന്നുവെന്നോ, നടക്കുമെന്നോ സമയത്തിന്റെ മൂന്നുവിധം ദശകളെയാണു് നാം ആശ്രയമായി കല്പിക്കാറുള്ളതു്. ഈ സമയത്തിനു വ്യാകരണശാസ്ത്രത്തിൽ **കാലം** എന്നു പറയുന്നു. കൃതികഠംക്കു മൂന്നുകാലങ്ങഠം ഉണ്ടു്. ക്രിയ നടന്നതു് ഭൂതകാലം, നടക്കുന്നതു് വത്തമാനകാലം, നടക്കാനുള്ളതു് ഭാവികാലം.

ഉ. മഴ പെയ്തു. മയിൽ ആടി.

പെയ്തു, ആടി — ഇവ ഭൂതകാലക്രിയകളാകുന്നു. പെയ്യുക, ആടുക ഈ വ്യാപാരങ്ങഠം നടന്നിരിക്കുന്നു.

ഭൂത (കഴിഞ്ഞ) കാലത്തെയാണിവ നിർദ്ദേശിക്കുന്നതെന്നു സ്പഷ്ടം.

൨. മഴ പെയ്യുന്നു. മയിൽ ആടുന്നു.

പെയ്യുക, ആടുക ഈ വ്യാപാരങ്ങൾ രണ്ടും നടന്നുകൊണ്ടിരിക്കുകയാണ്. വർത്തമാനമായ (നടക്കുന്ന) കാലത്തെ കാണിക്കുന്ന ഈ കൃതികൾ വർത്തമാന കാലങ്ങളത്രെ.

൩. മഴ പെയ്യും. മയിൽ ആടും.

പെയ്യുക, ആടുക — രണ്ടു ക്രിയകളും നടന്നവയല്ല, നടന്നുകൊണ്ടിരിക്കുന്നവയുമല്ല. പിന്നേയോ, നടക്കാൻ പോകുന്നുവെന്നേ പെയ്യും, ആടും എന്നീ ശബ്ദങ്ങൾ വ്യക്തമാക്കുന്നുള്ളു. ഭാവിയായ (ഭവിക്കാനിരിക്കുന്ന) കാലത്തെ ആശ്രയിക്കുന്നവ ഭാവികാല ക്രിയകൾ.

വേറെ ചില ഉദാഹരണങ്ങൾ:

| ഭൂതകാലം. | വർത്തമാനകാലം. | ഭാവികാലം. |
|---|---|---|
| വീണു | വീഴുന്നു | വീഴും |
| തല്ലി | തല്ലുന്നു | തല്ലും |
| പറഞ്ഞു | പറയുന്നു | പറയും |
| മങ്ങി | മങ്ങുന്നു | മങ്ങും |

൪. ഭാവികാലത്തിൽ ക്രിയകൾക്കു വേറൊരു മാതിരിയിലും രൂപമുണ്ടാകും. നോക്കുക:

ഭീമനേ കീചകനെ കൊല്ലൂ.

എന്തു ചൊൽവൂ ഹതഭാഗ്യയിന്നു ഞാൻ !

കൊല്ലൂ, ചൊൽവൂ എന്നിവ ഭാവികാലത്തെ തന്നെ കുറിക്കുന്നു. പക്ഷെ, മുമ്പു നാം പഠിച്ച ഭാവികാലക്രിയകൾ പോലെയല്ല ഇവ. അർത്ഥത്തിൽ ഇവക്കു സ്വല്പം വ്യത്യാസമുണ്ട്. കൊല്ലൂ എന്ന ഭാവിക്രിയാരൂപം, ഭീമൻ മാത്രമാണ് കൊല്ലുവാൻ ശക്തനെന്ന അർത്ഥവിശേഷത്തെ പ്രകാശിപ്പിക്കുന്നു. 'ചൊൽവൂ' എന്നതു വക്താവിൻെറ വികാരത്തെ ദ്യോതിപ്പിക്കുവാൻ ചെയ്യുന്ന ചോദ്യത്തിൻെറ രൂപമത്രെ. ഭീമൻ കീചകനെ കൊല്ലും, എന്തുചൊല്ലും ഹതഭാഗ്യയിന്നു ഞാൻ — കൊല്ലും, ചൊല്ലും എന്നിങ്ങനെയാണ് ക്രിയകളെങ്കിൽ, അവ ഭാവിയുടെ കേവലരൂപങ്ങൾ മാത്രം.

വേറെ ഉദാഹരണം :

(ക) അവിശ്വാസിക്കു അമംഗലമേ ഉണ്ടാകൂ.

(ഖ) ഹൃദയം ശുദ്ധമാണെങ്കിൽ ആരും അന്യരെ സ്നേഹിക്കയേ ചെയ്യൂ.

---

## പരിശീലനം ൧൩.

൧. ക്രിയാപദങ്ങൾ ഓരോന്നും ഭൂതഭാവിവർത്തമാനങ്ങളിൽ ഏതേതെന്നു പറയുക :

ദേവേന്ദ്രനാണ് ദേവന്മാരുടെ നായകൻ. ദുർവാസാവു എന്ന മഹർഷി അദ്ദേഹത്തിനു കുറിക്കൽ

ദിവ്യമായ ഒരു പൂമാല സമ്മാനിച്ചു. ദേവേന്ദ്രൻ തൻെറ പ്രതാപത്തിനു അലങ്കാരമായിരിക്കുമെന്നു കരുതി അതിനെ തലയിൽ ചൂടി. അങ്ങിനെ യാത്ര ചെയ്യുകയായിരുന്നു. ഐരാവതത്തിലേ ഇന്ദ്രൻ സാധാരണയായി സഞ്ചരിക്കു. മാല എന്തിനോ ആനപ്പുറത്തു വെക്കുവാനിടയായി. സുരഭിയായ മാല്യത്തിൽ വണ്ടുകഠം വന്നാക്കും. അതു അവയുടെ സ്വഭാവമാകുന്നു. വണ്ടുകളുടെ ശല്യം മുഴുത്തു ; ഉടനെ ആന തുമ്പിക്കരംകൊണ്ടു് മാല എടുത്തു നിലത്തിട്ടു ചവുട്ടിത്തേച്ചു. ദേവേന്ദ്രനെത്ര സങ്കടപ്പെട്ടിരിക്കും! മഹഷി മാലക്കുണ്ടായ ദുര്യോഗമറിഞ്ഞു. ഇന്ദ്രൻ തന്നെ അനാദരിക്കുന്നുവെന്നാണ് അദ്ദേഹം അതിനെ വ്യാഖ്യാനിച്ചതു്. ദുർവാസാവിനു കോപമായി; ദേവന്മാക്കു മേലിൽ ജരാനരകഠം സംഭവിക്കുമെന്നു ശപിക്കുകയും ചെയ്തു.

൨. ക്രിയകളെ ഭൂതകാലങ്ങളാക്കി രൂപാന്തരപ്പെടുത്തുക :

(ക) നാടകം പാതിരാവിന്നപ്പുറം അവസാനിക്കും.

(ഖ) നടന്മാർ ഇതാ രംഗത്തിൽ പ്രവേശിക്കുന്നു.

(ഗ) രണ്ടു ദിവസം ഞങ്ങഠം നാടകം കാണ്മാൻ പോകുന്നുണ്ടു്.

(ഘ) എന്തു പ്രവത്തിക്കുന്നു, എന്തു പറയുന്നു അതെല്ലാം എൻെറ അച്ഛനെ സന്തോഷിപ്പിക്കും.

൩. ക്രിയകളെ വൎത്തമാനകാലങ്ങളാക്കി രൂപാന്തരപ്പെടുത്തുക :

(ക) പോർകളത്തിൽ അസംഖ്യം ഭടന്മാർ ചത്തു വീണു.

(ഖ) സൂൎയ്യാസ്തമനത്തിൽ ചന്ദ്രനുദിച്ചു. സ്മേരമുഖനായ നിശാപതിയെ അതാ, ആ വൃക്ഷശാഖകൾക്കിടയിൽ കാണാം.

(ഗ) കാരണവർ അറ തുറന്നു, നെല്ലു എടുത്തു അളന്നു കൊടുത്തു—അടുത്തുനിന്നു ഞാനതൊക്കെ നോക്കിക്കണ്ടു.

(ഘ) വിളക്കു കെടുത്തി, വാതിലടച്ചു, അവൾ ഉറങ്ങുവാൻ ഭാവിക്കുകയാകും.

൪. ക്രിയകളെ ഭാവികാലങ്ങളാക്കി രൂപാന്തരപ്പെടുത്തുക :

(ക) ഞാൻ ചോദിച്ചതൊക്കെ മടികൂടാതെ അച്ഛൻ തന്നു.

(ഖ) കൊടുക്കേണ്ടതു കൊടുത്തു ; പറയേണ്ടതു മറന്നു ; വെറുതെയാണിനി ആലോചനയെല്ലാം.

(ഗ) പടഹം മുഴങ്ങുന്നു ; പടയാളികൾ ആൎത്തുവിളിക്കുന്നു ; യുദ്ധരംഗത്തിൻെറ ഭയങ്കരത കാതുകളിൽ എത്തി.

(ഘ) കണ്ണു കലങ്ങി, പുരികം ചുളിഞ്ഞു, ഇങ്ങനെ കോപാവേശത്തിൽ ഭാവം പകൎന്നു.

೫. അൎത്ഥവിശേഷത്തെ കാണിക്കുന്ന വിധം ഭാവികാലക്രിയകൾക്കു രൂപഭേദം വരുത്തി വാക്യം വ്യത്യാസപ്പെടുത്തുക:
(ക) 'നളനു ദമയന്തിയെ ലഭിക്കും' എന്നു ദേവേന്ദ്രനു വെളിവായി.
(ഖ) ഉത്സാഹിക്കു കാമിതം കൈവരും.
(ഗ) നീചൻ സ്നേഹിതനെ ചതിക്കും.
(ഘ) എങ്ങിനെ സഹിക്കും സങ്കടമഗതി ഞാൻ.

---

## പതിനാറാമദ്ധ്യായം.

---

## വാക്യഭേദങ്ങൾ.

൧. ബാലന്മാർ അച്ഛനമ്മമാരെ ആദരിക്കണം.
ആരും സത്യത്തിൻെറ പ്രകാശത്തിലേ ജീവിക്കാവൂ.

രണ്ടു വാക്യങ്ങളും നിയോഗത്തെ അല്ലെങ്കിൽ വിധിയെയാണ് കാണിക്കുന്നതു്. ഒന്നാമത്തേതു്, അച്ഛനമ്മമാരെ ആദരിക്കണമെന്നും, രണ്ടാമത്തേതു സത്യത്തിൽ ജീവിക്കണമെന്നും വിധിക്കുന്നു. ഇങ്ങനെ ഇന്ന മാതിരി വേണമെന്ന ഒരു ശാസനയുടെ അൎത്ഥത്തിൽ വരുന്ന വാക്യങ്ങൾക്കു വിധായക വാക്യങ്ങൾ എന്നു പേർ.

വ. ഈശ്വരൻ നമ്മെ രക്ഷിക്കട്ടെ.

പ്രഭോ, എന്റെ അപരാധം അവിടുന്നു ക്ഷമിച്ചാലും.

ഈശ്വരൻ രക്ഷിക്കട്ടെ എന്നതു്, വക്താവിന്റെ ഒരാശംസയാകുന്നു. അപരാധം ക്ഷമിച്ചാലും എന്നുള്ളതു് ഒരു അഭ്യൎത്ഥനമത്രെ. ആശംസയേയോ, അൎത്ഥനത്തേയോ കുറിക്കുന്ന വാക്യങ്ങളെ സാധാരണയായി, വക്താവിന്റെ ഹൃദയാനുയോഗത്തെ മുൻനിൎത്തി, വിധായക വാക്യങ്ങളുടെ കൂട്ടത്തിലാണ് പെടുത്തിയിട്ടുള്ളതു്. ഈശ്വരൻ നമ്മെ രക്ഷിക്കുന്നു. എന്റെ അപരാധം ക്ഷമിക്കുമോ എന്നിങ്ങനെ ഭേദപ്പെടുത്തിയാൽ ഇവതന്നെ നാം മുമ്പു പഠിച്ച പ്രസ്താവനക്കും പ്രശ്നത്തിനും ഉദാഹരണങ്ങളാകും.

ന. പ്രസ്താവനാവാക്യങ്ങളിലെന്നപോലെ വിധായക വാക്യങ്ങളിലും വിധിനിഷേധങ്ങൾ രണ്ടുമുണ്ടാകും. നിഷേധരൂപത്തിനു ചില ഉദാഹരണം :

(ക) ബന്ധുമിത്രങ്ങളെ എല്ലാ കാൎയ്യങ്ങളിലും അനുസരിക്കരുതു്.

(ഖ) പാനവും നായാട്ടുമേററം തുടങ്ങൊലാ.

(ഗ) ചോദിക്കൊല്ലാ കൃപണനൊടു സഹായങ്ങൾ.

അരുതു്, ഒലാ, ഒല്ലാ ഈ ശബ്ദങ്ങൾ നിഷേധാൎത്ഥത്തെ കാണിക്കുവാൻ ക്രിയാപദങ്ങളോടു ചേൎത്തിരിക്കുന്നു.

൪. വേറെ വിധത്തിലും വിധായക വാക്യങ്ങളെ നിഷേധരൂപത്തിലാക്കാറുണ്ട്. എങ്ങിനെയെന്നാൽ:

ക { വിധി: എന്തു ചെയ്യും നരൻ പ്രാണനെ രക്ഷിക്കേണം.
നിഷേധം: എന്തു ചെയ്യും നരൻ പ്രാണനെ രക്ഷിക്കേണ്ട.

ഖ { വിധി: അവർ പട പൊരുതുവാൻ ഒരുങ്ങട്ടെ.
നിഷേധം: അവർ പട പൊരുതുവാൻ ഒരുങ്ങാതിരിക്കട്ടെ.

ഗ { വിധി: നിങ്ങൾ ആജ്ഞ നിരസിക്കുവിൻ.
നിഷേധം: നിങ്ങൾ ആജ്ഞ നിരസിക്കാതിരിക്കുവിൻ.

ഘ { വിധി: അങ്ങ് ഉറങ്ങിയാലും.
നിഷേധം: അങ്ങ് ഉറങ്ങാതിരുന്നാലും.

൫. കണ്ടോ, എന്തൊരക്രമമാണ് ഭാനുമതി പ്രവൎത്തിച്ചതു്!

എന്തു്, ഇതു നല്ലോരു പുതുമയാണല്ലോ!

ഓരോ വാക്യവും വക്താവിൽ പൊട്ടുന്നനെ വന്നുചേൎന്ന മനോവിചാരത്തെ പ്രകാശിപ്പിക്കുന്നു.

മനസ്സിലൊതുങ്ങാതെ ഒരു വിചാരം ഉദിച്ചയുടനെ പ്രകാശിക്കണമെങ്കിൽ, ആ മനസ്സു വികാരാധീനമാകണം. വികാരത്തെ പ്രകടിപ്പിക്കുവാൻ ഒരു വ്യാക്ഷേപകശബ്ദം പ്രായേണ കൂടിയേ തീരു. ഇവിടെ, കണ്ടോ, എന്തു് എന്ന രണ്ടു വ്യാക്ഷേപകങ്ങൾ പ്രയോഗിക്കപ്പെട്ടിരുന്നു. ഇത്തരം വാക്യങ്ങൾക്കു വ്യാക്ഷേപക വാക്യങ്ങൾ എന്നു പറയും. വാക്യവിഭാഗത്തിൽ പ്രസ്താവനക്കും, വിധായക വാക്യത്തിനുമത്രെ പ്രാധാന്യമധികം. ചോദ്യവാക്യവും വ്യാക്ഷേപകവാക്യവും പ്രയോഗം ചുരുങ്ങിയവയാണു്.

വ്യാക്ഷേപകവാക്യത്തിനു വേറെ ഉദാഹരണം :

കഷ്ടം, ഇങ്ങനെ ഒരനുഭവം വന്നുചേരേണമോ !

ന്ന. സൂര്യൻ ചന്ദ്രനേക്കാൾ കാന്തിമാനത്രെ.
ചന്ദ്രൻ സൂര്യനോളം കാന്തിമാനല്ല.

ഇരുവാക്യങ്ങളും ഈ രണ്ടു ചൂണ്ണികകൾ ചേൎന്ദുണ്ടായവയാകുന്നു. സൂൎയ്യൻ കാന്തിമാനാണു, ചന്ദ്രൻ അത്രമാത്രം കാന്തിമാനല്ല എന്നിങ്ങനെ രണ്ടു ചൂണ്ണികകളിലായി സൂര്യചന്ദ്രന്മാരുടെ കാന്തിമാൻ എന്ന അവസ്ഥയെ താരതമ്യപ്പെടുത്തി പ്രസ്താവിച്ചിരിക്കുന്നു. ഒന്നിലധികം വസ്തുക്കളെപററി പറയുന്നിടത്തു, ഒന്നിനെ അപേക്ഷിച്ചുള്ള മററൊന്നിൻെറ സ്ഥിതിയെ വിശദീകരിക്കുവാൻ ഉപയോഗിക്കുന്ന ചൂണ്ണികകളെ

ചിലപ്പോഠം, മുകളിൽ കണ്ടമാതിരി, ഏകീകരിക്കാ റണ്ട്.

വേറെ ഉദാഹരണം :

(ക) ഹനുമാനേക്കാഠം രാമഭക്തനല്ല വിഭീഷണൻ.
ഹനുമാനോളം രാമഭക്തിയില്ല വിഭീഷണനു.
ഹനുമാൻ വിഭീഷണനേക്കാഠം രാമഭക്തനാണ്.

(ഖ) പുഷ്പത്തിനേക്കാളും ചന്ദ്രികയേക്കാളും സുകുമാരമാകുന്നു സൗശീല്യം.
സൗശീല്യത്തോളം പുഷ്പവും ചന്ദ്രികയും സുകുമാരങ്ങളല്ല.

പ്രസ്താവന, വിധായകം, ചോദ്യം ഈ വക വാക്യവിഭാഗങ്ങളിലൊക്കെ താരതമ്യത്തെ നിർദ്ദേശിക്കാവുന്നതാണ്. കാഠം, കാളും, ഓളം ഈ ശബ്ദങ്ങളാണ് താരതമ്യവാചകങ്ങളെന്നു ഉദാഹരണങ്ങളിൽ നിന്നു സ്പഷ്ടമാണല്ലോ.

---

## പരിശീലനം ൧൩.

൧. വിധായകവാക്യങ്ങളാക്കുക :

(ക) എല്ലാവരും സത്യധർമ്മങ്ങഠം അനുസരിച്ചു ജീവിക്കുന്നു.

(ഖ) നിനക്കു കോമളനായ ഒരു കൊച്ചുമകനുണ്ടാകേണമോ ?

(ഗ) അവിടുന്നു അതൊക്കെ വിസ്മരിക്കുന്നു.
(ഘ) ജീവിതത്തിൽ സദാസമയവും പ്രയത്നിച്ചുകൊണ്ടിരിക്കുന്നു.
(ങ) പഠിക്കുന്ന കുട്ടി രാപ്പകൽ കിടന്നുറങ്ങുകയോ ?
(ച) ആപത്തിൽ ധൈര്യമുണ്ടാകാം.
(ഛ) ദിവസവും ശുദ്ധമായ ഹൃദയത്തോടെ ഈശ്വരനെ ധ്യാനിക്കുന്നു.
(ജ) പനി മാറിയിട്ടേ കുളിക്കുന്നുള്ളു.

വ. ഉചിതമായ വ്യാക്ഷേപകശബ്ദം ചേർത്തു, താഴെ കൊടുത്തിട്ടുള്ള ഓരോന്നിനേയും വ്യാക്ഷേപകവാക്യമാക്കുക :

(ക) ഇങ്ങനെ എനിക്കൊരു സംഗതി വന്നു.
(ഖ) അവന്റെ ഒരു നന്ദിയില്ലായ്മയാണിതു്.
(ഗ) ഈ കുന്നിൻചരിവിൽനിന്നു സന്ധ്യാഗമനത്തെ നോക്കിക്കാണുവാൻ കണ്ണിനു കൌതുകമുണ്ടു്.
(ഘ) എങ്ങിനെ ഞാനതു ചെന്നറിയിക്കും ?
(ങ) ധിക്കാരമിത്രമേലായി.

ന. താരതമ്യം കാണിക്കുമാറു് ഒററവാക്യമാക്കുക :

(ക) ദില്ലി പ്രസിദ്ധിയേറിയ ഒരു നഗരമാണു്. കാശി അതിലും പ്രസിദ്ധിയേറിയ ഒരു നഗരമാണു്.

(ഖ) പൂന്താനം ഭക്തനായ ഒരു കവിയത്രെ. മേല്പത്തൂരും ഭക്തനായ ഒരു കവിയത്രെ. ആദ്യത്തെആൾ അധികം ഭക്തനാണ്.

(ഗ) കൎണ്ണനു് അസ്ത്രവിദ്യാനൈപുണ്യമുണ്ടു്. അൎജ്ജുനനു് അസ്ത്രവിദ്യാനൈപുണ്യം അതിലേറെയുണ്ടു്.

(ഘ) പൂങ്കാവു കാണുവാൻ ഭംഗിയുള്ളതാകുന്നു. പൊയ്കയും കാണുവാൻ ഭംഗിയുള്ളതാകുന്നു. ഒന്നാമത്തേതിനാണു് അധികം ഭംഗി എന്നു പറയണം.

(ങ) ചക്രവൎത്തിമാൎക്കു് ഇച്ഛിച്ചതെല്ലാം സാധിക്കാം. ദേവന്മാൎക്കും സാധിക്കായ്കയില്ല. ഇരുകൂട്ടരേയും അപേക്ഷിച്ചു മഹൎഷിമാൎക്കാണു് ഇച്ഛിച്ചതെല്ലാം നിഷ്പ്രയാസം സാധിക്കുക.

---

## പതിനേഴാമദ്ധ്യായം.

## ലിംഗം—പുല്ലിംഗം, സ്ത്രീലിംഗം, നപുംസകലിംഗം.

ഉ. അച്ഛൻ, അമ്മ.
ആങ്ങള, പെങ്ങൾ.
നമ്പിയാർ, നങ്ങിയാർ.
പൎവ്വതം, നക്ഷത്രം, അഗ്നി.

അച്ഛൻ, ആങ്ങള, നമ്പിയാർ ഇവ മൂന്നും പുരുഷനെ കുറിക്കുന്നു. അമ്മ, പെങ്ങൾ, നങ്ങിയാർ

എന്നിവ മൂന്നും സ്ത്രീ വാചകങ്ങളാണ്. പർവ്വതം മുതലായവയാകട്ടെ, സ്ത്രീ പുരുഷഭേദമില്ലാത്ത വസ്തുക്കളെയാണ് നിർദ്ദേശിക്കുന്നതു്. ലോകത്തിലെ പുരുഷൻ, സ്ത്രീ, നപുംസകം എന്നുള്ള ഭേദത്തെ വ്യാകരണത്തിലും സ്വീകരിച്ചിട്ടുണ്ട്. വ്യാകരണത്തിൽ ഈ വ്യവഹാരത്തിനു ലിംഗമെന്നു പേരിട്ടിരിക്കുന്നു. പുരുഷനെ കുറിക്കുന്ന ശബ്ദം പുല്ലിംഗം ; സ്ത്രീയെ കുറിക്കുന്നതു് സ്ത്രീലിംഗം ; ഇവ രണ്ടിലും പെടാത്തതു നപുംസകലിംഗം. നാമങ്ങൾക്കും ചില നാമവിശേഷങ്ങൾക്കുമാണ് ലിംഗവ്യവസ്ഥ. വേറെ ഉദാഹരണം :

| പുല്ലിംഗം. | സ്ത്രീലിംഗം. | നപുംസകലിംഗം |
|---|---|---|
| തന്ത. | തള്ള. | കള്ളം. |
| ഭർത്താവ്. | ഭാര്യ. | ജലം. |
| പിഷാരടി. | പിഷാരസ്യാർ. | വിത്രപം. |
| കാള. | പശു. | പായസം. |

വ.. പുല്ലിംഗത്തേയും സ്ത്രീലിംഗത്തേയും നിർദ്ദേശിക്കുന്നതിനു വെവ്വേറെ പദങ്ങളാണല്ലോ മുകളിൽ കാണിച്ചിട്ടുള്ളതു്. ഇങ്ങനെ പൃഥക്പദംതന്നെ ഉപയോഗിക്കണമെന്നില്ല. പുംസ്ത്രീലിംഗഭേദത്തെ കാണിപ്പാൻ വേറെയും വഴികളുണ്ട്.

(ക) കിഴവൻ, കിങ്കരൻ, തോഴൻ, സുമുഖൻ എന്നിവ പുരുഷവാചികളായ ശബ്ദങ്ങളാണല്ലോ. ഇവ പുല്ലിംഗങ്ങളാകുന്നു. കിഴവി, കിങ്കരി, തോഴി,

സുമുഖി എന്നിങ്ങനെ ഇവയ്ക്കു രൂപഭേദം വരുത്തുമ്പോഠം, ഇവയോരോന്നും സ്ത്രീകളെ കുറിക്കുന്നു; സ്ത്രീലിംഗങ്ങളാകുന്നു. കിഴവൻ, കിങ്കരൻ എന്നപോലെ അകാരാന്തങ്ങളായ ശബ്ദങ്ങളാണ് ലിംഗഭേദത്തിലിങ്ങനെ വ്യത്യാസപ്പെടുന്നതു്.

(ഖ) തന്തപ്പക്ഷി. തള്ളപ്പക്ഷി.
ആൺസിംഹം. പെൺസിംഹം.
ആൺമാൻ. പെൺമാൻ, പേടമാൻ,
മാൻപേട.
പൂവൻകോഴി. പിടക്കോഴി.
കണ്ടൻപൂച്ച. ചക്കിപ്പൂച്ച.

തിര്യക്കുകളെ, വിശേഷബുദ്ധിയില്ലാത്തവയാകയാൽ നപുംസകങ്ങളായിട്ടാണ് കരുതുക പതിവു്. പക്ഷി തുടങ്ങിയവ നപുംസകങ്ങളാണ്. ലിംഗഭേദം വരുത്തുന്നതിനു തന്ത, തള്ള, ആൺ, പെൺ എന്നിങ്ങനെ പുംസ്ത്രീവാചകങ്ങളെ അവയോടു ചേർത്തു പ്രയോഗിച്ചിരിക്കുന്നു.

(ഗ) തട്ടാൻ, തട്ടാത്തി.
വേലൻ, വേലത്തി.
പാൽക്കാരൻ, പാൽക്കാരത്തി.
പറയൻ, പറച്ചി.
മണവാളൻ, മണവാട്ടി.

ജാതി മുതലായവയെ കുറിക്കുന്നിടത്തു പുല്ലിംഗശബ്ദ

ങ്ങളെ എങ്ങിനെ ഭേദപ്പെടുത്തി സ്ത്രീലിംഗ ശബ്ദങ്ങളാക്കുന്നുവെന്നതിന്ന് ഇവ മാതൃകകളത്രെ.

അവൻ, ഇവൻ, ഏവൻ—പുല്ലിംഗം.
അവൾ, ഇവൾ, ഏവൾ—സ്ത്രീലിംഗം.
അതു്, ഇതു്, ഏതു്—നപുംസകലിംഗം.

സൎവ്വനാമങ്ങൾക്കു ലിംഗഭേദത്തിൽ വരുന്ന രൂപങ്ങളെ ഈ ശബ്ദങ്ങൾ ദൃഷ്ടാന്തീകരിക്കുന്നു.

൩. വിശേഷണവിശേഷ്യങ്ങളുടെ യോഗത്തിൽ ചിലപ്പോഴൊക്കെ ലിംഗങ്ങൾക്കു പൊരുത്തം ഉണ്ടായിരിക്കും.

ഉദാഹരണം :

സുന്ദരനായ യുവാവ്—രണ്ടും പുല്ലിംഗം.
സുന്ദരിയായ യുവതി—രണ്ടും സ്ത്രീലിംഗം.
സുന്ദരമായ പൂവനം—രണ്ടും നപുംസകലിംഗം.

എന്നാൽ, വിഷമൂൎച്ഛിതനായ സൎപ്പം, ഗവിഷ്ഠനായ സിംഹം, നിർദ്ദയനായ വണ്ടു് എന്നീ മാതിരി അൎത്ഥഭംഗിയെ ചൊല്ലി ചില പ്രത്യേക സന്ദൎഭങ്ങളിൽ വിശേഷണങ്ങൾക്കു ലിംഗഭേദം കണ്ടുവെന്നും വരും.

൪. ചിലർ, ജനങ്ങൾ, അവർ, ആളുകൾ എന്നിങ്ങനെ സ്ത്രീപുരുഷഭേദം കല്പിക്കാതെ നാമപദങ്ങളെ ഉപയോഗിക്കുമാറുണ്ടു്. ഇവക്കു് അലിംഗങ്ങൾ എന്നു പറയുന്നു.

ലിംഗം നാമത്തിൻെറ രൂപത്തിൽ ഭേദം വരുത്തുന്നുവെന്ന് ഉദാഹരണങ്ങളിൽനിന്നു വ്യക്തമാകുന്നുണ്ടല്ലോ.

---

## പരിശീലനം ൧൭.

൧. നാമങ്ങളും നാമവിശേഷണങ്ങളും എടുത്തു അവ ഏതേതു ലിംഗങ്ങളാണെന്നു് എഴുതുക:

(ക) സ്വതേ കഥയില്ലാത്ത ചിലർ പളുങ്കും രത്നവും സ്വർണ്ണവുംകൂടി ഒരു സൂത്രത്തിൽ (ചരടു) കോക്കുന്നുണ്ടു്. അതിലെന്താണാശ്ചര്യം? വിശേഷജ്ഞാനമുള്ള പാണിനികൂടി ശ്വാവ്, യുവാവ്, മഘവാവ് (ഇന്ദ്രൻ) ഇവരെ ഒരേ സൂത്രത്തിൽ ചേർത്തിട്ടുണ്ടല്ലോ.

(ഖ) ചന്ദ്രനെ പിടിച്ചു തലയിൽ ചൂടിയിരിക്കുന്ന പരമേശ്വരൻ വെപ്പുകാരനും, വെളുത്തേടനും, ക്ഷുരകനും ദുഷ്ടന്മാരാണെന്നു കണ്ടിട്ടത്രെ സാപ്പാടിനു വിഷം മതി എന്നും, ദിഗംബര (വസ്ത്രമേ ഇല്ലാത്തവൻ) നാകാമെന്നും, ജട ധരിക്കാമെന്നും നിശ്ചയിച്ചതു്. ഇപ്പറഞ്ഞ കൂട്ടരുടെ അപേക്ഷ പിന്നെ വേണ്ടല്ലോ.

(ഗ) ചോദ്യം: ചേച്ചി, ഇന്നല്ലേ ആശാരിച്ചി വരാമെന്നു പറഞ്ഞതു്? മാധവി അവിശ്വസ്തയാണെന്നു് രാവിലെ കുഞ്ഞമ്മാളു പറഞ്ഞു. പക്ഷേ,

വാക്കും മട്ടും കണ്ടാലവൾ അത്തരക്കാരിയല്ലെന്നാണ് തോന്നുക.

ഉത്തരം: ആ തള്ള പറഞ്ഞതു് ശരിയാണ്. അറിഞ്ഞവരാരും അവളെ വിശ്വസിക്കില്ല. ആട്ടെ, അനിയനു കൊമ്പനാനയോ, പിടിയാനയോ ഏതാണ് വേണ്ടതു് ?

(ഘ) ശ്രീരാമൻെറ കാൽ തലോടിക്കൊണ്ടിരുന്ന സീതാദേവി തൻെറ കല്ലുവെച്ച മോതിരം പെട്ടെന്നു രിയെറിഞ്ഞു. ഭർത്താവിൻെറ കാൽ കല്ലിന്മേൽ തട്ടിയാൽ കല്ലൊരു കല്യാണാംഗിയായ് മാറുമെന്ന കഥ ഓർമ്മ വരികയാലാണ് ദേവി അങ്ങിനെ ചെയ്തതു്. അഹല്യയെപററി കേൾക്കാത്തവർ ചുരുങ്ങും. കല്ലു ഒരു നാരിയായാൽ ആ സുന്ദരിയെ കണ്ടു പ്രിയതമൻ തന്നെ ഉപേക്ഷിച്ചാലോ എന്നു രാമപത്നി ഭയപ്പെട്ടു. നോക്കു, സ്ത്രീകളുടെ മനസ്സിൻെറ ഒരു പോക്കു് !

---

## പതിനെട്ടാമദ്ധ്യായം.

---

## വചനം—സലിംഗാലിംഗപൃജാത്മക ബഹുവചനങ്ങൾ.

ഉ. നക്ഷത്രം, നക്ഷത്രങ്ങൾ — ഈ പദങ്ങൾക്കു രണ്ടിനും തങ്ങളിൽ രൂപത്തിനെന്നപോലെ അർത്ഥ

ത്തിനുമുണ്ടു ഭേദം. ഒന്നാമത്തേതിൻെറ അർത്ഥമായ വസ്തു ഒന്നുമാത്രമാണ്. രണ്ടാമത്തേതിൻെറ അർത്ഥം ഒന്നിലധികം വസ്തുക്കളാകുന്നു. ഇങ്ങിനെ പദങ്ങൾ കുറിക്കുന്ന വസ്തു ഒന്നും ഒന്നിലധികവുമാകും. വസ്തുവിൻെറ എണ്ണം കാണിക്കുന്ന നാമരൂപത്തിനു **വചനം** എന്നാണു പേർ. ഒന്നിനെ കാണിക്കുന്നതു് **ഏകവചനം**; ഒന്നിലധികം എണ്ണത്തെ കാണിക്കുന്നതു് **ബഹുവചനം.**

ലിംഗം എന്നപോലെ വചനവും നാമത്തിൻെറ രൂപത്തിനെ ഭേദപ്പെടുത്തുന്ന ഒന്നാണ്. ഏതു നാമത്തിൻേറയും സ്വതേയുള്ള രൂപം ഏകവചനമാകുന്നു. ബഹുത്വത്തെ കാണിക്കേണ്ടിവരുമ്പോഴത്രെ അതിൻെറ രൂപത്തിനു ഭേദമുണ്ടാകുന്നതു്.

വേറെ ഉദാഹരണം :

| ഏകവചനം. | ബഹുവചനം. |
|---|---|
| വൃദ്ധൻ | വൃദ്ധന്മാർ |
| കന്യ | കന്യകൾ |
| മരം | മരങ്ങൾ |
| അതു് | അതുകൾ (അവ) |
| ശൂദ്രൻ | ശൂദ്രർ |
| ഞാൻ | ഞങ്ങൾ (നാം, നമ്മൾ) |

ഉ. വിളവുകൾ നദീതടങ്ങളിലാണ് ധാരാളം. അവ ഭൂമിക്കുള്ള ഫലപുഷ്ടിയുടെ നിദൎശനങ്ങളാണ്.

വിളവുകാം, നദീതടങ്ങാം, അവ, നിദശ്നങ്ങാം — ഈ ശബ്ദങ്ങളോരോന്നും നപുംസകലിംഗമായ ഓരോ വസ്തുവിൻേറയും ബഹുത്വത്തെ കാണിക്കുന്നു.

പെരുമാക്കന്മാരായിരുന്നു പണ്ടു കേരളത്തെ ഭരിച്ചിരുന്ന രാജാക്കന്മാർ. അവർ വീരത്വത്തിനു കോവിപ്പെട്ടവരായിരുന്നു.

പെരുമാക്കന്മാർ, രാജാക്കന്മാർ, അവർ, കോവിപ്പെട്ടവർ ഇവ പുല്ലിംഗമായ ഓരോ വസ്തുവിൻേറയും ബഹുത്വത്തെ കുറിക്കുന്നു.

ചേടികാം ചെന്നു രാജ്ഞിമാരെ വന്ദിച്ചു. അവർ പ്രസന്നകളായി.

ചേടികാം, രാജ്ഞിമാർ, അവർ, പ്രസന്നകാം ഇവയൊക്കെ സ്ത്രീലിംഗനാമങ്ങളുടെ ബഹുത്വത്തെ കാണിക്കുന്നവയാണ്. നപുംസകലിംഗം, പുല്ലിംഗം, സ്ത്രീലിംഗം ഇവയിലേതെങ്കിലും ഒന്നിൻെറ മാത്രം ബഹുത്വത്തെ കുറിക്കുന്ന രൂപം സലിംഗബഹുവചനമാകുന്നു. വിളവുകാം, പെരുമാക്കന്മാർ, ചേടികാം മുതലായ ശബ്ദങ്ങളെല്ലാം സലിംഗബഹുവചനങ്ങാം.

ന. ആളുകാം ഉത്സവത്തിനു തിരക്കിക്കൂടി. ബാലരും, വൃദ്ധരും പലഹാരക്കടകളുടെ മുമ്പിലാണ് അധികമായി ചെന്നു നിന്നതു്.

ആളുകഠം, ബാലന്മാർ, വൃദ്ധന്മാർ—ശബ്ദമോരോന്നും പുംസ്ത്രീലിംഗങ്ങളിൽ ഒന്നിൻെറ മാത്രം ബഹുത്വത്തെയല്ല കാണിക്കുന്നതു്. ആളുകളിൽ പുരുഷന്മാരും സ്ത്രീകളുമുഠംപ്പെട്ടും. ബാലരും, വൃദ്ധരും, അതിൻവണ്ണം, പുംസ്ത്രീലിംഗങ്ങളുടെ കലപ്പായ ബഹുവചനങ്ങളാണ്. പുല്ലിംഗത്തേയും, സ്ത്രീലിംഗത്തേയും പ്രത്യേകമായി പരാമശിക്കാതെ, രണ്ടിൻേറയും ഒന്നിച്ചുള്ള ബഹുത്വത്തെ കാണിക്കുന്ന രൂപങ്ങളെ അലിംഗബഹുവചനങ്ങളെന്നാണ് പറയുക. ആളുകഠം, ബാലന്മാർ മുതലായ അലിംഗബഹുവചനരൂപങ്ങഠംക്കു, സവ്നാമങ്ങളിലൊന്നു പകരം നിന്നാൽ, ആ സവ്നാമവും അലിംഗമാകുന്നു. അവർ, ഇവർ മുതലായ സവ്നാമങ്ങഠം സലിംഗവും, അലിംഗവുമാകും.

൪. കൃപർ—പൂജ്യനായ കൃപൻ.
സുമന്ത്രർ—പൂജ്യനായ സുമന്ത്രൻ.

ഇങ്ങനെ അത്ഥംകൊണ്ടു് ഏകവചനവും രൂപംകൊണ്ടു ബഹുവചനവുമായ ചില ശബ്ദങ്ങളുണ്ടു്. 'കൃപർ' എന്നതിനു് ഒരേ വ്യക്തിയേ അത്ഥമാകുന്നുള്ളു; അനേകം വ്യക്തികളെയല്ല ആ ശബ്ദം കുറിക്കുന്നതു്. വക്താവിൻെറ ആദരത്തെ സൂചിപ്പിക്കുവാൻ വേണ്ടിയത്രെ ബഹുവചനം പ്രയോഗിക്കുന്നതു്. ഇതിനു പൂജാത്ഥകബഹുവചനം എന്നു പറയുന്നു. ഒരു രാജാവിനെപോലെ ജനസാമാന്യത്തിൻെറ

പൂജക്ക പാത്രമായ ആഠം ഞാൻ എന്ന അത്ഥത്തിൽ നാം എന്നു പറയാറുണ്ട്. 'നാം' ഇവിടെ പൂജാത്ഥകബഹുവചനം മാത്രമാണ്. എന്തുകൊണ്ടെങ്കിൽ, ബഹുവചനം പൂജ്യതാപ്രകാശനത്തിനായിട്ടാണ് പയോഗിച്ചിരിക്കുന്നതു്.

വേറെ ഉദാഹരണം :

താങ്കഠം (ബഹുമാനത്തിനു, താൻ എന്നതിൻെറ ബഹുവചനം)

നിങ്ങഠം (ബഹുമാനത്തിനു, നീ എന്നതിൻെറ ബഹുവചനം)

ധൃതരാഷ്ടർ, ശല്യർ, കാളിദാസർ.

ഠ. നപുംസകലിംഗങ്ങളായ ശബ്ദങ്ങഠംക്കും ഒരു പ്രത്യേകതയുണ്ടു്. സംഖ്യാവാചകമായ ഒരു വിശേഷണം ചേരുമ്പോഠം, അവക്കു ബഹുവചനാത്ഥത്തിലും, ഏകവചനമേ വേണ്ടു. നൂറ കല്ലുകഠം, പത്തു പുസ്തകങ്ങഠം, നാലു ദിക്കുകഠം, ഏഴു പവ്വതങ്ങഠം എന്നിങ്ങനെ ബഹുവചനരൂപം കല്പിക്കുന്നതു ഭാഷക്കു അനുയോജിച്ചതല്ല. നൂറ കല്ലു, പത്തു പുസ്തകം, നാലു ദിക്കു, ഏഴു പവ്വതം എന്നൊക്കെയാണ് ശരിയായ പ്രയോഗം. എന്നാൽ, കാളകഠം, കുതിരകഠം, പ്രാവുകഠം എന്നീമാതിരി ജീവികളെ കുറിക്കുന്നിടത്തു ബഹുവചനം, സംഖ്യാശബ്ദത്തിനു് പിമ്പു്, സ്വീകരിക്കുന്നതിൽ ഭംഗികേടു പറയാനുമില്ല.

## പരിശീലനം ൧൮.

൧. ബഹുവചനരൂപം പറയുക :

പോത്ത്, ഭൃത്യൻ, കായ, വീട്, ഗൃഹം, പുഴ, നാരി, പത്നി, വാതിൽ, ജനല്.

൨. അലിംഗബഹുവചനം എടുത്തു കാണിക്കുക :

(ക) അച്ഛൻ, അമ്മ, അദ്ധ്യാപകൻ ഇവർ ഗുരുക്കന്മാരത്രെ.
(ഖ) സ്കൂളിൽ ആകെ അറുനൂറ് വിദ്യാർത്ഥികളുണ്ട്. അവരിൽ ഭൂരിപക്ഷവും ആൺകുട്ടികളാണ്.
(ഗ) പ്രജകളെ രക്ഷിക്കുകയാണ് രാജാവിന്റെ കൃത്യം.
(ഘ) ധൃതരാഷ്ട്രർക്കു നൂറെറാന്നു മക്കളാണ്. ഇവരിൽ ദുശ്ശളയൊഴിച്ചു ഒക്കെ പുത്രസന്താനങ്ങൾ — കേട്ടിട്ടില്ലേ, നൂററുവരെന്ന്, ഹിന്ദുക്കളിൽ ആരും ആ പേർ കേൾക്കാതിരിക്കയില്ല.
(ങ) ചില വെൺകിടാങ്ങളും അവരുടെ തന്തമാരും കൂടെ പോകുമ്പോൾ, ചിലർ അവരെ നോക്കി ചിരിച്ചു. 'നിങ്ങൾ പരിഷ്കാരം കുറഞ്ഞ കൂട്ടത്തിലാണ്' എന്നു ചിരിച്ചതിൽ ഒരാൾ വിളിച്ചു പറഞ്ഞു.

൩. സലിംഗബഹുവചനവും പൂജാൎത്ഥകബഹുവചനവും വേറെ വേറെ എടുത്തെഴുതുക :

(ക) മരങ്ങൾ, വള്ളികൾ, പൊയ്കകൾ, പുൽത്തകിടികൾ ഇവ വനഭൂമിയുടെ സൗന്ദര്യത്തെ രേഖപ്പെടുത്തുന്നു.

(ഖ) ഹിന്ദുവനിതകൾ ഭൎത്തൃദേവതകളാണെന്ന് പുരാണങ്ങൾ ഘോഷിക്കുന്നുണ്ട്.

(ഗ) വസിഷ്ഠൻ, ശതാനന്ദൻ ഇവരായിരുന്നു ദശരഥൻെറ ഉപദേഷ്ടാക്കൾ.

(ഘ) ശങ്കരാചാൎയ്യർ, രാമാനുജാചാൎയ്യർ, മാധ്വാചാൎയ്യർ മൂവരും ഹിന്ദുക്കളുടെ മതാചാൎയ്യന്മാരായിരുന്നു.

(ങ) പാണ്ഡുപുത്രന്മാരുടെ ഗുരുവായിരുന്നു ദ്രോണർ.

(ച) പതിവ്രതകളിൽ അഗ്രഗണ്യമാരാണ് അരുന്ധതിയും, സീതയും, ദമയന്തിയും. അവരുടെ കഥകൾ നിങ്ങൾ കേട്ടിട്ടുണ്ടല്ലോ.

(ഛ) ഗുഹകളിലിരുന്ന് ഇപ്പോഴും ചില മുനിമാർ തപസ്സു ചെയ്യുന്നുണ്ടത്രെ.

(ജ) ദയാലുക്കളായ ഭൂപന്മാരിൽവെച്ചുത്തമനാണ് ശിബി.

൪. വേണ്ടിടത്ത് ബഹുവചനരൂപം എടുത്തുകളയുക :

(ക) പതിന്നാലു ലോകങ്ങളിലുമുണ്ട് ഈശ്വരവിലാസം.

(ഖ) അഞ്ചു നദികഠം ബങ്കാഠം സംസ്ഥാനത്തെ ഫല പുഷ്ടമാക്കുന്നു.

(ഗ) നാലു വേദങ്ങളും, ആറു ശാസ്ത്രങ്ങളും, പതിനെട്ടു പുരാണങ്ങളും പഠിച്ചവരാണു് ആ ഗുരുജന ങ്ങഠം.

(ഘ) രണ്ടു പഞ്ചവൎണ്ണക്കിളികളുതാ, ആ മരക്കൊമ്പത്തു് !

(ങ) ഇരുപതു് ആനകഠം ഉത്സവത്തിനുണ്ടായിരുന്നു.

(ച) അയ്യഞ്ചു പശുക്കളെ ദാതാവു വേറെ വേറെ നിൎത്തി.

---

## പത്തൊമ്പതാമദ്ധ്യായം.

---

### അക്ഷരമാല.

൧. കവി, ഭാഷ, കുട — ഇവയിൽ ഓരോ വാക്കിനേയും ഉച്ചരിക്കുമ്പോഠം, അതിൽ ഭിന്നങ്ങളായ ഒന്നിലധികം ധ്വനികഠം അടങ്ങിയിരിക്കുന്നതായി അനുഭവപ്പെടുന്നു. ക്, അ, വ്, ഇ എന്ന നാലു ധ്വനികഠം ചേൎന്നുണ്ടായതാണു് കവി; ഭ്, ആ, ഷ്, അ എന്നിവ ചേൎന്നു ഭാഷയും, അതിൻവണ്ണം ക്, ഉ, ട്, അ എന്നിവ ചേൎന്നു കുടയും ഉണ്ടായി. ധ്വനികഠം ചേൎന്നുണ്ടാകുന്നതാകുന്നു പദം. കവി

തുടങ്ങിയ ഓരോ പദത്തിനും അത്ഥമുണ്ട്. അംഗങ്ങളായ ധ്വനികളിൽ ഏതെങ്കിലുമൊന്നിനെ ഉപേക്ഷിക്കുന്നപക്ഷം ആ അത്ഥം പിന്നെ ജനിക്കുകയില്ല. അ, ഇ, ക്, ഭ് മുതലായ ധ്വനികളെ പിന്നേയും വിഭജിക്കുക സാദ്ധ്യമല്ലല്ലൊ. വിഭജ്യങ്ങളല്ലാത്ത ഇത്തരം ധ്വനികളെ വണ്ണങ്ങൾ എന്നു വിളിക്കുന്നു. ഭാഷയിൽ അമ്പത്തിമൂന്നു വണ്ണങ്ങളാണ് ആകെയുള്ളതു്. അവയെ തിരിച്ചും മറിച്ചും പല മട്ടിൽ സംയോജിപ്പിച്ചു നാം അനവധി വാക്കുകളെ നിമ്മിച്ചിട്ടുണ്ട്.

ഉച്ചരിക്കുന്ന ശബ്ദത്തിനെയാണ് വണ്ണമെന്നു പറയുന്നതു്. വണ്ണം ശ്രവണവിഷയമാണ്. അതിനെ കണ്ണിനു വിഷയമാക്കുവാൻ നാം ചില അടയാളങ്ങൾ ഉപയോഗിക്കുന്നു. വണ്ണത്തെ കുറിക്കുന്ന ചിഹ്നത്തിനു ലിപി എന്നാണ് സംജ്ഞ. അ, ആ ഇവയിലെ ശബ്ദം വണ്ണവും, എഴുത്ത് ലിപിയുമാകുന്നു. വണ്ണം വാസ്തവമായിട്ടുള്ളതു് ; ലിപി അതിനെ സ്മരിപ്പിക്കുന്ന ഒരു അടയാളം മാത്രം.

വ. അ, ഇ, ഉ എന്നിവയുടെ കൂട്ടത്തിൽ ക്, ഭ്, ഷ് ഈ വണ്ണങ്ങളെ ഗണിക്കുവാൻ തരമില്ല. അ, ഇ മുതലായവ തനിയെ ഉച്ചരിക്കാവുന്നവയാണ്. അവയെ എത്രയെങ്കിലും നീട്ടി ഉച്ചരിക്കുകയും ചെയ്യാം. നേരെമറിച്ചു ക്, ഭ് തുടങ്ങിയവയെ ഉച്ചരി

ക്കവാൻ പുറപ്പെടുമ്പോഠം അ, ഇ മുതലായ വൎണ്ണങ്ങ ളിൽ ഒന്നിൻെറ സഹായം ആവശ്യമാകുന്നു. അവയെ നീട്ടി ഉച്ചരിക്കുക ശക്യവുമല്ല. കാ, ഭീ, ഷൂ എന്നൊക്കെ നീട്ടുമ്പോഠം ക്, ഭ്, ഷ് എന്നിവയല്ല, അ, ഇ, ഉ എന്നിവയാണ് നീട്ടൽ പററുന്നതെന്നു ഉച്ചാരണം നമ്മെ ധരിപ്പിക്കുന്നു. അതുകൊണ്ടു വൎണ്ണങ്ങഠം രണ്ടു വിധത്തിലുണ്ടെന്നു സ്പഷ്ടം. ഇവയിൽ ആദ്യത്തേതിന്നു സ്വരമെന്നാണ് പേരിട്ടിട്ടുള്ളതു്. അ, ഇ മുതലായി തനിയെ ഉച്ചരിക്കപ്പെടുന്ന വൎണ്ണങ്ങഠം സ്വരങ്ങഠം. പിന്നത്തേതു വ്യഞ്ജനമാകുന്നു. ക്, ഭ് എന്നിവ പോലെ ഉച്ചാരണത്തിൽ സ്വതന്ത്രങ്ങളല്ലാത്തവ വ്യഞ്ജനങ്ങഠം. വ്യഞ്ജനങ്ങഠം സ്വരത്തോടു ചേൎന്നുനില്ക്കുന്നവ മാത്രമാണ്; ക, വി, ഭാ, ഷ ഈ മാതിരി സ്വരത്തിൻെറ മുമ്പിൽ ചേൎത്തുച്ചരിക്കുന്നവയാണ്.

വൎണ്ണങ്ങളിൽ അ, ഇ എന്നപോലെ തനിച്ചു നില്ക്കുന്നതു് ഒരുവക; ക, ഭ തുടങ്ങി ഒന്നിലധികം കൂടി നില്ക്കുന്നതു മറെറാരുവക. രണ്ടിന്നും പൊതുവേ അക്ഷരങ്ങഠം എന്നു പറയുന്നു. അക്ഷരങ്ങഠം, സ്വരങ്ങളും വ്യഞ്ജനസ്വരയോഗങ്ങളുമെന്നു വേൎതിരിയുന്നു. എല്ലാ വ്യഞ്ജനങ്ങളേയും, ഐകരൂപ്യത്തിന്നുവേണ്ടി, അ എന്ന ആദിമസ്വരത്തോടു സംയോജിപ്പിച്ചാണ് അക്ഷരമാലയിൽ ചേൎത്തിട്ടുള്ളതു്.

അക്ഷരങ്ങഠംക്കേ ലിപികഠം നിൎണ്ണയിച്ചിട്ടുള്ളു. ശുദ്ധമേ വ്യഞ്ജനങ്ങളായ വൎണ്ണങ്ങളെ കുറിക്കുന്നതിന്നു

പ്രത്യേക ലിപിയില്ല. ഒരു വ്യഞ്ജനത്തിനെ ഒററയായി തിരിച്ചു കാണിക്കേണ്ടിവരുമ്പോൾ സ്വരത്തിൻെറ വേർപാടിനെ അടയാളപ്പെടുത്തുകയത്രെ പതിവു്. ക്, ഖ്, ഗ് എന്നിങ്ങനെ അകാരത്തെ (അ എന്ന അക്ഷരത്തെ) വൎജ്ജിക്കുന്നതിനു് ് എന്ന ചന്ദ്രക്കലയിട്ടു വ്യഞ്ജനങ്ങൾ എഴുതുന്നു.

ന. സ്, മ്, അ—സ്മ.
സ്, ത്, ഉ—സ്തു.
ക്, ഷ്, മ്, ഇ—ക്ഷ്മി.

സ്മ, സ്തു ഇവയിൽ ഈ രണ്ടു വ്യഞ്ജനവും, 'ക്ഷ്മി' യിൽ മൂന്നു വ്യഞ്ജനവും കലൎന്നിരിക്കുന്നു. ഒരു വ്യഞ്ജനത്തിനു പിമ്പു് ഒരു സ്വരം എന്നതേ എല്ലാടത്തും സംഭവിക്കാവൂ എന്നില്ലെന്നു് ഈ ശബ്ദങ്ങൾ ദൃഷ്ടാന്തീകരിക്കുന്നു. അഞ്ചു വ്യഞ്ജനങ്ങൾവരെ ഒന്നിച്ചുചേൎന്നുവന്നു വരും. ഒന്നിച്ചു കൂടുന്ന വ്യഞ്ജനങ്ങളുടെ അവസാനം ഒരു സ്വരം, അവയുടെ ഉച്ചാരണയോഗ്യതയ്ക്കായി, വേണമെന്നേയുള്ളു. ഒന്നിലധികം വ്യഞ്ജനങ്ങൾ സംയോജിക്കുന്നതിനെ കൂട്ടക്ഷരം അല്ലെങ്കിൽ സംയോഗം എന്നു പറയുന്നു. പ്+അ=പ — ഈ മാതിരിയുള്ള സ്വരവ്യഞ്ജനയോഗം കൂട്ടക്ഷരമല്ല. വ്യഞ്ജനങ്ങൾ തങ്ങളിൽ ചേൎന്നുവരുമ്പോഴെ കൂട്ടക്ഷരം എന്നു പറയാവൂ.

൪. അ മുതൽ ഔ വരെ പതിനാറ് എണ്ണങ്ങളാണ് സ്വരങ്ങൾ. ഉച്ചാരണത്തിൽ വരുന്ന വ്യത്യാസംനിമിത്തം സ്വരങ്ങൾ രണ്ടായി തിരിയുന്നു. കുറുക്കി ഉച്ചരിക്കുന്നവ ഹ്രസ്വങ്ങൾ; നീട്ടി ഉച്ചരിക്കുന്നവ ദീർഘങ്ങൾ.

അ, ഇ, ഉ, ഋ, ഌ, എ, ഒ—ഹ്രസ്വങ്ങൾ.

ആ ഈ ഊ ൠ ൡ ഏ ഐ ഓ ഔ—ദീർഘങ്ങൾ.

൫. ക മുതല്ക്കു ള വരെയുള്ള മുപ്പത്തേഴ വ്യഞ്ജനങ്ങളെ വർഗ്ഗീയങ്ങൾ എന്നും അവർഗ്ഗീയങ്ങൾ എന്നും രണ്ടായി വിഭജിച്ചിരിക്കുന്നു.

| | ഖരം. | അതിഖരം. | മൃദു. | ഘോഷം. | അനുനാസികം. | |
|---|---|---|---|---|---|---|
| വർഗ്ഗീയം | ക | ഖ | ഗ | ഘ | ങ | —കവർഗ്ഗം |
| | ച | ഛ | ജ | ഝ | ഞ | —ചവർഗ്ഗം |
| | ട | ഠ | ഡ | ഢ | ണ | —ടവർഗ്ഗം. |
| | ത | ഥ | ദ | ധ | ന (ഩ) | —തവർഗ്ഗം |
| | പ | ഫ | ബ | ഭ | മ | —പവർഗ്ഗം |
| അവർഗ്ഗീയം | യ | വ | ര | റ | ല | ള—മധ്യമങ്ങൾ |
| | ശ | ഷ | സ | ഹ | ഴ | —ഊഷ്മാക്കൾ |

൬. വീട്, ഉണ്ട്, തേള് എന്നിങ്ങനെയുള്ള പദങ്ങൾ വ്യഞ്ജനത്തിലാണ് അവസാനിക്കുന്നതെന്നു തോന്നിപ്പോകും. എന്നാൽ, വാസ്തവം അങ്ങിനെ

യല്ല. ഉച്ചാരണത്തിൽ ട്ട്, ണ്ട് ള്  ഇവയിൽ ഉകാരത്തിൻെറ ഒരു കലപ്പുണ്ടെന്നു സമ്മതിച്ചേ തീരു. വ്യഞ്ജനത്തെ തനിച്ചുച്ചരിക്കുക പ്രയാസമാകുന്നു; ഉച്ചരിച്ചാൽ ആ വ്യഞ്ജനം അസ്ഫുടമായി തീരും. പദാന്ത്യമായ വ്യഞ്ജനത്തെ വ്യക്തമായി ഉച്ചരിക്കേണ്ണമെന്നാണ് ഭാഷയിലെ വ്യവസ്ഥ. അതുമൂലം, വ്യഞ്ജനം ഉച്ചരിക്കുമ്പോൾ അതിൽ ഒരു സ്വരാംശം കലരാതെ കഴികയില്ല. ആ സ്വരാംശമാണ് 'വീട്ട' എന്നതിൻെറ ഒടുവിൽ ഉകാരത്തിൻെറ ഛായയിൽ പററിനില്ക്കുന്നതു്.

ഉകാരം, ആ സ്ഥിതിക്കു്, രണ്ടുവിധമുണ്ടെന്നു വരുന്നു. വീടുകൾ, ഉണ്ടു് ഇവയിൽ വ്യഞ്ജനത്തോടു ചേൎന്നുകൊണ്ടു് ഒരു ഉകാരം ഇട്ടിരിക്കുന്നു. ഇതു് പൂൎണ്ണമായ ഉകാരമാണ്; സ്ഫുടമായ ഉച്ചാരത്തോടുകൂടിയതാണ്. ഈ ഉകാരത്തിന്നു വിവൃതം എന്നാണ് പേർ. ട്, ള് എന്നിവയിലെപോലെ ഉകാരം പൂൎണ്ണമല്ലാതിരുന്നാൽ, അസ്ഫുടോച്ചാരമായിരുന്നാൽ, അതു് സംവൃതം. ഉകാരത്തിൻെറ മേൽ 'ഉ്' ഇങ്ങനെ ചന്ദ്രക്കലയിട്ടു സംവൃതത്തെ കാണിക്കുന്നു. ട് + ഉ = ടു— വിവൃതം ട് —സംവൃതം.

വേറെ ഉദാഹരണം:

| വിവൃതം | സംവൃതം |
|---|---|
| മദിച്ചു | മദിച്ച് |
| ജാനു | യശസ്സ് |

൭. പദാന്തത്തിലെ വ്യഞ്ജനത്തിനു ഉച്ചാരണം തെളിയുവാൻ സംവൃതത്തിൻെറ സഹായം വേണമെന്നാണല്ലോ മുകളിൽ പറഞ്ഞതു്. എന്നാൽ, ഏതാനും വ്യഞ്ജനങ്ങളുടെ കഥ ഭിന്നമാകുന്നു. അവിൽ, തേൻ, ഇപ്പോൾ, പെൺ, പയർ ഇങ്ങനെ ചില പദങ്ങൾ എടുത്തുനോക്കിയാൽ വ്യഞ്ജനം സംവൃതാപേക്ഷകൂടാതെ നില്ക്കുന്നതായി കാണാം. പദാന്തത്തിൽ സംവൃതാശ്രയമില്ലാതെ നില്ക്കുന്ന ഇത്തരം വ്യഞ്ജനങ്ങൾക്കു ചില്ലുകൾ എന്നു പേരാണു്. ര, റ, ല, ള, ഴ, ന, ണ എന്ന ഏഴു വ്യഞ്ജനങ്ങളാണു് സംവൃതമില്ലാതെ നില്ക്കുന്നതു്. ചില്ലുകൾക്കു പ്രത്യേകം ലിപികൾ ഉപയോഗിച്ചുവരുന്നു.

ര്, റ് ഇവ രണ്ടിനും —'ർ'

ള്, ഴ് ഇവ — 'ൾ'

ണ് — ൺ; ന് — ൻ; ല് — ൽ.

മകാരം ചില്ലായ് വരുന്നതത്രെ 'ം' എന്നതു്. ഇതിനു അനുസ്വാരമെന്നു പറഞ്ഞുവരുന്നു.

ദുഃഖം, മനഃപരിഷ്കാരം ഈ മാതിരി പദങ്ങളിൽനിന്നു് 'അഃ' എന്നതിനു സമമായ ഒരു വർണ്ണം സ്വരങ്ങളോടു ചേർന്നുച്ചരിക്കപ്പെടുന്നതായി കാണുന്നു. ഇതിനു ഹ എന്ന വ്യഞ്ജനത്തോടാണു സാദൃശ്യം. വിസർഗ്ഗം എന്നാകുന്നു ഇതിൻെറ പേർ. വിസർഗ്ഗം 'ഃ' സംസ്കൃതത്തിൽനിന്നു് ഭാഷയിൽ സംക്രമിച്ചതാണു്; സംസ്കൃതപദങ്ങളിലേ ഇതു് കാനുകയുള്ളു.

———

## പരിശീലനം ൫൯.

൧. വർണ്ണങ്ങളാക്കി വേർതിരിച്ചെഴുതുക:

ചൊല്പടിക്ക്, ധൃതരാഷ്ട്രർ, അശ്വഗന്ധം, ഇന്ദ്രപ്രസ്ഥം, സ്ത്രീവൃന്ദം, അജ്ഞദൃഷ്ടി.

---

## ഇരുപതാമദ്ധ്യായം.

---

## അനുപ്രയോഗം.

൧. അവനതിനെ നിഷേധിക്കുന്നുണ്ട്.
ലീലാവതി അമ്പലത്തിൽ പോയിരുന്നു.
പക്ഷി പറന്നുകൊണ്ടിരിക്കുന്നു.

നിഷേധിക്കുന്നുണ്ട്, പോയിരുന്നു, പറന്നുകൊണ്ടിരിക്കുന്നു ഈ മൂന്നു പദങ്ങളേയും ഓരോ വാക്യത്തിലേയും കൃതികളായിട്ടാണല്ലോ നാം ഗണിക്കുക. നിഷേധിക്കുന്നു, പോയി, പറന്നു ഇവ മാത്രമാണ് സാക്ഷാൽ ക്രിയാപദങ്ങൾ—കർത്താവിൻെറ വ്യാപാരത്തെ കാണിക്കുന്ന ശബ്ദങ്ങൾ. ഉണ്ട്, ഇരുന്നു, കൊണ്ടിരിക്കുന്നു എന്നിവയെ യഥാക്രമം 'നിഷേധിക്കുന്നു' തുടങ്ങിയവയോടു ചേർത്തു പ്രയോഗിച്ചിരിക്കുന്നതു, ക്രിയയുടെ കാലത്തിൽ ചില താരതമ്യങ്ങളെ നിർദ്ദേശിക്കുന്നതിനു വേണ്ടിയാണ്. ഉദാഹരണങ്ങ

ളിൽനിന്നുതന്നെ കാലത്തിൻെറ ഈ വിഭേദം വിശദമാകുന്നു. 'ഉന്നുണ്ട്' എന്നു ചേത്തപ്പോഠം നിഷേധിക്കുക എന്ന വ്യാപാരം ഭൂതകാലത്തിൽ നടന്നതാണെങ്കിലും പൂത്തിയായിട്ടില്ലെന്നും, അതു തുടന്നുകൊണ്ടിരിക്കുന്നുവെന്നും ആണ് അത്ഥമാകുന്നതു്. പോയി എന്നതിനോട്ട് ഇരുന്നുവെന്നു ചേക്കുന്നതായാൽ, കഴിഞ്ഞുപോയ പ്രത്യേകമായ ഒരു കാലത്തു നടന്നതും, കേഠംക്കുന്നവന് ആസ്ഥ കുറഞ്ഞതുമായ ഒരു ക്രിയയെ അതു സൂചിപ്പിക്കുന്നു. പൂത്തിയാകാതെ തുടരുന്നുവെന്ന കാലത്തിൻെറ അനുബന്ധത്തെയാണ് 'കൊണ്ടിരിക്കുന്നു' എന്ന ശബ്ദം, കാണിക്കുന്നതു്. ഒരു ക്രിയയുടെ പിറകിൽ, അത്ഥത്തിലതിനെയിങ്ങനെ സഹായിപ്പാൻ പ്രയോഗിക്കുന്ന ശബ്ദത്തിന് 'അനുപ്രയോഗം' എന്നാണ് പേർ. ഉന്നുണ്ട് തുടങ്ങിയവ അനുപ്രയോഗങ്ങളാകുന്നു. ഭൂതം, ഭാവി, വത്തമാനം ഈ മൂന്നു കാലങ്ങളിലും ഉള്ള ക്രിയാപദങ്ങളോട്ട ഇത്തരം അനുപ്രയോഗം ചേരും.

വേറെ ഉദാഹരണം :

| | |
|---|---|
| ഞാൻ അപേക്ഷിച്ചിട്ടുണ്ട്. | (ഇട്ടുണ്ട് - അനുപ്രയോഗം) |
| കാര്യം അറിയിച്ചിരുന്നു. | (ഇരുന്നു ,, ) |
| കുയിൽ പാടിക്കൊണ്ടിരിക്കും. | (കൊണ്ടിരിക്കും ,, ) |
| അവഠം പോകുന്നുണ്ട്. | (ഉന്നുണ്ട് ,, ) |
| ഗുണം ഉണ്ടാകും. | (ആകും ,, ) |

വ. വേറെ വിധത്തിലുമുണ്ട് അനുപ്രയോഗങ്ങൾ.

അവ ഇതു ചെയ്യുമായിരിക്കും — ആയിരിക്കും എന്ന ശബ്ദം ചെയ്യുക എന്ന ക്രിയ സംഭവിച്ചേക്കുമെന്ന വക്താവിൻെറ അനുമാനത്തെ കുറിക്കുന്നു. ചെയ്യും, ക്രിയ; ആയിരിക്കും, അനുപ്രയോഗം. അനുമാനത്തെ കാണിക്കുന്ന അനുപ്രയോഗമാണ് 'ആയിരിക്കും' എന്നതു്.

വേറെ ഉദാഹരണം :

നുണ പറയണമായിരിക്കും.

സംഭവം നടന്നായിരിക്കും.

അതും സംഭവിക്കാമായിരിക്കും.

ചെടി തളിക്കുമായിരിക്കും.

ന. ക്രുദ്ധനായ നരസിംഹമൂർത്തി ലോകത്തെ ഭസ്മമാക്കുമായിരുന്നു.

'ആയിരുന്നു' എന്നു ചേർത്തിട്ടുള്ളതു ക്രിയ സംഭവിച്ചിട്ടില്ലെന്നു കാണിപ്പാനാണ്. ആയിരുന്നുവെന്ന അനുപ്രയോഗം ക്രിയ നടന്നിട്ടില്ലെന്നു നിർദ്ദേശിക്കുന്നു.

വേറെ ഉദാഹരണം :

കാററില്ലെങ്കിൽ മഴ പെയ്യുമായിരുന്നു. (പെയ്തില്ലെന്നർത്ഥം)

ഓളമില്ലാതിരുന്നാൽ പുഴയിൽ നീന്താമായിരുന്നു. (നീന്തുന്നില്ലെന്നർത്ഥം)

ഇന്നു വെയിൽ കാണുമായിരുന്നു. (കണ്ടില്ലെന്നത്ഥം)

൮. പ്രഭോ, അവിടുത്തെ കനിവിനെ യാചിച്ചുകൊള്ളുന്നു.

കാലം അങ്ങിനെ ഇരുളിൽനിന്നു വെളിച്ചത്തേക്കു കടന്നുവരും.

ഞാൻ ചെന്നപ്പോഴക്കും രമ പൊയ്ക്കഴിഞ്ഞു.

കൊള്ളുന്നു, വരും, കഴിഞ്ഞു ഇവ ഓരോന്നും ക്രിയകളിൽ ഓരോ വിശേഷാത്ഥത്തെ ജനിപ്പിച്ചിരിക്കുന്നു. 'കൊള്ളുന്നു' വെന്നതു വക്താവിൻെറ ആദരവിനെ കുറിക്കുന്നു. 'വരും' ക്രിയാനുഗതിയേയും, 'കഴിഞ്ഞു' ക്രിയാവസാനത്തേയും സൂചിപ്പിക്കുന്നവയാണ്. ക്രിയയുടെ അത്ഥവിശേഷത്തിനു വേണ്ടിയാണ് ഈ മാതിരി അനുപ്രയോഗങ്ങൾ.

വേറേയും ഉദാഹരണം :

നീയന്നു പറഞ്ഞതു ഒരു മുന്നറിവായ് തീൻ.
ഞാനക്കഥ മറന്നുപോയി.
സത്യമേ പറഞ്ഞുകൂട്ടു.
ഞാനതു പറഞ്ഞുവെയ്ക്കാം. (പറഞ്ഞേക്കാം)
സവ്വും നന്മയായ് ചമഞ്ഞു.
ശ്രീകൃഷ്ണൻ തേരിലിരുന്നരുളി.

---

## പരിശീലനം ൨൦.

൧. അനുപ്രയോഗങ്ങളെ വേർതിരിച്ചു കാണിക്കുക:

(ക) അങ്ങയുടെ സാന്നിധ്യത്തെ ക്ഷണിച്ചുകൊള്ളുന്നു.
(ഖ) അഗ്നിയിൽ കിടന്നതൊക്കെ ദഹിച്ചുപോയി.
(ഗ) ശത്രുസേന നഗരത്തെ വളഞ്ഞിട്ടുണ്ടായിരുന്നു.
(ഘ) ദിവസവും ഞാൻ ക്ഷേത്രദർശനം ചെയ്തുപോന്നു.
(ങ) പീരങ്കികൾ രാപ്പകൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു.
(ച) അങ്ങിനെയൊക്കെ ഞങ്ങൾ സമ്മതിച്ചിട്ടുണ്ട്.
(ഛ) അവനിപ്പോൾ ഉത്സവത്തിനു പുറപ്പെട്ടിട്ടുണ്ടാകും.
(ജ) ജനക്കൂട്ടത്തെ പോല്ലിസുകാർ പിരിച്ചുവിട്ടു.
(ഝ) കൂട്ടിൽ കരേറിപ്പിടികൂടി മെല്ലെ.
(ഞ) ഏകദാ വന്ദിച്ചു സൗമിത്രി സസ്പൃഹം
രാഘവനോടു ചോദിച്ചരുളീടിനാൻ.

൨. ഇരുന്നു, പോയി, വരും, കൂടു, ആയിരിക്കും ഈ അനുപ്രയോഗങ്ങളെ താഴെ കൊടുത്തിട്ടുള്ള ക്രിയകളോടു ചേർച്ചപോലെ ചേർത്തു വാക്യത്തിൽ പ്രയോഗിക്കുക:

കൊടുത്തു, ചെന്നു, ഗുണമായി, പോകാം, ഉച്ചരിച്ചു.

# ഇരുപത്തൊന്നാമദ്ധ്യായം.

## വിഭക്തി.

൧. അമ്മ, അമ്മയെ, അമ്മയോടു്, അമ്മയുടെ ഈ വിധത്തിൽ ഒരേ നാമത്തിനു (അമ്മ) തന്നെ വാക്യങ്ങളിൽ പല രൂപങ്ങളും നാം കാണാറുണ്ടു്. അമ്മയെ വിളിച്ചു, അമ്മയോടു പറഞ്ഞു എന്നൊക്കെ അതിനു ദൃഷ്ടാന്തങ്ങളാണു്. 'അമ്മ' എന്ന നാമത്തിനു 'വിളിച്ചു' എന്ന ക്രിയയോടുള്ള ബന്ധത്തെ കുറിക്കുവാനാണു്, അതിന്റെ രൂപം 'അമ്മയെ' എന്നു ഭേദപ്പെടുത്തിയതു്. അതിൻവണ്ണം, 'പറഞ്ഞു' എന്ന ക്രിയാപദത്തോടുള്ള സംബന്ധത്തെ പ്രകാശിപ്പിക്കുന്ന രൂപാന്തരമാണു് 'അമ്മയോടു്' എന്നു സ്പഷ്ടം. ഭാഗവതരുടെ പാട്ടു് എന്നതിലെപോലെ ഒരു നാമത്തിനു ക്രിയയോടല്ലാതെ മറെറാരു നാമത്തോടുതന്നെ സംബന്ധത്തിനുവേണ്ടി രൂപത്തിൽ മാററമുണ്ടാകും. വാക്യത്തിന്റെ അൎത്ഥനിഷ്പത്തിക്കു്, അതിലടങ്ങിയ പദങ്ങളുടെ അന്യോന്യബന്ധം ആവശ്യമായിട്ടിരിക്കുന്നു. ഞാൻ, അവൻ, പേടിപ്പെടുത്തി ഇങ്ങിനെ നാമവും, ക്രിയയും അന്യോന്യബന്ധമില്ലാതെ നിന്നാൽ, ഒരൎത്ഥം പ്രകാശപ്പെടുന്നില്ല; അതൊരു വാക്യമാകുന്നില്ല. നേരെമറിച്ചു 'ഞാൻ അവനെ പേടിപ്പെടുത്തി' എന്ന മട്ടിൽ, 'അവൻ' എന്ന നാമത്തെ ക്രിയയോടു ബന്ധപ്പെടുവാൻവേണ്ടി 'അവനെ' എന്നു വ്യത്യാസപ്പെടുത്തുമ്പോഴ്, ആ ശബ്ദങ്ങളുടെ കൂട്ടുകെ

ട്ടിൽനിന്ന് ഒരത്ഥം ജനിക്കുന്നു; അതൊരു വാക്യമായിച്ചമയുന്നു. നാമത്തിനിങ്ങനെ അന്യപദത്തോടുള്ള ബന്ധത്തെ കാണിക്കുവാൻവേണ്ടി വരുത്തുന്ന രൂപഭേദത്തിനു **വിഭക്തി** എന്നു വൈയാകരണന്മാർ പേരിട്ടിരിക്കുന്നു.

൨. അമ്മ എന്ന ശബ്ദം എ, ഓട്ട് എന്നിങ്ങനെ ചില വർണ്ണങ്ങൾ ചേൎന്നപ്പോഴാണ് അമ്മയെ, അമ്മയോട്ട് എന്നൊക്കെ രൂപാന്തരപ്പെട്ടുന്നതു്. നാമത്തിൽ രൂപഭേദത്തിനുവേണ്ടി ചേൎക്കുന്ന അക്ഷരത്തിനു പ്രത്യയം എന്നു പറയും. വാക്യത്തിൽ നാമങ്ങൾക്ക് ഏഴു തരം രൂപങ്ങൾ സംഭവിക്കുന്നു. അതുകൊണ്ടു വിഭക്തി ഏഴെണ്ണമാണ്. വിഭക്തിക്കു് ഓരോന്നിനും വേറെ വേറെ പ്രത്യയമുണ്ട്. ഓരോ വിഭക്തിയും, അതാതിൻെറ പ്രത്യയവും ചുവടെ കാണിച്ചിരിക്കുന്നു.

| വിഭക്തി. | പ്രത്യയം. | രൂപം. | |
|---|---|---|---|
| | | ഏകവചനം | ബഹുവചനം. |
| ൧. നിർദ്ദേശിക. | നാമരൂപംതന്നെ (പ്രത്യയമില്ല) | മല | മലകൾ |
| ൨. പ്രതിഗ്രാഹിക. | എ (ഏ) | മലയെ | മലകളെ |
| ൩. സംയോജിക. | ഓട്ട (ഒട്ട) | മലയോട്ട | മലകളോട്ട |
| ൪. ഉദ്ദേശിക. | ക്കു്, നു് | മലക്കു് (മലയ്ക്കു്) നരനു് | മലകൾക്കു് |
| ൫. പ്രയോജിക. | ആൽ | മലയാൽ | മലകളാൽ |
| ൬. സംബന്ധിക. | ഉടെ (ഊടെ) ൻെറ | മലയുടെ, നരൻെറ | മലകളുടെ |
| ൭. ആധാരിക. | ഇൽ (കൽ) | മലയിൽ | മലകളിൽ |

൩. ഞാൻ കണ്ടു—ഇവിടെ നാമത്തിനു (ഞാൻ) രൂപഭേദം വരാതിരിക്കുന്നതിനു കാരണം ഉണ്ട്. നാമം, അതേ രൂപത്തിൽതന്നെ, 'കണ്ടു' എന്ന അന്യപദത്തോടു ബന്ധപ്പെട്ടിരിക്കുന്നു.

൮. നപുംസകശബ്ദങ്ങളിൽ പ്രതിഗ്രാഹികാപ്രത്യയം പലപ്പോഴും ചേരാതെകണ്ടിരിക്കും.

ഉദാഹരണം :

ചോറ് ഉണ്ണുന്നു—ചോറിനെ എന്നു പ്രയോഗിക്കാറില്ല.

പൂ പറിക്കുന്നു—പൂവിനെ——

കൈ തുടയ്ക്കുന്നു—കൈയിനെ——

൯. വ്യഞ്ജനങ്ങളിൽ അവസാനിക്കുന്ന ശബ്ദങ്ങളോട് 'ഇൻ' എന്നു, വിഭക്തിപ്രത്യയത്തിനു മുമ്പായി, പ്രായേണ ചേർക്കേണ്ടതായി വരും. 'ഇൽ' എന്ന ആധാരികയിൽ മാത്രം ഈ വ്യവസ്ഥക്കു പ്രസക്തിയില്ല.

ഉദാഹരണം :

൧. കിനാവ് (ഇൻ) എ = കിനാവിനെ.

൨. ആയുസ്സ് (ഇൻ) ആൽ = ആയുസ്സിനാൽ (ആയുസ്സാൽ)

൩. നാട് (ഇൻ) എ = നാടിനെ.

കിനാവിൽ, ആയുസ്സിൽ ഇങ്ങനെയല്ലാതെ ആധാരികക്കു് 'ഇൻ' ചേൎന്നു രൂപമില്ല.

൬൩. അമ്മേ, ശങ്കരാ, അമ്മൂ എന്നീ മാതിരി നാമങ്ങൾക്കു മുകളിൽ പ്രസ്താവിച്ചതു കൂടാതെ, മററൊരുതരം രൂപവുംകൂടി ഉണ്ടു്. കേൾക്കുന്ന ആളെ പറയുന്നവനു് അഭിമുഖമാക്കുകയാണു് ഇതിന്റെ പ്രയോജനം. സംബോധനാൎത്ഥത്തിൽ വരുന്ന നിൎദ്ദേശികയുടെ ഈ രൂപഭേദത്തിനു പേർ സംബോധിക എന്നാണു്.

വേറെ ഉദാഹരണം:

| നിൎദ്ദേശിക. | സംബോധിക. |
|---|---|
| ഹൃദയം | ഹൃദയമേ! |
| മകൾ | മകളേ! |
| ഉണ്ണി | ഉണ്ണീ! |
| പ്രഭു | പ്രഭോ! |

സംബോധികയുടെ പിമ്പിൽ ! എന്നു ഇട്ടുകാണുന്ന ചിഹ്നത്തിനു വിക്ഷേപണി എന്നാണു് സംജ്ഞ. സംബോധനയെ സൂചിപ്പിക്കുവാൻ ഇതിനെ ഉപയോഗിച്ചിരിക്കുന്നു. ഒരു വ്യാക്ഷേപകവാക്യത്തിന്റെ പിറകിലും ഈ ചിഹ്നം ആവശ്യമാണു്.

## വിഭക്തിയുടെ ചില മാതൃകകൾ.

### നാമം ൧. ആപത്തു്.

| വിഭക്തി. | രൂപം | |
|---|---|---|
| | ഏകവചനം | ബഹുവചനം |
| നിർദ്ദേശിക | ആപത്തു് | ആപത്തുകൾ |
| പ്രതിഗ്രാഹിക | ആപത്തിനെ | ആപത്തുകളെ |
| സംയോജിക | ആപത്തിനോടു (ത്തിനോടു്) | ആപത്തുകളോടു് |
| ഉദ്ദേശിക | ആപത്തിനു് | ആപത്തുകൾക്കു് |
| പ്രയോജിക | ആപത്തിനാൽ (ത്താൽ) | ആപത്തുകളാൽ |
| സംബന്ധിക | ആപത്തിൻെറ, ആപത്തിനുടെ | ആപത്തുകളുടെ |
| ആധാരിക | ആപത്തിൽ, (ആപത്തിങ്കൽ) | ആപത്തുകളിൽ |

### നാമം ൨. ക്ഷേത്രം.

| വിഭക്തി. | രൂപം. | |
|---|---|---|
| | ഏകവചനം | ബഹുവചനം. |
| നിർദ്ദേശിക | ക്ഷേത്രം | ക്ഷേത്രങ്ങൾ |
| പ്രതിഗ്രാഹിക | ക്ഷേത്രത്തെ, ക്ഷേത്രത്തിനെ | ക്ഷേത്രങ്ങളെ |
| സംയോജിക | ക്ഷേത്രത്തോടു, ക്ഷേത്രത്തിനോടു | ക്ഷേത്രങ്ങളോടു |
| ഉദ്ദേശിക | ക്ഷേത്രത്തിനു | ക്ഷേത്രങ്ങൾക്കു് |
| പ്രയോജിക | ക്ഷേത്രത്താൽ | ക്ഷേത്രങ്ങളാൽ |
| സംബന്ധിക | ക്ഷേത്രത്തിൻെറ, (ത്തിനുടെ) | ക്ഷേത്രങ്ങളുടെ |
| ആധാരിക | ക്ഷേത്രത്തിൽ, ക്ഷേത്രത്തിങ്കൽ | ക്ഷേത്രങ്ങളിൽ |

## നാമം ൩. ഞാൻ (എൻ)

| വിഭക്തി. | രൂപം. | |
|---|---|---|
| | ഏകവചനം. | ബഹുവചനം. |
| നിർദേശിക | ഞാൻ | ഞങ്ങൾ, നമ്മൾ, നാം |
| പ്രതിഗ്രാഹിക | എന്നെ | ഞങ്ങളെ, നമ്മളെ, നമ്മെ |
| സംയോജിക | എന്നോടു, എന്നൊടു | ഞങ്ങളോടു, ഞങ്ങളൊടു, നമ്മളോടു, നമ്മോടു |
| ഉദ്ദേശിക | എനിക്കു് | ഞങ്ങൾക്കു, നമ്മൾക്കു, നമുക്കു് |
| പ്രയോജിക | എന്നാൽ | ഞങ്ങളാൽ, നമ്മളാൽ, നമ്മാൽ |
| സംബന്ധിക | എന്റെ (എന്നുടെ) | ഞങ്ങളുടെ, നമ്മളുടെ നമ്മുടെ |
| ആധാരിക | എന്നിൽ, എങ്കൽ | ഞങ്ങളിൽ, നമ്മളിൽ, നമ്മിൽ |

മാതൃകകളെ നോക്കി മററു നാമങ്ങളുടെ വിഭക്തികളെ ഊഹിച്ചുകൊള്ളുക.

---

## പരിശീലനം ൨൧.

൧. ഓരോ വാക്യത്തിലേയും നാമപദങ്ങളെടുത്തു് അവയുടെ വിഭക്തിയും, വചനവും പറയുക :

(ക) പ്രാചീനകാലത്തിൽ ജനങ്ങൾ സമുദായബന്ധത്തെ പ്രിയപ്പെട്ടിരുന്നുവെന്നാണു് ഏതു രാജ്യത്തിന്റേയും ചരിത്രത്താൽ വ്യക്തമാകുന്നതു്.

(ഖ) നക്ഷത്രങ്ങളെ കവികഠം ആകാശമാകുന്ന മേല്ക്കട്ടിയിൽ പതിച്ച രത്നങ്ങളെന്നു വൎണ്ണിക്കാറുണ്ടു്.

(ഗ) കടലിനു് ഉപ്പുണ്ടാകുന്നതു്, നദികളുടെ സമ്പൎക്കത്തിൽനിന്നാണെന്നത്രെ ശാസ്ത്രജ്ഞന്മാരോടു ചോദിച്ചാൽ പറയുക.

(ഘ) നിന്റെ ചെങ്ങാതികഠംക്കു നീയൊരിക്കലും ശല്യം വരുത്തരുതു്.

(ങ) അവന്റെ വാക്കു കേട്ടാൽ ആരും ചിരിച്ചു പോകും.

(ച) മൎത്ത്യനെ മൎത്ത്യനെന്നോൎത്തോരു മൎത്ത്യനു
മജ്ജീവിതം ഹാ, സമൎപ്പണം ചെയ്യു ഞാൻ!

(ഛ) കനത്തോരിരുളിന്റെ യുച്ചിയിൽ വെട്ടീടുന്നു
കനകക്കൈവാളിനാലാകാശം തുരുതുരെ.

(ജ) പകലിരവിനെ മാറചേൎത്തു പുൽകു-
ന്നൊരു പടമാണെഴുതുന്നതന്തി വാനിൽ.

---

## ഇരുപത്തിരണ്ടാമദ്ധ്യായം.

---

## വാക്യവിഭാഗം—സങ്കീൎണ്ണകവാക്യം, മഹാവാക്യം.

൧. അൎത്ഥത്തിനെ ആധാരമാക്കിയാണു് വാക്യങ്ങഠംക്കു പ്രസ്താവന, ചോദ്യം, വിധായകം, വ്യാക്ഷേ

പകം എന്ന ചില വിഭാഗങ്ങളെ കല്പിച്ചിട്ടുള്ളതു്. വാക്യങ്ങൾക്കു്, അവയുടെ ഘടകങ്ങളെക്കൊണ്ടുണ്ടാകുന്ന സ്വരൂപം പ്രമാണപ്പെടുത്തി വേറേയും ചില പിരിവുകൾ ഉണ്ടു്. ചൂർണ്ണിക, സങ്കീർണ്ണകം, യൗഗികം ഇവയാണു് ആ പിരിവുകൾ. ഇവയിൽ ചൂർണ്ണികയെ (Simple sentence) കുറിച്ചു നിങ്ങൾ മുമ്പൊരിടത്തു പഠിച്ചുകഴിഞ്ഞു.

ഉ. കിണററിൽ മാമ്പഴം വീണതു രമ നോക്കിനിന്നു.

കിണററിൽ മാമ്പഴം വീണു. അതു രമ നോക്കിനിന്നു—ഇങ്ങനെ ഇതിനെ രണ്ടു വാക്യമായി ഭാഗിക്കാം. ഓരോന്നും ഓരോ വിചാരത്തെ പ്രകാശിപ്പിക്കുന്നുണ്ടു്. ഒരുമിച്ചു ചേർന്നപ്പോൾ രണ്ടും, ആ ഒററയായ വാക്യത്തിൻെറ അംഗങ്ങളായിട്ടു മാറി. ഒരു വാക്യത്തിനുള്ള അംഗങ്ങളായ അല്ലെങ്കിൽ ഘടകങ്ങളായ വാക്യങ്ങളെ ഉപവാക്യങ്ങൾ എന്നാണു് പറയുക. ഉപവാക്യങ്ങളിൽ ചിലപ്പോൾ ഒന്നു പ്രധാനമായിരിക്കും ; അന്യാശ്രയമില്ലാതെ സ്വതന്ത്രമായി നില്ക്കും. മററതു്, ആ പ്രധാനവാക്യത്തെ ആശ്രയിക്കുന്ന ഒന്നായിട്ടിരിക്കും. ആദ്യത്തേതിനു പ്രധാനവാക്യമെന്നുതന്നെ സംജ്ഞ. പിന്നത്തെ അസ്വതന്ത്രമായ വാക്യം അധീനവാക്യം. ഉദാഹരണത്തിൽ 'രമ നോക്കിനിന്നു' എന്ന ഭാഗം അന്യാധീനമല്ലാതെ

നില്ക്കുന്നതിനാൽ പ്രധാനവാക്യവും, 'കിണററിൽ മാമ്പഴം വീണതു്' എന്ന ഭാഗം അതിന്നു് അധീനമാകയാൽ അധീനവാക്യവുമാകുന്നു.

ഇങ്ങനെ പ്രധാനവാക്യവും അധീനവാക്യവും ഒരുമിച്ച ചേൎന്നു വരുന്നതിനു സങ്കീൎണ്ണകം എന്നു പേരിട്ടിരിക്കുന്നു. ഒരു സങ്കീൎണ്ണകവാക്യത്തിൽ ഒന്നിലധികം അധീനവാക്യമുണ്ടാകാം. നോക്കുക:

കാററു് ഊതിയപ്പോൾ മരങ്ങൾ മൂളിയതു് എന്നെ ഉല്ലസിപ്പിച്ചു.

'എന്നെ ഉല്ലസിപ്പിച്ചു' എന്നതു പ്രധാനവാക്യം; അതു് അന്യമായ ഒരു വാക്യത്തിന്നു് അധീനപ്പെട്ടതല്ല. 'മരങ്ങൾ മൂളിയതു്', 'കാററു് ഊതിയപ്പോൾ' ഇവ രണ്ടും അതിനെ ആശ്രയിച്ചു നില്ക്കുന്നതിനാൽ അധീനവാക്യങ്ങൾ ആകുന്നു. രണ്ടിലധികവുമാകാം അധീനവാക്യത്തിൻെറ സംഖ്യ.

൩. 'മരങ്ങൾ മൂളിയതു്' എന്ന അധീനവാക്യം 'ഉല്ലസിപ്പിച്ചു' എന്ന ക്രിയയുടെ (പ്രധാനവാക്യത്തിൽ) ആഖ്യയാണു്; ആ അധീനവാക്യം ഒരാഖ്യയുടെ പ്രവൃത്തിയാണു് നിൎവ്വഹിക്കുന്നതു്. ആഖ്യ ഒരു നാമമായിരിക്കുമല്ലോ. ആഖ്യയുടെ നിലയിലോ മറേറാ ഒരു നാമത്തിനു തുല്യമായി വരുന്ന അധീനവാക്യത്തിനു പേർ നാമവാക്യമെന്നാണു്. 'കിണററിൽ

മാമ്പഴം വീണതു്" എന്ന പ്രഥമോദാഹരണത്തിലെ അധീനവാക്യവും നാമവാക്യംതന്നെ. 'രമ നോക്കി നിന്നു' എന്ന പ്രധാനവാക്യത്തിനു് അതു കർമ്മമായി നില്ക്കുന്നു; കർമ്മത്തിൻെറ മട്ടിലാണു് അതു് നാമത്തിനു് ഒപ്പമാകുന്നതു്.

വേറെ ഉദാഹരണം:

| നാമവാക്യം. | പ്രധാനവാക്യം. |
|---|---|
| (ക) പ്രിയമായി സംസാരിക്കുന്നതു് | ആരേയും വശപ്പെടുത്തും. |
| (വശപ്പെടുത്തുമെന്നതിൻെറ അഖ്യ.) | |
| (ഖ) സുഖം സൽകർമ്മഫലമാണെന്നു | ഞാൻ കരുതുന്നു. |
| (കരുതുന്നുവെന്നതിൻെറ കർമ്മം.) | |

൪. 'കാററു ഊതിയപ്പോൾ' എന്ന അധീനവാക്യമാകട്ടെ, അതിനു പിമ്പുള്ള നാമവാക്യത്തിലെ 'മൂളി' എന്ന ക്രിയയിലാണു് അന്വയിക്കുന്നതു്; അതു്, ക്രിയയെ വിശേഷിപ്പിക്കുകയാണു്. ഒരു ഭേദകത്തിനൊപ്പം അതു വ്യാപരിക്കുന്നു. ഭേദകത്തിനു സദൃശമായി നില്ക്കുന്ന അധീനവാക്യം **ഭേദകവാക്യ**മാകുന്നു. കാററു ഊതിയപ്പോൾ എന്ന അധീനവാക്യം ഒരു ഭേദകവാക്യമെന്നു സ്പഷ്ടം.

അധീനവാക്യങ്ങൾ നാമവാക്യം, ഭേദകവാക്യം

എന്നു് രണ്ടായി തിരിയുന്നു. ഭേദകവാക്യത്തിനു വേറെ ഉദാഹരണം:

| ഭേദകവാക്യം. | പ്രധാനവാക്യം. |
| --- | --- |
| (ക) ചന്ദ്രനുദിച്ചാൽ (വിടരും എന്ന ക്രിയയുടെ വിശേഷണം) | ആമ്പൽപൂ വിടരും. |
| (ഖ) നക്ഷത്രനിര മിന്നിത്തിളങ്ങുന്ന (ആകാശം എന്ന നാമത്തിന്റെ വിശേഷണം) | ആകാശം എത്ര സുന്ദരമാണു്. |

മുകളിലെ ദൃഷ്ടാന്തങ്ങളിൽനിന്നു് ഭേദകവാക്യം ഒരു ക്രിയക്കും ഒരു നാമത്തിനും ഒന്നുപോലെ വിശേഷണമായി വരുമെന്നു വെളിവായി. ക്രിയക്കു വിശേഷണമായാൽ ക്രിയാവിശേഷണവാക്യവും, നാമത്തിനു വിശേഷണമായാൽ നാമവിശേഷണവാക്യവും എന്നു പറയണം.

ഒ. പുരാണങ്ങൾ പകുത്തു ഒരു മഹർഷി പതിനെട്ടെണ്ണമാക്കി; അദ്ദേഹത്തിനു്, അതിനാൽ, പുരാണവ്യാസനെന്നൊരു പേരുണ്ടായി.

രണ്ടു വാക്യങ്ങളാണു് ഇവിടെ സംയോജിച്ചു കാണുന്നതു്. ഒന്നു മറ്റൊന്നിന്റെ അധീനവാക്യമല്ലാത്തതുകൊണ്ടു് ഈ യോഗത്തിനു സങ്കീർണ്ണകമെന്നു

പറയുവാൻ വയ്യ. രണ്ടും, പൂർണ്ണക്രിയയിൽ അവസാനിക്കുന്നു. അവകൾ പ്രാധാന്യം ഒരുപോലെയാണ്; ഓരോന്നും സ്വാതന്ത്ര്യമായി നില്ക്കുന്നു. എന്നാൽ ഈ നില ത്രുപത്തിലേയുള്ളു. അർത്ഥംകൊണ്ട് ഇരുവാക്യവും അസ്വാതന്ത്ര്യവും സ്വാതന്ത്ര്യവും എന്ന മട്ടിൽ അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നു. ആ ബന്ധത്തെയാണ്, 'അതിനാൽ' എന്ന ശബ്ദം സൂചിപ്പിക്കുന്നത്. ഈ മാതിരി അന്യോന്യം അധീനമാകാത്ത ഒന്നിലധികം വാക്യങ്ങൾ ഒരുമിച്ചു ചേരുന്നതിനു യൗഗികവാക്യം അല്ലെങ്കിൽ **മഹാവാക്യം** എന്നു പേർ.

ധർമ്മപുത്രർ ചൂതിൽ തോല്ക്കുകയും, പണയം വെച്ച രാജ്യം ദുര്യോധനൻ കൈവശപ്പെടുത്തുകയും ചെയ്തു.

ധർമ്മപുത്രർ ചൂതിൽ തോററു. പണയംവെച്ച രാജ്യം ദുര്യോധനൻ കൈവശപ്പെടുത്തി. എന്നീ രണ്ടു സ്വാതന്ത്ര്യവാക്യങ്ങൾ ഒരുമിച്ചു ചേർന്നിട്ടുള്ളതുകൊണ്ട് ഇതും ഒരു മഹാവാക്യമാകുന്നു.

വേറെ ഉദാഹരണം:

(ക) ജ്യേഷ്ഠൻെറ കല്പനയാൽ ലക്ഷ്മണൻ സീതയെ വനത്തിൽ ഉപേക്ഷിച്ചു; ഉടനെ വാൽമീകി ദേവിയെ ആശ്രമത്തിലേക്കു കൂട്ടിക്കൊണ്ടുപോയി.

(ഖ) വസന്തം തരുവല്ലികളിൽ അതിൻെറ സൌന്ദര്യത്തെ നൃത്തമാടിച്ചു; പക്ഷെ, അല്ലൽ അലച്ചു

കേറിയിരുന്ന മനസ്സിന്ന് ഒരുല്ലാസവും അനുഭവപ്പെട്ടില്ല.

(ഗ) ധനികൻ സുഖത്തിൽ ഗവിക്കുകയും ദരിദ്രൻ ദുഃഖത്തിൽ നിരാശപ്പെടുകയും അരുതു്.

൩. ഒരു മഹാവാക്യത്തിലെ ഉപവാക്യങ്ങളെ വേർതിരിക്കുവാൻവേണ്ടി രോധിനിക്കു പുറമെ ( ; _ ക, ഖ ) ', ' ഇങ്ങിനെ ഒരു ചിഹ്നംകൂടി ഉപയോഗിക്കാറുണ്ടു്. ഗ എന്ന ഉദാഹരണവാക്യം നോക്കുക. ഇതിന്നു് അങ്കുശം അല്ലെങ്കിൽ അല്പവിരാമമെന്നാണു് സംജ്ഞ. വായിച്ചു പോകുമ്പോൾ സ്വരത്തിന്നു് അല്പമായ ഒരു വിരാമം (നിൎത്തൽ) വരുത്തേണമെന്നാണു് ഈ സങ്കേതത്തിൻെറ താല്പൎയ്യം. സങ്കീൎണ്ണവാക്യങ്ങളിലും, ചൂൎണ്ണികകളിൽതന്നേയും ഈ ചിഹ്നനം ആവശ്യമായി തീരും. മുകളിലെ ദൃഷ്ടാന്തങ്ങളിൽനിന്നു് ഉപവാക്യങ്ങളുടെ ഒടുവിൽ മാത്രമല്ല, വാക്കുകളെ അവക്കു പിമ്പിലുള്ളവയോടു ചേൎക്കാതെ നിൎത്തിയുച്ചരിക്കേണ്ട സ്ഥലത്തും അങ്കുശമിട്ടിട്ടുണ്ടെന്നറിക.

---

## പരിശീലനം ൨൨.

൧. അധീനവാക്യവും, പ്രധാനവാക്യവുമായി പിരിച്ചു, അധീനവാക്യം ഓരോന്നും നാമവാക്യം,

ഭേദകവാക്യം ഇവയിൽ ഏതേതിനത്തിൽ പെടുന്നു വെന്നു നിൎണ്ണയിക്കുക :

(ക) അമ്മ പാട്ടുപാടിയപ്പോൾ കുട്ടി കരച്ചൽ നിൎത്തി.

(ഖ) മരുന്നുസേവിച്ചെങ്കിലും ദീനം ഭേദമായില്ല.

(ഗ) ധൎമ്മം ജെയിക്കുമെന്നു ശാസ്ത്രം ഘോഷിക്കുന്നുണ്ടു്.

(ഘ) സുഖവും ദുഃഖവും അനുഭവപ്പെടുന്നതു്, നമ്മുടെ മനസ്സിൻെറ ഗതിയെ ആശ്രയിച്ചിരിക്കുന്നു വെന്നു് ബുദ്ധിമാന്മാൎക്കറിയാം.

(ങ) ആകാശത്തൂടെ പറന്നുകൊണ്ടിരുന്ന വിമാനം വൎഷിച്ചതായ ബോമ്പുകൾ നിരവധി നിരപരാധികളെ കൊന്നൊടുക്കുകയുണ്ടായി.

(ച) മഴവില്ലു കണ്ടാൽ അടുത്തുതന്നെ മഴയുണ്ടാകുമെന്നു ആളുകൾ വിശ്വസിച്ചുവരുന്നു.

(ഛ) സോദരസ്നേഹം എത്രതന്നെ വന്നുതടുത്തിട്ടും, ദേവകിയുടെ അഷ്ടമപുത്രൻ തൻെറ കാലനാകുമെന്നു അശരീരി കേൾക്കുകയാൽ, കംസൻ കോപിച്ചു ദേവിയെ കൊല്ലുവാൻ മുതിൎന്നു.

൨. ഉപവാക്യങ്ങളായി തിരിച്ചു സങ്കീൎണ്ണകവാക്യമോ, മഹാവാക്യമോ എന്നു പറയുക :

(ക) സ്വൎഗ്ഗം സുഖത്തിൻെറ പൂവനികയും, നരകം ദുഃഖത്തിൻെറ മരുഭൂമിയുമത്രെ.

(ഖ) ഞാൻ അങ്ങയെ ക്ഷണിക്കുവാനാണു് വന്നതു് ; അതുകൊണ്ടു അങ്ങു വേഗം പുറപ്പെടണം.

(ഗ) കാക്ക കുളിച്ചു നോക്കി; എന്നാലും, കൊക്കാകു വാൻ അതിനെക്കൊണ്ടു കഴിഞ്ഞില്ല.

(ഘ) ശ്രീരാമനും, ലക്ഷ്മണനും സീതാദേവിയോടുകൂടെ വനവാസത്തിന്നായി പുറപ്പെട്ടു.

## ഇരുപത്തിമൂന്നാമദ്ധ്യായം.

### കത്ത്.

൧. അന്യദിക്കിൽ താമസിക്കുന്ന ബന്ധുക്കൾക്കും സ്നേഹിതന്മാൎക്കും മററും ആളുകൾ കത്തയക്കാറുണ്ടല്ലോ. കത്തു മുഖേന ഓരോരുത്തരും അന്യോന്യം മനോഗതങ്ങളറിയിക്കുന്നു. ഒരു കത്തിൽ, അതയക്കുന്ന ആളുടെ മനോഗതമാകുന്നു പ്രകാശിക്കുന്നതു്. എന്നിരുന്നാലും, ശരീരത്തിനു കൈകാലുകൾ എന്നവണ്ണം കത്തിനും, പരിപൂൎണ്ണത വരുവാൻ ചില അംഗവിധാനങ്ങളെല്ലാം ആവശ്യമാണു്.

ഒന്നാമതായി കടലാസിനു മുകളിൽ വലത്തുഭാഗത്തേക്കു നീക്കി, ഏതാണ്ടു ഒന്നുരണ്ടു വിരൽക്കു താഴെ സ്ഥലവും, തിയതി, മാസം, ആണ്ടു് ഇവയും എഴുതണം. സ്ഥലം മേലും, തിയതി തുടങ്ങിയവ കീഴുമായി എഴുതുകയാണു് ഉചിതം. സ്ഥലവും കാലവുമിങ്ങനെ മുകളിലല്ലാതെ ചുവട്ടിൽ, എഴുതേണ്ട

തെല്ലാം എഴുതികഴിഞ്ഞതിൽപിന്നെ, ഇടത്തുഭാഗത്തായിട്ടും ചേക്കുന്ന സമ്പ്രദായമുണ്ട്. എല്ലാ എഴുത്തിലും, ശുഭസൂചകമായി, കടലാസ്സിന്റെ മുകളിൽ രണ്ടുവിരൽ ഇറക്കി നടുവിലായിട്ടു 'ശ്രീ' എന്നു് എഴുതുന്നതു് നന്നു്. പ്രായേണ എഴുത്തയക്കുന്നവർ ആരും ഈ രീതി ഉപേക്ഷിക്കുന്ന പതിവില്ല. ഇനി ചെയ്യേണ്ടതു്, ആക്കു കത്തയക്കുന്നുവോ ആ ആളെ ഉദ്ദേശിച്ചുള്ള ഒരു സംബോധന, 'ശ്രീ'യ്ക്കു ഇടത്തെ അററമായിട്ടു ചുവട്ടിൽ, ചേക്കുകയാണു്. ഇതുദ്ദയമായാൽ പിന്നെ എഴുതാനുള്ള വിവരം എഴുതി തുടങ്ങാം. സംബോധനക്കു പിറകിൽ, ശേഷമുള്ളതിനോടു അതിനെ അകററി നിത്തുവാൻവേണ്ടി, അങ്കുശമിടിയിക്കേണ്ടതാണു്.

എഴുതുവാനുള്ള ഓരോ സംഗതിയും ഓരോ പ്രത്യേക ഭാഗമാക്കി കത്തിൽ കാണിക്കുകയാണു് വേണ്ടതു്. സംബോധനക്കു അല്പം ചുവടെ, അതിന്റെ അനുബന്ധമെന്നോണമായിരിക്കണം എഴുത്തു ആരംഭിക്കുക. ഒരു ഭാഗം മുഴുമിച്ചാൽ വരിമാററിയിട്ടാണു് പിന്നത്തെ ഭാഗം എഴുതേണ്ടതു്. രണ്ടിനേയും വേർതിരിക്കുകയാണു് ഇതിന്റെ ഉദ്ദേശ്യം. വരി മാററി എഴുതുമ്പോഠം രണ്ടു മൂന്നക്ഷരത്തിനുള്ള സ്ഥലം വിട്ടു വലത്തോട്ടു തള്ളിയേ എഴുതി തുടങ്ങാവൂ. അച്ഛൻ മുതലായ ഗുരുജനങ്ങഠംക്കാണു് എഴുതുന്നതെങ്കിൽ സംബോധനക്കുശേഷം, ആദ്യത്തെ വരിയുടെ ആരംഭ

ത്തിൽതന്നെ, 'അങ്ങയ്ക്കു നമസ്കാരം' എന്നോ മറേറാ ആദരത്തെ സൂചിപ്പിക്കുവാൻ വല്ലതും എഴുതി ചേക്കുന്നതു് അഭിലഷണീയമാകുന്നു.

എല്ലാം എഴുതി തീൎന്നാൽ, അടിയിൽ വലത്തു ഭാഗത്തായി എഴുതുന്ന ആൾ പേരെഴുതി ഒപ്പിടേണ്ടതാകുന്നു. പേരിൻെറ മുമ്പിൽ സ്വന്തം, വിനീതൻ, വിധേയൻ, സ്നേഹിതൻ, വിശ്വസ്തൻ തുടങ്ങിയവയിൽ ഏതെങ്കിലും ഒരു പദം വിശേഷണത്തിൻെറ മട്ടിൽ യഥോചിതം ചേക്കുന്ന നടപ്പുണ്ടു്.

വ. മാതൃകക്കായി ഒരു കത്തു ചുവടെ കാണിച്ചിരിക്കുന്നു.

പള്ളിപ്പുറം,
൨൫—൭—'൧൧൨൨.

ശ്രീ.

മാന്യസുഹൃത്തേ,

ആറുമാസത്തിലപ്പുറമായി ഞാൻ താങ്കളെ നേരിൽ കണ്ടിട്ടു്. നാം കൂട്ടരൊരുമിച്ചു സ്കൂളിലേയ്ക്കു പോകുന്നതും, വഴിയിൽ ഓരോ നേരമ്പോക്കുകൾ പറഞ്ഞു ചിരിക്കുന്നതും ഉല്ലസിക്കുന്നതുമൊക്കെ എനിക്കിന്നും കൺമുമ്പിൽ പെരുമാറുന്നതായി തോന്നുന്നു. എത്ര ആനന്ദമയമായ കാലമായിരുന്നു അതു് !

താങ്കൾ ആ ആനന്ദത്തിൻെറ മധുരതയിൽതന്നെ ഇന്നും ജീവിക്കുന്നുണ്ടാവും. ദരിദ്രത എന്നെ

നിദ്ദ്രയം നീക്കി നിൎത്തി. എൻെറ ഇരുകൈകളും ഇ ന്നിതാ, ഈ ഇരുട്ടത്തു്, പ്രകാശത്തിൽ തിളങ്ങിക്കണ്ടേ ഓരോ സുഖത്തേയും തപ്പിപ്പിടിക്കുവാൻ വെറുതെ കിടന്നു വെമ്പുന്നു. കഷ്ടം! പകലും രാവും സൃഷ്ടിച്ച ദൈവത്തിനു, എൻെറ പ്രഭാതം മദ്ധ്യാഹ്നത്തിലേക്കു കടക്കുവാൻ മുതിൎന്നതിനെ തടയുവാനാണല്ലോ തോ ന്നിയതു്.

പഠിപ്പു പൂൎത്തിയാക്കുവാനാകാതെ നാട്ടും വീട്ടും വെടിഞ്ഞു ഞാൻ വല്ല ജോലിയും അന്വേഷിച്ചുകൊ ണ്ടിരിക്കയാണു്. ഏതെങ്കിലുംവിധം ആശ സാധി ച്ചുകൂടിയാലുടനെ വിവരത്തിനു എഴുതി അയക്കാം. ഓൎമ്മ വിട്ടുപോകാതിരിക്കുവാൻ അപേക്ഷയുണ്ടു്.

എന്നു സ്നേഹിതൻ, വിശ്വം. (ഒപ്പ്)

ന. ഈ എഴുത്തിൽ മൂന്നു ഭാഗങ്ങൾ, മൂന്നു വകുപ്പുകൾ അടങ്ങിയിരിക്കുന്നു. സ്മരണ, തല്ക്കാല സ്ഥിതി, പരിശ്രമം എന്ന ഓരോ സംഗതിയും ഓരോ ന്നിലും പെടുത്തിയിരിക്കയാണെന്നു കാണുക.

സംബോധന എഴുതുന്ന ആളും, എഴുത്തു വായി ക്കേണ്ട ആളും തങ്ങളിലുള്ള ബന്ധത്തെ ആസ്പദിച്ചാ യിരിക്കണം. പ്രിയ മിത്രമേ, പ്രിയപ്പെട്ട സ്നേഹിത, മിത്രമേ, മാന്യ മിത്രമേ, പ്രിയ സഹോദര, സുഹൃത്തേ മുതലായ രൂപങ്ങളിലൊന്നു സ്നേഹിതന്മാൎക്കും, ഗുരോ, പൂജ്യനായ പിതാവേ, പ്രിയ ജ്യേഷ്ഠ, വന്ദ്യ ഗുരോ,

പ്രിയ മാതുല തുടങ്ങിയവയിലൊന്നു ഗുരുജനങ്ങൾക്കും, മാന്യരെ, ശ്രീമൻ എന്നിവയിലൊന്നു വലിയ മമതാബന്ധമില്ലാത്തവക്കും, ആയുഷ്മൻ, വത്സ എന്നിവയിലൊന്നു നമ്മിൽനിന്നു പ്രായവും അവസ്ഥയുംകൊണ്ടു താണവരും പ്രിയപ്പെട്ടവരുമായവക്കും ചേച്ചപോലെ സംബോധനയായിട്ടു ഉപയോഗിക്കാം.

കത്തടക്കം ചെയ്യുന്ന ലക്കോട്ടിനു പുറമെ മേൽവിലാസം എഴുതി ചേക്കേണ്ടതാകുന്നു. മ. രാ. രാ., രാജശ്രീ, ശ്രീമാൻ, ബ്രഹ്മശ്രീ എന്ന മാതിരിയിൽ ബഹുമാനത്തിൻെറ ഏതെങ്കിലുമൊരു സൂചനകൂടി പേരിൻെറ മുമ്പായി ആവശ്യമാണ്. ഒരു ദൃഷ്ടാന്തം കാണിക്കാം.

മ. രാ. രാ.

സി. ജി. കുമാരപ്പണിക്കർ അവർകൾ,
മനയേഴത്തു വീട്,
ആരഞ്ചിറ,
ചിററിലപ്പിള്ളി.

൪. വിവരം അറിയിക്കുന്ന കത്തു്, വിശേഷത്തിനു ക്ഷണിക്കുന്ന കത്തു്, മറുപടിയായി എഴുതുന്ന കത്തു് ഇങ്ങനെ കത്തുകൾക്കു ചില വിഭാഗം കല്പിക്കാം. വിവരമറിയിക്കുന്നതാണു മുകളിൽ ചേത്തിട്ടുള്ളതു്. ക്ഷണക്കത്തു മററൊരാളുടെ സാന്നിധ്യം ക്ഷണിക്കുന്ന മട്ടിലും, മറുപടിക്കത്തു് മററൊരാളുടെ ജിജ്ഞാസ ശമിപ്പിക്കുന്ന മട്ടിലും ആയിരിക്കുമെന്നേ ഭേദമുള്ളു.

## പരിശീലനം ൨൩.

(ക) നിങ്ങളുടെ നാട്ടിൽ നടന്ന ഒരു സംഭവത്തെകുറിച്ച ദൂരസ്ഥനായ ബന്ധുവിനെ അറിയിക്കുന്ന ഒരു കത്തെഴുതുക.

(ഖ) വീട്ടിൽ നടക്കുവാൻ പോകുന്ന ഒരു വിവാഹത്തിന്നു വേണ്ടപ്പെട്ടവരെ ക്ഷണിക്കുന്നതായ ഒരു കത്തെഴുതുക.

(ഗ) ഒരന്യ സ്കൂളിൽ പഠിക്കുന്ന വിദ്യാൎത്ഥിക്കു്, അവിടുത്തെ വിദ്യാൎത്ഥിസമാജത്തിൻെറ നടത്തിപ്പിനെപററി അറിയിക്കുവാൻ ആവശ്യപ്പെടുന്ന ഒരു കത്തു് എഴുതുക.

(ഘ) അന്യദിക്കിൽ താമസിക്കുന്ന സഹോദരിക്കു, വീട്ടിലെ വിശേഷങ്ങളെ കുറിച്ച വിവരിക്കുന്ന ഒരു മറുപടി എഴുതുക.

സമാപ്തം.

PRINTED AT THE DECCAN PRINTING HOUSE, CALICUT.

335

# പ്രകാശിക

ഒന്നാംഭാഗം

എം. വാസുദേവനുണ്ണിത്താൻ.

Indic Digital Archive Foundation
gpura.org